**നിയമനിർമ്മാണകാര്യം**

## താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

## 1. 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

മി. സ്പീക്കർ: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫ്, അങ്ങേയ്ക്ക് 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച 14-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.

പി. മോഹനൻ): സർ, ഞാൻ  പ്രമേയത്തെ പിന്താങ്ങുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, പ്രവാസി കേരളീയരുടെ ക്ഷേമ നിധിയിലേയ്ക്ക് അംഗത്വം തേടാനുള്ള ഇപ്പോഴത്തെ കുറഞ്ഞ പ്രായം 18 വയസ്സും കൂടിയ പ്രായം 55 വയസ്സുമാണ്. ഉയർന്ന പ്രായപരിധി വർദ്ധിപ്പിക്കണമെന്നത് കേരളത്തിലെ പ്രവാസി സംഘടനകളുടെ ദീർഘകാലമായുള്ള  ആവശ്യമാണ്. ഉയർന്ന പ്രായപരിധി 55 വയസ്സിൽനിന്ന് 60 വയസ്സാക്കാനുള്ള നിർദ്ദേശമാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതനുസരിച്ച് ബിൽ പാസ്സായിക്കഴിഞ്ഞാൽ 60 വയസ്സ് പ്രായമുള്ളവർക്കുവരെ ഈ ക്ഷേമനിധിയിൽ അംഗമാകാൻ സാധിക്കും. ഇന്ന് രാവിലെ ഇവിടെ ശ്രദ്ധക്ഷണിക്കലിൽ പറഞ്ഞതുപോലെ, പ്രവാസികളുടെ ക്ഷേമകാര്യങ്ങൾ കേരളത്തിന് വളരെ പ്രാധാന്യമേറിയ വിഷയമാണ്. കേരളമാണ് ഈ രംഗത്ത് ഏറ്റവും മുൻകൈ എടുത്തിട്ടുള്ളത്. ഇൻഡ്യയിൽ ആദ്യമായി പ്രവാസിക്ഷേമ വകുപ്പ് രൂപീകരിച്ചത് കേരളത്തിലാണ്. അതിനുശേഷമാണ് കേന്ദ്ര ഗവൺമെന്റുപോലും ആ വകുപ്പ് രൂപീകരിക്കുന്നത്. കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നവരാണ് പ്രവാസി സമൂഹം. നമ്മുടെ നാടിന്റെ

ഓരോ മേഖലയിലും കാണുന്ന വമ്പിച്ച പുരോഗതിക്കും വളർച്ചയ്ക്കുമെല്ലാം പ്രധാനകാരണം പ്രവാസികളുടെ വലിയ സംഭാവനയാണ്. പ്രവാസികളിൽ ചെറിയൊരു ശതമാനം ആളുകളാണ് സാമ്പത്തികമായി മെച്ചപ്പെട്ടിട്ടുള്ളത്. വലിയൊരു പങ്ക് ആളുകളും ഗൾഫിൽ ഏറ്റവും പ്രയാസപൂർണ്ണമായ സാഹചര്യങ്ങളിൽ ജോലിയെടുക്കുന്നവരാണ്. അവിടത്തെ ജോലി, സേവന വ്യവസ്ഥകളെല്ലാം വലിയ പ്രയാസമുള്ളതാണ്. പലപ്പോഴും അവർ കബളിപ്പിക്കപ്പെടുന്നു. അങ്ങനെയുള്ള പ്രവാസികളുടെ ക്ഷേമകാര്യങ്ങളിൽ ഇന്ന് സംസ്ഥാന ഗവൺമെന്റ് വ്യത്യസ്തമായ പദ്ധതികളിലൂടെ നടപടി സ്വീകരിക്കുന്നുണ്ട്. ഇവിടെ 2009-ൽ ആണ് ആദ്യമായി പ്രവാസി ക്ഷേമപദ്ധതി നടപ്പിലാക്കിയത്. 2011-ൽ ഈ ഗവൺമെന്റിന്റെ കാലംവരെ ആകെ 61,000 പേർ ക്ഷേമനിധിയിൽ അംഗങ്ങളായിരുന്നു. 2015-ൽ 1,43,486 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ഇത് വളരെ ചെറിയ സംഖ്യയാണ്. പ്രവാസികളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ അംഗസംഖ്യ പരിമിതമാണ്. അതുകൊണ്ടുതന്നെ പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലെ വ്യത്യസ്തമായ പ്രവാസി സംഘടനകളുമായി സഹകരിച്ചുകൊണ്ട് സമഗ്രമായ ഒരു ക്യാമ്പയിനിലൂടെ ക്ഷേമപദ്ധതിയിലേയ്ക്ക് അംഗങ്ങളെ ചേർക്കുന്നതിനുള്ള പരിപാടി ആരംഭിച്ചിരിക്കുകയാണ്. തീർച്ചയായും എല്ലാ പ്രവാസികൾക്കും ഈ

ക്ഷേമനിധിയിൽ പങ്കാളിത്തമുണ്ടാകണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

പ്രവാസി ക്ഷേമനിധിയിൽ നാല് തരത്തിലുള്ള മെമ്പർഷിപ്പുകളുണ്ട്. 1) ഇപ്പോഴും വിദേശത്ത് താമസിക്കുന്ന പ്രവാസി മലയാളികൾ. 2) മടങ്ങി വന്ന ആളുകൾ. 3) കേരളത്തിന്റെ പുറത്ത് ഇൻഡ്യയ്ക്കകത്ത് താമസിക്കുന്ന പ്രവാസി മലയാളികൾ. 4) കൽപ്പിത അംഗങ്ങൾ. വിദേശങ്ങളിൽ താമസിക്കുന്ന പ്രവാസി മലയാളികൾക്ക് ക്ഷേമനിധിയിൽ അംഗമാകുന്നതിന് പ്രതിമാസം ഏതാണ്ട് 300 രൂപയാണ് അംശദായമായി നിശ്ചയിച്ചിട്ടുള്ളത്. അഞ്ച് കൊല്ലം അംശദായം അടച്ചുകഴിഞ്ഞാൽ അവർക്ക് 1,000 രൂപ പ്രതിമാസ പെൻഷൻ കൊടുക്കുന്നു. ഈ പെൻഷൻ പദ്ധതി ആരംഭിച്ചു. 2014 മുതൽ പെൻഷൻ കൊടുത്തു തുടങ്ങി. ഒന്നാം ഘട്ടമായി 986 പേർക്ക് പെൻഷൻ കൊടുത്തു തുടങ്ങിയിട്ടുണ്ട്. അതിനുവേണ്ടി ഏതാണ്ട് 54,35,600 രൂപ ചെലവഴിച്ചുകഴിഞ്ഞു. അംശദായമായി ലഭിക്കുന്ന തുകയുടെ രണ്ട് ശതമാനമാണ് ഗവൺമെന്റ് കോൺട്രിബ്യൂഷൻ എന്നതാണ് നാം നേരിടുന്ന വലിയൊരു പ്രയാസം. വളരെ നാമമാത്രമായ സംഖ്യയാണിത്. പദ്ധതിയിൽ അംഗങ്ങളെ ചേർത്ത് വിപുലപ്പെടുത്തിക്കഴിയുമ്പോൾ അംശദായമായി ലഭിക്കുന്ന സംഖ്യകൊണ്ടോ സംസ്ഥാന ഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻ കൊണ്ടോ പെൻഷൻ കൊടുക്കാൻ സാധ്യമാകാത്ത അവസ്ഥ വരും.

അതുകൊണ്ടുതന്നെ മറ്റ് വരുമാന മാർഗ്ഗം തേടാൻ ഗവൺമെന്റ് നിർബന്ധിതമാകുന്നു. ഇവിടെ അംഗമായി ചേരുന്ന ഓരോ പ്രവാസി മലയാളികൾക്കും പെൻഷൻ കൊടുക്കുന്നുണ്ട്. കൂടാതെ കുടുംബ പെൻഷൻ, അവശതാ പെൻഷൻ, മരണാനന്തര സഹായം, ചികിത്സാ സഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ് എന്നിങ്ങനെ വ്യത്യസ്തമായ സഹായങ്ങൾ നൽകുന്നുണ്ട്. 2015 ജൂലൈ മാസം വരെ മരണാനന്തര സഹായമായി 336 പേർക്ക് 1,04,30,000 രൂപയും ചികിത്സാ സഹായമായി 265 പേർക്ക് 34,05,274 രൂപയും നൽകിക്കഴിഞ്ഞു. വിവാഹ ധനസഹായമായി 259 പേർക്ക് 16,00,000 രൂപ അനുവദിച്ചിട്ടുണ്ട്. പ്രവാസി ക്ഷേമപദ്ധതിയെ കൂടുതൽ ആകർഷകമാക്കി അംഗങ്ങളെ വർദ്ധിപ്പിക്കുന്നതിന് സർക്കാർ ആഗ്രഹിക്കുന്നുണ്ട്. ഈ പദ്ധതി വിജയിപ്പിക്കുന്നതിനായി എല്ലാവരുടെയും സഹകരണം ആവശ്യമാണ്. ഗൾഫിലെ പ്രവാസി സംഘടനകളുടെ സഹായം ലഭിക്കുന്നുണ്ട്. പ്രായത്തിന്റെ വർദ്ധനവ് സംബന്ധിച്ചുള്ള കാര്യം അവർ ദീർഘകാലമായി ഉന്നയിക്കുന്നതാണ്. അത് സഭ അംഗീകരിച്ചു കഴിഞ്ഞാൽ തീർച്ചായും നമുക്ക് കുറച്ചുകൂടി വിപുലമായ രീതിയിൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് അപേക്ഷിക്കുകയാണ്.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ

(ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.12.2015-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ പ്രവാസികൾക്കുവേണ്ടി ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങളും അതുപോലെ അവരുടെ എല്ലാ കാര്യങ്ങളിലും ശ്രദ്ധപതിപ്പിക്കുന്ന ഒരു ഗവൺമെന്റാണ് ഈ സംസ്ഥാനം ഭരിക്കുന്നത്. ഈ നിയമത്തിലെ ഒരു ചെറിയ ഭേദഗതിയാണിത്. എന്നാൽ എൻ. ആർ. ഐ. കമ്മീഷൻ നടപ്പിലാക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി, ഈ നിയമസഭാ സമ്മേളനത്തിൽ തന്നെ മറ്റൊരു ബില്ല് വരും എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതെല്ലാം സൂചിപ്പിക്കുന്നത് ഞാൻ നേരത്തെ പറഞ്ഞതുപോലെ പ്രവാസികളോടുള്ള താൽപ്പര്യമാണ്. കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ ഏറ്റവും വലിയ ചാലകശക്തിയാണ് പ്രവാസി മലയാളികൾ. ഏറ്റവും അവസാനം കിട്ടിയ വിവരമനുസരിച്ച് നമ്മുടെ ബാങ്ക് ഡിപ്പോസിറ്റിൽ ഇന്ന് 1,17,349 കോടി രൂപയാണ് വിവിധ ബാങ്കുകളിൽ പ്രവാസികളുടെ നിക്ഷേപമായുള്ളത്. ഒരു പക്ഷേ കേരളത്തിന്റെ ബാങ്ക് ഡിപ്പോസിറ്റിന്റെ 50% ലേറെ പ്രവാസികളുടെ

നിക്ഷേപമായിരിക്കും. ഇതിനുപുറമേ പ്രമുഖരായ കേരളീയർ നടത്തുന്ന നിക്ഷേപങ്ങളിലൂടെയും അതുപോലെ മറ്റ് പരിപാടികളിലൂടെയും, ഒട്ടേറെ തൊഴിലവസരങ്ങൾ സ്വദേശത്തും വിദേശത്തും സൃഷ്ടിക്കുന്നതിന് പ്രവാസികൾ നമ്മളെ സഹായിക്കുന്നുണ്ട്. കേരളത്തിൽ ഇന്നു കാണുന്ന സാമ്പത്തിക ഭദ്രതയ്ക്കും വളർച്ചയ്ക്കും ഏറ്റവും കൂടുതൽ സഹായം നൽകുന്നതും നമ്മൾ ആശ്രയിക്കുന്നതും പ്രവാസി മലയാളികളെയാണ്. പ്രവാസികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഏറ്റെടുക്കുന്ന ഏത് പരിപാടികളും അവർക്ക് അർഹതപ്പെട്ടതാണ്. ഒരു ക്വാസി ഗവൺമെന്റ്/ക്വാസി ജൂഡീഷ്യറി അധികാരത്തോടുകൂടി എൻ. ആർ. ഐ. കമ്മീഷൻ ഉൾപ്പെടെയുള്ള കമ്മീഷനുകൾ രൂപീകരിച്ച് പ്രവാസികളെ ഇന്ന് ബാധിക്കുന്ന, അവർ നേരിടുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ മാത്രമല്ല നമ്മുടെ ഗവൺമെന്റിനേയും സമൂഹത്തേയും ബാധിക്കുന്നത്. ഏറ്റവും കൂടുതൽ പ്രവാസികൾ കേരളത്തിൽ നിന്നും മറ്റു രാജ്യങ്ങളിൽ താമസിക്കുന്നതുകൊണ്ടും, കേരളത്തിന്

പുറത്ത് മറ്റു സംസ്ഥാനങ്ങളിൽ താമസിക്കുന്നതുകൊണ്ടും, ഇൻഡ്യക്കകത്ത് ഏതെങ്കിലുമൊരു സംസ്ഥാനത്ത് ഒരു പ്രശ്നമുണ്ടായാൽ അത് നമ്മളെ ബാധിക്കും. ഗൾഫ് രാജ്യങ്ങളിലും അതുപോലെ മലയാളികൾ താമസിക്കുന്ന മറ്റു രാജ്യങ്ങളിലും ഉണ്ടാകുന്ന ആഭ്യന്തര നയങ്ങളും നിയമനിർമ്മാണവുമൊക്കെ കേരളത്തെ വളരെയധികം ബാധിക്കുന്നുണ്ട്. ഈ സമയത്തെല്ലാം ഗവൺമെന്റ് കാണിക്കുന്ന ശുഷ്കാന്തിയും, ഇടപെടലുമെല്ലാം വളരെയേറെ പ്രശംസ നൽകുന്നതാണ്. പ്രവാസികൾക്കു വേണ്ടി ഒരു വകുപ്പ് കേരളത്തിൽ ആദ്യമായി ആരംഭിച്ചത് ബഹുമാന്യനായ എ. കെ. ആന്റണി കേരളത്തിന്റെ മുഖ്യമന്ത്രി ആയിരുന്നപ്പോഴാണ്. ആദ്യമായി ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തത് ശ്രീ. എം. എം. ഹസ്സനാണ്. അതിനുശേഷം വന്ന എല്ലാ ഗവൺമെന്റുകളും ഈ രംഗത്ത് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. കേന്ദ്രത്തിൽ ഇതിനുവേണ്ടി പ്രത്യേക വകുപ്പുണ്ട്. ശ്രീ. വയലാർ രവിയെപ്പോലെയുള്ള നമ്മുടെ എം.പി. മാർതന്നെ ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തിട്ടുള്ളതാണ്. അതിനാൽ മലയാളികളായ പ്രവാസികൾക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്തു കൊടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെന്ന് വളരെ സംതൃപ്തിയോടുകൂടി

ഓർക്കാൻ കഴിയും. ഈ അടുത്ത കാലത്തുണ്ടായ ചില കാര്യങ്ങളിൽ ബഹുമാന്യനായ കെ. സി. ജോസഫിന്റെ നേതൃത്വത്തിലുള്ള ഡിപ്പാർട്ടുമെന്റും അദ്ദേഹത്തിനോട് ബന്ധപ്പെട്ട് നിൽക്കുന്ന ഉദ്യോഗസ്ഥരും ബഹുമാന്യനായ മുഖ്യമന്ത്രിയും എടുത്ത നടപടികളും ഇടപെടലുകളും പ്രവാസി മലയാളികൾക്ക് ഒട്ടേറെ ആശ്വാസം ഉണ്ടാക്കിയിട്ടുണ്ട്. ലിബിയ, ഇറാക്ക്, യെമൻ തുടങ്ങിയ രാജ്യങ്ങളിലെ ആഭ്യന്തര സംഘർഷ മേഖലകളിൽ കഴിഞ്ഞിരുന്ന ആളുകളെ കേരളത്തിൽ എത്തിക്കുന്നതിനും, നേപ്പാളിലുണ്ടായ ആഭ്യന്തര പ്രശ്നങ്ങളിൽ കുടുങ്ങിയ മലയാളികളെ നമ്മുടെ സംസ്ഥാനത്ത് എത്തിക്കുന്നതിനുമായി എടുത്ത നടപടികൾ, രാഷ്ട്രീയ പാർട്ടികളെ മാത്രമല്ല, കേരളീയ സമൂഹത്തിന്റെ പൊതുവേയുള്ള അഭിപ്രായത്തിനും അഭിനന്ദനത്തിനും ഇടവന്നിട്ടുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രിയും, ശ്രീ. കെ. സി. ജോസഫും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ആ സമയത്ത് ഡൽഹിയിൽ പോകാനും, വിദേശകാര്യ മന്ത്രിയേയും പ്രധാനമന്ത്രിയേയും കാണുന്നതിനും, ആ കാര്യത്തിൽ നമ്മുടെ നേതാക്കന്മാരുമെടുത്ത നടപടികൾമൂലം ലിബിയയിലും ഇറാക്കിലുമൊക്കെ കുടുങ്ങിപ്പോയ പ്രവാസി മലയാളികളെ സുരക്ഷിതരായി കേരളത്തിൽ

എത്തിക്കുന്നതിന് സാധിച്ചു. കേരളത്തിലെ ഭരണകൂടത്തേയും കേരളീയ സമൂഹത്തേയും സംബന്ധിച്ചിടത്തോളം കേരളത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ മാത്രമല്ല, വിദേശ മലയാളികൾ തിങ്ങിപ്പാർക്കുന്ന പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ ഇന്ന് ഭരണതലത്തിലും സാമ്പത്തികരംഗത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ, ക്രൂഡോയിലിന്റെ വില ഇടിയുന്നതുമൂലമുണ്ടാകുന്ന സാമ്പത്തിക തകർച്ചകളും ബുദ്ധിമുട്ടുകളും വളരെയധികം ദീർഘവീക്ഷണത്തോടുകൂടി കാണാനും അതിന് പരിഹാരമുണ്ടാക്കാനും നമ്മുടെ വകുപ്പും, സംസ്ഥാന ഗവൺമെന്റും തയ്യാറാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നഴ്സുമാർ പലപ്പോഴും ചൂഷണത്തിന് വിധേയരാകുന്നു. കേരളം പോലുള്ള ഒരു സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ ഒട്ടേറെ ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കാതെ വരുന്ന സാഹചര്യത്തിലാണ് പലരും വിദേശത്തേക്ക് പോകാൻ തയ്യാറായത്. അങ്ങനെ വിദേശത്തേക്ക് പോകാൻ തയ്യാറാകുന്ന പലരും പലപ്പോഴും ചൂഷണത്തിന് വിധേയരാകാറുണ്ട്. ഇവിടുത്തെ റിക്രൂട്ട്മെന്റ് ഏജൻസികൾ പലപ്പോഴും വേണ്ടത്ര റിക്കാർഡുകളില്ലാതെ വിസയിൽ കൃത്രിമം കാണിച്ച് നഴ്സുമാരേയും അതുപോലെ മറ്റ് തലത്തിലുള്ള ആൾക്കാരേയും വിദേശത്ത് കൊണ്ടുപോവുകയും അവിടെ അവർ കബളിപ്പിക്കപ്പെട്ട് തിരികെ വരാൻ

പോലും കഴിയാതെ സാമ്പത്തിക പരാധീനതകളും, ബുദ്ധിമുട്ടുകളും അനുഭവിക്കുന്ന ഒട്ടേറെ അനുഭവങ്ങൾ നമുക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്; നമ്മുടെ പൊതുജീവിതത്തിൽ അത്തരം പ്രശ്നങ്ങളിൽ ഇടപെടേണ്ടി വരുന്ന അവസരം കിട്ടിയിട്ടുണ്ട്. അതിലും നമ്മുടെ സംസ്ഥാന ഗവൺമെന്റ് എടുത്തിരിക്കുന്ന നടപടികൾ വളരെയധികം പ്രശംസ ഏറ്റുവാങ്ങിയിട്ടുള്ളതാണ്. വിദേശ നേഴ്സിംഗ് റിക്രൂട്ട്മെന്റ് രംഗത്ത് അമിത സർവ്വീസ് ചാർജ്ജും, തൊഴിൽ തട്ടിപ്പും, ചൂഷണവും കേന്ദ്ര പ്രവാസികാര്യ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന സാഹചര്യത്തിൽ, ഇൻഡ്യൻ നഴ്സുമാരുടെ റിക്രൂട്ട്മെന്റ് സംസ്ഥാന സർക്കാർ ഏജൻസികളായ നോർക്ക റൂട്ട്സ്, ഒ.ഡി.ഇ.പി.സി., അതുപോലെ തമിഴ്നാട് സർക്കാരിന്റെ കീഴിലുള്ള ഓവർസീസ് മാൻപവർ കോർപ്പറേഷൻ എന്നിവ മാത്രമായി പരിമിതപ്പെടുത്തി കേന്ദ്ര ഗവൺമെന്റ് ഉത്തരവിറക്കി. കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് അത്തരത്തിലുള്ള ഒരു ഉത്തരവ് പോലും നടപ്പാക്കുന്നതിനുവേണ്ടി, അതിനുവേണ്ടിയുള്ള നിയമനിർമ്മാണം നടപ്പിലാക്കുന്നതിന് വേണ്ടി ഏറ്റവും കൂടുതൽ പരിശ്രമിച്ചത് കേരള സർക്കാരും നമ്മുടെ മുഖ്യമന്ത്രിയും അതുപോലെ ശ്രീ. കെ. സി. ജോസഫും മറ്റു

ഉദ്യോഗസ്ഥൻമാരുമാണ്. അതിന്റെ പ്രയോജനം കേരളീയർക്കു മാത്രമല്ല, തമിഴ്നാട് പോലെയുള്ള പ്രദേശങ്ങളിൽ നിന്നും, ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തേക്ക് പോയിരിക്കുന്ന നമ്മുടെ നഴ്സുമാർക്കും, കബളിക്കപ്പെട്ടുകൊണ്ടിരുന്ന ഒരു സമൂഹത്തിനും ഈ കാര്യത്തിൽ വളരെയധികം അനുഗ്രഹമുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ അടുത്ത കാലത്ത് ഗവൺമെന്റ് നടപ്പിലാക്കിയ ചില പരിപാടികളെക്കുറിച്ച് സൂചിപ്പിച്ചു. അടുത്ത കാലത്ത് ഗവൺമെന്റ് നടപ്പാക്കിയ ചില പദ്ധതികളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിലൊന്ന് 'സാന്ത്വനം' പദ്ധതിയാണ്. വിദേശത്ത് ജോലി ചെയ്ത് മടങ്ങുന്ന നിക്ഷരരായ പ്രവാസി കുടുംബങ്ങളെ സാമ്പത്തികമായി സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കിവരുന്ന നോർക്ക വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയാണ് സാന്ത്വനം പദ്ധതി. ആ പദ്ധതിയിലൂടെ നമുക്ക് ഒട്ടേറെ ധനസഹായങ്ങൾ മത്രമല്ല, വിവാഹധനസഹായം, വീൽ ചെയർ, ക്രച്ചസ് എന്നിവ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായവും അനുവദിച്ചിട്ടുണ്ട്. അതിന്റെ കണക്ക് പരിശോധിച്ചാൽ 2005 - 2006

കാലഘട്ടത്തിൽ **13,22,255** ലക്ഷം രൂപ വിതരണം ചെയ്യേണ്ടിയിരുന്നതെങ്കിൽ ഇന്ന് 2015-2016 ആയപ്പോൾ ഏകദേശം 4 കോടിയിലധികം രൂപ ധനസഹായമായി വിതരണം ചെയ്യാൻ കഴിഞ്ഞു. ഈ രംഗത്ത് വന്ന വർദ്ധനവ് പ്രവാസി രംഗത്തെ സാന്ത്വനം പരിപാടിയിലൂടെ എങ്ങനെ അർഹരായവരെ കണ്ടെത്തി കൊടുക്കാനും ചെലവഴിക്കാനും കഴിയുന്നുവെന്ന് മനസ്സിലാകും. അതുപോലെ തന്നെ മറ്റൊരു പദ്ധതിയാണ് 'കാരുണ്യം' പദ്ധതി. പലപ്പോഴും പൊതുപ്രവർത്തകന്മാരായ നമ്മളും അതുപോലെ തന്നെ ഗവൺമെന്റുമൊക്കെ നേരിടേണ്ടിവന്ന പ്രശ്നം വിദേശത്ത് വച്ച് മരണപ്പെട്ടുപോകുന്ന ആളുകളുടെ മൃതശരീരം നാട്ടിലേയ്ക്ക് എത്തിക്കുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ആയിരുന്നു. ചിലപ്പോൾ ചില ആളുകൾക്ക് ആ മൃതശരീരം ഫ്ലൈറ്റിൽ നാട്ടിലെത്തിക്കുന്നതിനുള്ള സാമ്പത്തികശേഷിയുണ്ടാകില്ല. മാത്രമല്ല അതത് രാജ്യങ്ങളിൽ നിലനിൽക്കുന്ന സാങ്കേതികമായി ഒട്ടേറെ നൂലാമാലകൾ കാരണം അത്തരം തടസ്സങ്ങൾ മാറ്റി മൃതശരീരം നാട്ടിലെത്തിച്ച് സ്വന്തം ബന്ധുക്കൾക്ക് വിട്ട് നൽകുന്നതിൽ കാലതമാസമുണ്ടാകാറുണ്ട്. പക്ഷേ ആ ബുദ്ധിമുട്ട് മനസ്സിലാക്കി കാരുണ്യം പദ്ധതിയിലൂടെ പ്രവാസി മലയാളികളുടെ മൃതശരീരം സ്വന്തം നാട്ടിൽ കൊണ്ട്

വരുന്നതിനുവേണ്ടി കാരുണ്യ ഫണ്ടിൽ നിന്നും ധനസഹായം കൊടുക്കാറുണ്ട്. അതിനനുസരിച്ച് ഒരു പ്രവാസി വിദേശത്ത് വച്ച് മരിക്കുകയാണെങ്കിൽ വിമാനത്തിൽ നാട്ടിൽ കൊണ്ടുവരുന്നതിനും കേരളത്തിന് പുറത്ത് വച്ച് ഒരു മലയാളി മരിക്കുകയാണെങ്കിൽ ആ മൃതശരീരം ട്രെയിനിൽ നാട്ടിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്തുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. നോർക്ക ഡിപ്പാർട്ടുമെന്റ് നേരിടുന്ന മറ്റ് ഒട്ടേറെ പ്രശ്നങ്ങളുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ വിദേശത്ത് ജോലിതേടിപ്പോയ പലർക്കും പഴയതുപോലുള്ള തൊഴിൽ സുരക്ഷിതത്വം ലഭിക്കുന്നില്ല. ആ രാജ്യത്തെ സാമ്പത്തികമായ പ്രശ്നങ്ങൾ, നിലവിൽ വരുന്ന പുതിയ ആഭ്യന്തര നിയമങ്ങൾ ഇവയൊക്കെയാണ്. അതിന് ഉദാഹരണമാണ് ഈ അടുത്ത കാലത്ത് സൗദി അറേബ്യയിൽ നിലവിൽ വന്ന നിതാഖത് നിയമം. ആ നിയമംമൂലം സൗദി അറേബ്യയിൽ ജോലി തേടിപ്പൊയ ഒട്ടേറെ ആളുകൾക്ക് ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടായി. പക്ഷേ അവസരോചിതമായി ആ നിയമം മൂലം സൗദിയിൽ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്ന പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരമുണ്ടാക്കി കൊടുക്കുന്നതിനും അവരുടെ എംബസി മുഖാന്തരം ബന്ധപ്പെട്ട്

അവിടെ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിന് സാധിച്ചു. പലരും പണ്ടത്തെപ്പോലെ ഗൾഫ് ജോലികളിൽ ആകൃഷ്ടരല്ല. പഴയപോലെ അവിടെ തൊഴിലവസരങ്ങൾ ലഭിക്കുന്നില്ല. പല രാജ്യത്തും ഉണ്ടാകുന്ന ആഭ്യന്തര നിയമത്തിന്റെ അടിസ്ഥാനത്തിൽ പല ആളുകളും തിരിച്ചുവരുന്നു. അങ്ങനെ തിരിച്ച് വരുന്ന ആളുകളുടെ റീഹാബിലിറ്റേഷൻ വലിയൊരു പ്രശ്നമാണ്. ആ റീഹാബിലിറ്റേഷനുവേണ്ടിയുള്ള സ്കീംസാണിത്. ജോലി നഷ്ടപ്പെട്ട് തിരിച്ച് വന്ന നഴ്സുമാർക്ക് സർക്കാർ തലത്തിൽ തൊഴിൽ കൊടുക്കാൻ നമ്മുടെ സർക്കാരിന് സാധിക്കില്ല. കാരണം ആരോഗ്യ വകുപ്പുകളിലെ നിയമനങ്ങളെല്ലാം പി.എസ്.സി. വഴിയായതുകൊണ്ട് പി.എസ്.സി. വഴി കൊടുക്കുന്ന ജോലിയുടെ പരിരക്ഷ അവർക്ക് ലഭിക്കാത്തതുകൊണ്ട് പലപ്പോഴും നമുക്ക് ആശ്രയിക്കേണ്ടിവരുന്നത് സ്വകാര്യ ആശുപത്രികളെയാണ്. വളരെ അഭിമാനത്തോടുകൂടി പറയുന്നു, പ്രവാസി മലയാളികളുടെ പ്രശ്നങ്ങളുണ്ടാകുമ്പോൾ ഇവിടെയുള്ള സ്വകാര്യ സ്ഥാപനങ്ങൾ പ്രത്യേകിച്ച് ഇറാക്കിലും ലിബിയയിലുമൊക്കെ കുടുങ്ങിപ്പോയ നമ്മുടെ സഹോദരിമാർ നാട്ടിലേയ്ക്ക് തിരിച്ച് വന്നപ്പോൾ അവരുടെ റീഹാബിലിറ്റേഷൻ പദ്ധതിക്കുവേണ്ടി ഗവൺമെന്റിന് നൽകിയ വാഗ്ദാനങ്ങൾ ഏറ്റെടുത്തുകൊണ്ട്

ഇവിടത്തെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ ആ രംഗത്തേയ്ക്ക് കടന്ന് വന്ന് അവരെ സഹായിക്കുകയുണ്ടായി. അടുത്ത ഭാവിയിൽ നമുക്ക് നേരിടേണ്ടി വരുന്ന ഏറ്റവും സങ്കീർണ്ണമായ പ്രശ്നം ഈ റീഹാബിലിറ്റേഷൻ പ്രശ്നമാണ്. അതുപോലെ പ്രവാസികൾ ഇന്ന് നേരിടേണ്ടിവരുന്ന നിരവധി പ്രശ്നങ്ങളുണ്ട്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: അങ്ങ് ഇവിടെ നിതാഖത്ത് നിയമത്തെപ്പറ്റിയും ഗവൺമെന്റ് ചെയ്ത നടപടികളെപ്പറ്റിയുമാണ് പറയുന്നത്. ഏകദേശം 1,17,000 ത്തോളം കോടി രൂപ പ്രവാസി നിക്ഷേപമായി ഈ കൊച്ചു കേരളത്തിൽ എത്തുകയാണ്. നമ്മുടെ വൻകിട ധനകാര്യ സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള ബാങ്കുകളൊക്കെത്തന്നെ ഇത് ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. പക്ഷേ ഈ നിതാഖത്ത് നിയമം കാരണം ഇവിടെ മടങ്ങിയെത്തിയ ആളുകൾക്ക് കേരള സർക്കാർ ഒട്ടേറെ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച ഘട്ടത്തിലും അവർക്ക് സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിച്ച ഘട്ടത്തിലും ഇത്തരം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പ്രത്യേകിച്ച് നമ്മുടെ വാണിജ്യ ബാങ്കുകൾ ഗവൺമെന്റിനോട് വേണ്ടത്ര സഹകരിക്കാത്ത ഒരു അന്തരീക്ഷമുണ്ടായിട്ടുണ്ട്. പല ബാങ്കുകളും കുറഞ്ഞ നിരക്കിൽ പലിശയ്ക്ക് വായ്പ കൊടുക്കാൻ തയ്യാറാകാത്ത ഒരു

സാഹചര്യം കാരണം ഇത്തരം പദ്ധതികൾ നടപ്പാക്കാൻ ഗവൺമെന്റ് പ്രയാസപ്പെടുന്നു. ഇപ്പോഴും കിട്ടിയ അപേക്ഷകരിൽ വളരെ കുറഞ്ഞ ഒരു ശതമാനത്തിന് മാത്രമാണ് ആനുകൂല്യങ്ങൾ നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടുള്ളത്. ഈ ഘട്ടത്തിൽ ഇത്രയും വലിയ തുക കൈകാര്യം ചെയ്യുന്ന ധനകാര്യ സ്ഥാപനങ്ങളെ ഗവൺമെന്റിന് പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധം എന്തെങ്കിലും നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകേണ്ടതായിട്ടുണ്ട് എന്നുള്ള അഭിപ്രായം അങ്ങയ്ക്കുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: അങ്ങ് സൂചിപ്പിച്ച ഈ അഭിപ്രായത്തോട് പൂർണ്ണമായും ഞാൻ യോജിക്കുന്നു. അതിന് അന്തിമമായ മറുപടി പറയേണ്ടത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ 1,17,000 കോടിയോളം രൂപ പ്രവാസികളുടെ ബാങ്ക് നിക്ഷേപമുള്ള സംസ്ഥാനമാണ് കേരളം. ആ പണമുപയോഗിച്ച് നിതാഖത്ത് പോലുള്ള നിയമങ്ങളുടെ സങ്കീർണ്ണതയിൽപ്പെട്ട് തിരിച്ച് വന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സഹായം ബാങ്കുകളെക്കൊണ്ട് കൊടുപ്പിക്കുന്നതിന് നാഷണലൈസ്ഡ് ബാങ്കുകളിലാണെങ്കിലും ഷെഡ്യൂൾഡ് ബാങ്കുകളിലാണെങ്കിലും സംസ്ഥാന

ഗവൺമെന്റിന് ചില പരിമിതികളുണ്ട്. അതിന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുന്നത്, സംസ്ഥാന ഗവൺമെന്റ് ഏതെങ്കിലും തരത്തിൽ ഗ്യാരന്റി നിന്നോ അല്ലെങ്കിൽ നടപടി സ്വീകരിച്ചുകൊണ്ടോ ബാങ്കിൽ കുമിഞ്ഞ് കിടക്കുന്ന പ്രവാസികളുടെ പണം പ്രവാസികളുടെ ക്ഷേമത്തിനുവേണ്ടി ഉപയോഗിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. നാഷണലൈസ്ഡ് ബാങ്കായതുകൊണ്ടും ഷെഡ്യൂൾഡ് ബാങ്കായതുകൊണ്ടും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിയുമെന്നും ഗവൺമെന്റ് ആ ദൗത്യം ഏറ്റെടുക്കണമെന്ന് ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്.

<u>ശ്രീ. സാജു പോൾ</u>: ബഹുമാന്യനായ ശ്രീ. ബെന്നി ബെഹനാൽ പ്രവാസികളെക്കുറിച്ച് പറഞ്ഞ വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങളാണ് ഇവിടെ സൂചിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതിൽ ഏറ്റവും അടിയന്തര പ്രാധാന്യമുള്ള ഒരു പ്രശ്നം, ഇവരുടെ യാത്രാ സംവിധാനങ്ങളുമായി ബന്ധപ്പെട്ടാണ്. യു.ഡി.എഫ്. സർക്കാർ വളരെ പ്രതീക്ഷ ഉയർത്തി മുന്നോട്ട് വച്ച ഒരു പദ്ധതിയായിരുന്നു എയർ കേരള പദ്ധതി. ഈ ഗവൺമെന്റിന്റെ കാലാവധി തീരാൻ പോകുന്ന സമയത്ത്

അതിനെക്കുറിച്ചൊന്നും കേൾക്കുന്നില്ല. അതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണെന്ന് പറയാമോ?

ശ്രീ. ബെന്നി ബെഹനാൻ: നാട്ടുകാരനായതുകൊണ്ടായിരിക്കണം ഞാൻ എന്ത് പറയാൻ പോകുന്നു എന്ന് ശ്രീ സാജു പോൾ ഇങ്ങനെയൊരു ക്വസ്റ്റ്യൻ ചോദിച്ചത്. പ്രവാസി മലയാളികൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം യാത്രാപ്രശ്നം തന്നെയാണ്. അത് പല തരത്തിലുണ്ട്. ഒന്ന്, തത്വദീക്ഷയില്ലാതെ പലപ്പോഴായി വർദ്ധിപ്പിക്കുന്ന എയർ ടിക്കറ്റ് നിരക്കാണ്. സീസൺ അനുസരിച്ചാണ് വിമാന കമ്പനികൾ എയർ ടിക്കറ്റുകളുടെ ചാർജ് കൂട്ടുന്നത്. പ്രൈവറ്റ് എയർലൈൻ സർവ്വീസുകളും മറ്റ് എയർലൈൻസുകളുമാണ് ഇന്ന് സർവ്വീസ് നടത്തുന്നത്. ഈ പ്രൈവറ്റ് എയർലൈൻസുകളെല്ലാം സീസൺ അനുസരിച്ചാണ് ചാർജ് വർദ്ധിപ്പിക്കുന്നത്. ഗൾഫിൽ നിന്നും ബിസിനസ്സ് ആവശ്യത്തിനായി പോകുന്ന പുരുഷൻമാർ ഇടയ്ക്കിടയ്ക്ക് നാട്ടിൽ പല ആവശ്യങ്ങൾക്കായി വരാറുണ്ട്. ഭർത്താവും ഭാര്യയും കുട്ടികളും അടങ്ങിയ അവരുടെ കുടുംബം തിരിച്ച് വരുമ്പോൾ

സ്വാഭാവികമായിട്ടും ഒരു കുടുംബത്തിന് തന്നെ നാലും അഞ്ചും ടിക്കറ്റെടുക്കേണ്ടതായി വരും. ഇങ്ങനെ നാലഞ്ച് ടിക്കറ്റെടുക്കേണ്ടി വരുമ്പോൾ വെക്കേഷൻ സമയത്ത് യാതൊരു തത്വദീക്ഷയുമില്ലാതെ എയർ ഇൻഡ്യയും മറ്റ് പ്രൈവറ്റ് വിമാന സർവ്വീസുകളും നിരക്ക് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എയർ ഇൻഡ്യയും മറ്റ് പ്രൈവറ്റ് വിമാന കമ്പനികളും കൂട്ടുന്ന അമിതമായ ടിക്കറ്റ് നിരക്കുകൾ താങ്ങാൻ കഴിയാത്ത ഒരവസ്ഥ പ്രവാസി മലയാളികൾ ഇപ്പോൾ അഭിമുഖീകരിക്കുകയാണ്. നമ്മൾ പലപ്പോഴായി വിദേശത്തേയ്ക്ക് പോകുമ്പോൾ നമുക്ക് ലഭിക്കുന്ന നിവേദനങ്ങളിൽ നമ്മുടെ ബഹുമാന്യരായ പ്രവാസി മലയാളി സുഹൃത്തുക്കൾ പ്രധാനമായും പരാതിയായി പറയുന്നത് അവരുടെ യാത്രാ ക്ലേശത്തെക്കുറിച്ചാണ്. അതോടൊപ്പം എയർ ഇൻഡ്യ വിമാനകമ്പനികളിൽ നിന്നും ടിക്കറ്റെടുത്ത് യാത്രയ്ക്കായി കാത്തിരിക്കുന്ന സന്ദർഭങ്ങളിൽ യാത്രക്കാരോട് യാതൊരു മുന്നറിയിപ്പുമില്ലാതെ അവരുടെ ഫ്ലൈറ്റുകൾ കാൻസലേഷൻ വരെ ചെയ്യാറുണ്ട്. കാൻസലേഷൻ വരുമ്പോൾ അവരുടെ എല്ലാ പരിപാടികളും മാറ്റേണ്ടിവരും. വിദേശത്ത് പോയിരിക്കുന്ന മലയാളികളുൾപ്പടെയുള്ള പ്രവാസികൾ ഒരു ടൈം ഷെഡ്യൂൾ ഉണ്ടാക്കുകയോ ഒരു അജണ്ടയുണ്ടാക്കുകയോ ചെയ്തിട്ടാണ് നാട്ടിൽ

വരുന്നത്. അതിന് ഒരു പരിഹാരം കണ്ടെത്തുന്നതിനു വേണ്ടിയിട്ടാണ് കേരള എയർലൈൻ എന്നു പറയുന്ന ഒരു സംരംഭം തുടങ്ങണമെന്ന് ബഹുമാനപ്പെട്ട ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ ശ്രമം നടന്നത്. ആ ശ്രമം വളരെ സ്വാഗതാർഹമായിരുന്നു. പക്ഷേ, ചില സാങ്കേതികമായ തടസ്സങ്ങൾ വന്നു. ഇന്ന് നമ്മുടെ രാജ്യത്ത് നിലവിലുള്ള നിയമമനുസരിച്ച് ഇന്റർനാഷണൽ ഫ്ലൈറ്റുകൾ ആരംഭിക്കണമെങ്കിൽ 5/20 എന്ന റൂൾ അനുസരിച്ച് 20 ഫ്ലൈറ്റുകൾ വീതമുള്ള ഫ്ലൈറ്റ് ഓണറായിരിക്കണം ഈ സർവ്വീസ് നടത്താൻ തെരഞ്ഞെടുക്കേണ്ടത്. അതുപോലെ അഞ്ചു വർഷക്കാലം ഡൊമസ്റ്റിക് സർവ്വീസ്സിൽ അവർക്ക് പരിചയവുമുണ്ടായിരിക്കണം. അഞ്ചുവർഷക്കാലത്തെ ഡൊമസ്റ്റിക് സർവ്വീസിൽ പരിചയവും 20 ഫ്ലൈറ്റിന്റെ ഓണേഴ്സിനും മാത്രമേ അന്തർദേശീയ തലത്തിൽ സർവ്വീസുകൾ ആരംഭിക്കുവാൻ ഇന്ന് നിലവിലുള്ള ഇൻഡ്യയുടെ എയർലൈൻ ചട്ടങ്ങളനുസരിച്ച് സാധിക്കുകയുള്ളു. കേരള ഗവൺമെന്റിന് 20 ഫ്ലൈറ്റുകൾ വാങ്ങുന്നതിനോ വാടകയ്ക്ക് എടുക്കാൻപോലുമുള്ള സാമ്പത്തികശേഷി ഇല്ല. അതുമാത്രമല്ല, ഈ ഗവൺമെന്റിന്റെ ആരംഭ കാലഘട്ടത്തിലാണ് എയർ

കേരളയെക്കുറിച്ചും അഞ്ചുവർഷത്തെ ഡൊമസ്റ്റിക് സർവ്വീസുകളെക്കുറിച്ചും ആലോചിച്ചത്. ഈ അടുത്ത കാലഘട്ടത്തിൽ പത്രത്തിൽ വന്ന വാർത്തയാണ് ഗവൺമെന്റ് ഓഫ് ഇൻഡ്യ ഒരു എയർ ലൈൻ പോളിസി ഉണ്ടാക്കാൻ ശ്രമിക്കുന്നുവെന്നത്. ആ പോളിസിയിൽ 5/20 നിയമത്തിനുള്ള ഭേദഗതി മാറ്റാൻ കഴിഞ്ഞാൽ അത് എയർ കേരള തുടങ്ങുന്നതിനുള്ള സാധ്യതയുണ്ടാക്കും. 5/20 എന്ന പുതിയ എയർലൈൻ പോളിസിയിൽ കേരളത്തെപോലുള്ള എല്ലാ സംസ്ഥാനങ്ങളുടെയും അഭിപ്രായങ്ങൾ അറിയിക്കുന്നതിനുള്ള ഒരു ക്രമീകരണം ഉണ്ടാക്കിയിട്ടുണ്ട്. സിയാലിന്റെയും കണ്ണൂർ എയർപോർട്ടിന്റെയും എം.ഡി. ആയ ശ്രീ. വി. ജെ. കുര്യൻ ഈ കാര്യത്തിൽ വളരെ പരിചയസമ്പന്നനാണ്. സിയാലിന്റെ പ്രാരംഭകാലത്തും ഇന്നും അതിന്റെ എം.ഡി ആയിരിക്കുന്ന ശ്രീ. വി. ജെ. കുര്യനെ പോലെയുള്ള വ്യക്തികളെ ഉൾപ്പെടുത്തി ഒരു സബ്കമ്മിറ്റി രൂപീകരിച്ച് ഗവൺമെന്റിന്റെ പുതിയ എയർലൈൻ പോളിസിയുടെ മുന്നിൽ കേരളത്തിന്റെ സജഷൻ വയ്ക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത് എയർ കേരള തുടങ്ങുന്നതിന് തടസ്സമായി നിൽക്കുന്ന അഞ്ചു വർഷത്തെ ഡൊമസ്റ്റിക് എയൽ ലൈൻ സർവ്വീസിനുവേണ്ടിയുള്ള എക്സ്പീരിയൻസും

20 ഫ്ലൈറ്റുകളുടെ ഉടമസ്ഥാവകാശം വേണമെന്നുപറയുന്ന 5/20 എന്നു പറയുന്ന നിയമം റദ്ദാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം വയ്ക്കുന്നതിനുമാണ്. കേരളത്തിൽ മാത്രമല്ല തമിഴ്നാട്ടിലും ഗുജറാത്തിലും പ്രവാസികളുണ്ട്. ഇന്ത്യയിൽ കേരളവും ഗുജറാത്തുമാണ് മുൻപന്തിയിൽ നിൽക്കുന്നതെങ്കിൽ പോലും മറ്റെല്ലാ സംസ്ഥാനങ്ങളിലും ഇതുപോലെ പ്രവാസികൾ ഉണ്ട്. അതുകൊണ്ട് അവിടത്തെ മുഖ്യമന്ത്രിമാരുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തി, വേണമെങ്കിൽ കേരളത്തിൽ നിന്നുള്ള എം.പി.മാരും പ്രധാനമന്ത്രിയുമായി all party ഡെലിഗേഷൻ നടത്തണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : അങ്ങ് പറയുന്നത് വിമാനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. കേരളത്തിൽ തന്നെ നിലവിലുള്ള വിമാന കമ്പനികൾ എയർ ഇൻഡ്യ ആകട്ടെ ഈ രംഗത്ത് മത്സരം വരുമ്പോഴാണ് ടിക്കറ്റ് ചാർജ്ജ് കുറയുന്ന ഒരു അന്തരീക്ഷമുണ്ടാകുന്നത്. ബോംബെയിലോ മദ്രാസിലോ ഇത്തരം പ്രയാസങ്ങൾ ഉണ്ടാകുന്നില്ല. മദ്രാസ് എയർപോർട്ടിനെക്കാളും കൂടുതൽ യാത്രക്കാരെ കൈകാര്യം ചെയ്യുന്ന എയർ പോർട്ടുകളിൽ ഒന്നാണ് കൊച്ചിൻ ഇന്റർ നാഷണൽ

എയർ പോർട്ട്. പക്ഷേ, കേരളത്തിലെ ഒരു എയർപോർട്ടും ഇന്റർനാഷണൽ ഹബ്ബായി അംഗീകരിക്കപ്പെട്ടിട്ടില്ല. അത് പ്രധാനപ്പെട്ടൊരു വിഷയമാണ്. ഇന്റർനാഷണൽ ഹബ്ബായി അംഗീകരിക്കപ്പെട്ട കൂട്ടത്തിൽ കേരളത്തിലെ എയർ പോർട്ടുകളൊന്നും പുതിയ കേന്ദ്ര ഗവൺമെന്റിന്റെ പട്ടികയിൽപെടുന്നില്ല. ഇങ്ങനെ വരുന്ന സാഹചര്യത്തിൽ സ്വാഭാവികമായും അന്താരാഷ്ട്ര വിമാനകമ്പനികളുടെ മത്സരം നമുക്ക് കിട്ടുന്നില്ല. അങ്ങനെ കിട്ടാതെവരുമ്പോൾ തോന്നിയതുപോലെ നമുക്ക് ചാർജ് നിർണ്ണയിക്കാൻ കഴിയുന്ന ഒരു അവസരം സംജാതമാകുന്നു എന്നാണ് ഈ രംഗത്തുള്ള വിദഗ്ദ്ധന്മാർ പറയുന്നത്. അതുകൊണ്ട് കേരളത്തിലുള്ള ഏതെങ്കിലും ഒരു എയർപോർട്ട് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുന്ന ഇന്റർനാഷണൽ എയർപോർട്ട് ഹബ്ബിന്റെ പട്ടികയിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ കൂടി കേരള സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ : സർ, ഇന്റർനാഷണൽ ഹബ്ബായി കേരളത്തിലെ ഏതെങ്കിലും എയർപോർട്ടുകൾ മാറ്റുന്നതിന് നമ്മൾ സമ്മർദ്ദം ചെലുത്തണം. ഏറ്റവും കൂടുതൽ ഇന്റർനാഷണൽ എയർപോർട്ടുകളുള്ള ഒരു ചെറിയ സംസ്ഥാനമാണ് കേരളം. കേരളത്തിന് ഇപ്പോൾത്തന്നെ മൂന്ന് ഇന്റർനാഷണൽ എയർപോർട്ടുകളുണ്ട്.

കണ്ണൂരിലും എയർപോർട്ട് വന്നാൽ അതും ഇന്റർനാഷണൽ എയർപോർട്ട് സ്റ്റാൻഡേർഡിലാണ് വരാൻ പോകുന്നത്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇന്റർനാഷണൽ ഹബ്ബിൽ ഉൾപ്പെട്ടതുകൊണ്ടുമാത്രം കേരളത്തിന്റെ പ്രശ്നം പരിഹരിക്കപ്പെടുമെന്നുള്ള അഭിപ്രായം എനിക്കില്ല. ചില ആനുകൂല്യങ്ങൾ ലഭിക്കുമായിരിക്കും. നമ്മുടേതായ ഒരു എയർലൈൻസ് തുടങ്ങിയാൽ മാത്രമേ ഇവിടത്തെ പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കാൻ കഴിയുകയുള്ളൂ. ഇൻഡ്യയിൽ നിന്നുള്ള വിമാന കമ്പനികൾ മാത്രമല്ല ലോകത്തുള്ള എല്ലാ രാജ്യത്തിന്റെയും വിമാന കമ്പനികൾ ഇന്ന് സർവ്വീസ് നടത്തുന്നു. ഇവിടെ നിന്നും ഏറ്റവും കൂടുതൽ ആളുകളെ കൊണ്ടുപോകുന്നത് ദുബായ് എമിറേറ്റ്സും ഖത്തർ എയർവേസുമാണ്. അത്തരം കമ്പനികളെ നിയന്ത്രിക്കാൻ സാധിക്കാത്തതുകൊണ്ട് അവർ തമ്മിലുള്ള കോമ്പറ്റീഷൻ ചെറിയ തോതിലെങ്കിലും എയർ ചാർജ്ജിന്റെ വർദ്ധനവിനിടയാകുന്നു. ഒരു നിശ്ചിത തുക ചാർജ്ജ് നൽകി ഇവിടുത്തെ പ്രവാസി മലയാളികൾക്ക് യാത്രചെയ്യാൻ സൗകര്യം ഉണ്ടാക്കണമെങ്കിൽ നമ്മുടേതായ എയർലൈൻസുണ്ടാകണം. കേരളം അതിന് മുൻകൈ എടുക്കണം. നേരത്തെ ലിബിയയിലെയും ഇറാഖിലെയും ആളുകൾ കുടുങ്ങി പോയപ്പോൾ കേരള

ഗവൺമെന്റും മുഖ്യമന്ത്രിയും മുൻകൈ എടുത്തതുപോലെ പുതിയ എയർ ലൈൻസ് തുടങ്ങണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, അഞ്ചു വർഷം ഡൊമസ്റ്റിക് സർവ്വീസ് വേണമെന്നും 20 വിമാനം വേണമെന്നുമുള്ള ഒരു നിയമത്തിന് മാറ്റം വരുത്തികൊണ്ടാണ് എയർ ഇൻഡ്യ എക്സ്പ്രസ് കേന്ദ്ര ഗവൺമെന്റ് ആരംഭിച്ചത്. നാം ആവശ്യപ്പെടേണ്ടത് എയർ ഇൻഡ്യാ എക്സ്പ്രസിന് ഈ നിയമത്തിൽ ഇളവ് കൊടുത്തുകൊണ്ട് ആരംഭിച്ചതുപോലെ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരള എയർവേസിലും ഈ ആനുകൂല്യം കിട്ടുന്നത് നല്ലതല്ലേ? ഇതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. സാജു പോൾ : സർ, ചെലവു കുറഞ്ഞ ഫ്ലൈറ്റ് സർവ്വീസിന്റെ ബുദ്ധിമുട്ട് കണക്കിലെടുത്താണ് കപ്പൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഉൾപ്പെടെ ആലോചിച്ചത്. യഥാർത്ഥത്തിൽ അങ്ങനെയുള്ള ഒരു സാധ്യത കൂടി ഗവൺമെന്റ് പരിഗണിക്കേണ്ടതല്ലേ?

ശ്രീ. ബെന്നി ബെഹനാൻ: സർ, പ്രവാസി മലയാളികളുടെ

യാത്രാസൗകര്യവുമായി ബന്ധപ്പെട്ട് ഏത് സാധ്യതയും സാഹചര്യവും പരിശോധിക്കാവുന്നതാണ്. കപ്പൽ സർവ്വീസിന് ഒരു കുഴപ്പമുണ്ട്. ആളുകൾക്ക് അത്രയും സമയം കാത്തിരിക്കാനുള്ള സഹിഷ്ണുതയില്ല. എനിക്ക് ശ്രീ. സാജുപോളിനെ നേരത്തെ അറിയാം. ആദ്യം ഡൽഹിയിൽ പോയിക്കൊണ്ടിരുന്നത് ട്രെയിനിലായിരുന്നു. ഇന്ന് ട്രെയിനിൽ പോകേണ്ട മാനസികാവസ്ഥ സാജുവിനില്ല, എനിക്കുമില്ല. ട്രെയിനിൽ യാത്ര ചെയ്യാനുള്ള മാനസികാവസ്ഥ ഇന്നാർക്കുമില്ല. പുതിയ തലമുറയ്ക്കും അങ്ങനെ പോകാനുള്ള താല്പര്യമില്ല. കപ്പൽ യാത്ര നല്ലതാണ്. കപ്പൽ യാത്ര ഇപ്പോൾ ഒരു വിനോദ സഞ്ചാരത്തിനുവേണ്ടിയിട്ടാണ് ആളുകൾ ഉപയോഗിക്കുന്നത്. അവിടെയുള്ള ആളുകൾക്ക് ജോലിയുണ്ട്. അവിടെയുള്ള ആളുകൾക്ക് ബിസിനസുണ്ട്. അവർക്ക് പലപ്പോഴും ഇങ്ങോട്ടു വരുന്നത് എന്തെങ്കിലും വിശേഷ ദിവസങ്ങളിലോ അല്ലെങ്കിൽ അടിയന്തര ആവശ്യങ്ങൾ ഉണ്ടെങ്കിലോ ആയിരിക്കും. ഫ്ലൈറ്റിനേക്കാൾ കൂടുതൽ സൗകര്യങ്ങൾ കപ്പലിലുണ്ട്. കപ്പൽ ഗതാഗതവും സൗകര്യപ്പെടുത്തേണ്ടതാണ്. പക്ഷേ, പ്രവാസി മലയാളികളുടെ യാത്രാ സൗകര്യവുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ

പരിഹരിക്കണമെങ്കിൽ കപ്പൽ ഗതാഗതം കൊണ്ട് മാത്രം സാധിക്കുകയില്ല. ശ്രീ സാജു പോൾ പറഞ്ഞതുപോലെയുള്ള നിർദ്ദേശത്തോട് ഞാൻ യോജിക്കുന്നു. കപ്പൽ സൗകര്യം കൂടി ഏർപ്പെടുത്താൻ കഴിയണം. ഇവിടെ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ സൂചിപ്പിച്ചതുപോലെ എയർ ഇൻഡ്യ എക്സ്പ്രസിന് ലഭിച്ച ആനുകൂല്യങ്ങൾ നൽകേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. ഇപ്പോൾ നടപ്പാക്കാൻ പോകുന്ന പുതിയ കേന്ദ്ര ഗവൺമെന്റിന്റെ എയർ പോളിസിയിൽ 5/20 എന്നു പറയുന്ന നിബന്ധനയെടുത്താൽ 5 വർഷം സർവ്വീസ് നടത്തിയവർക്ക് മാത്രമേ വിദേശത്തേക്ക് കേരള സർവ്വീസ് നടത്താവൂ എന്നു പറയുന്നു. പൈലറ്റുമാരൊക്കെ വളരെ എക്സ്പീരിയൻസായിട്ടുള്ളവരാണ്. എയർ ഇൻഡ്യയിൽ നിന്നു പോലും പൈലറ്റുമാർ പ്രൈവറ്റ് എയർലൈൻസിലേയ്ക്ക് പോകുന്ന കാലഘട്ടമാണ്. അഞ്ച് വർഷത്തെ എക്സ്പീരിയൻസ് ഇല്ലെങ്കിലും മനസ്സിലാക്കാൻ പറ്റുന്ന തലത്തിൽ ഇതിന്റെ സാങ്കേതിക വളർച്ച അറിവുകൾ വളർന്നിട്ടുള്ളതുകൊണ്ട് അഞ്ച് വർഷമെന്നുള്ളതും ഇരുപത് ഫ്ലൈറ്റിന്റെ ഉടമസ്ഥാവകാശം വേണമെന്ന് പറയുന്ന ആ നിയമത്തിൽ ഒരു മാറ്റമുണ്ടാക്കുന്നതായിരിക്കും നല്ലതെന്ന് വിശ്വസിക്കുന്നു. പിന്നെ മറ്റൊരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കുന്നത്, പെട്രോൾ ഡീസലിന്റെ വില കുറയുമ്പോൾ നമുക്കൊക്കെ സന്തോഷമാണ്. ഞാനും സന്തോഷിക്കുന്നു.

പക്ഷേ ക്രൂഡോയിലിന്റെ വില ഗൾഫ് രാജ്യങ്ങളിൽ കുറയുന്നത് കേരളം പോലെയുള്ള സംസ്ഥാനത്ത് മറ്റു തലങ്ങളിൽ ബാധിക്കുകയാണ്. ക്രൂഡോയിലിന്റെ വില കുറയുന്നു. എപ്പോഴും ഗൾഫ് രാജ്യങ്ങളുടെ സാമ്പത്തിക ഭദ്രതയാണ് കേരളത്തിലെ പ്രവാസികളുടെ സാമ്പത്തിക ഭദ്രതയ്ക്കു നല്ലത്. ഇന്ന് അവിടെ ക്രൂഡോയിലിന് വിലയും ഉൽപ്പാദനവും കുറയുന്നു. ഏറ്റവും കൂടുതൽ പ്രവാസികളുള്ള മേഖല ഗൾഫാണ്. ആ ഗൾഫ് മേഖലയിലെ സാമ്പത്തിക ഭദ്രതയ്ക്ക് തകർച്ചയുണ്ടാകുമ്പോൾ നമുക്ക് അങ്ങോട്ട് പോകാനുള്ള അവസരങ്ങൾ നഷ്ടപ്പെടുന്നു എന്ന് മാത്രമല്ല, അവിടെയുണ്ടാകുന്ന സാമ്പത്തിക തകർച്ച പലപ്പോഴും കർശനമായ ആഭ്യന്തര നയങ്ങളിലേയ്ക്കും നിയമങ്ങളിലേയ്ക്കും ആ രാജ്യത്തിന് സമ്മർദ്ദമുണ്ടാക്കുന്നു. പലപ്പോഴും തൊഴിലവസരങ്ങൾ നഷ്ടപ്പെടുമ്പോൾ ആളുകൾ തിരിച്ചുവരുന്നു. അവിടെയാണ് ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെയുള്ള റീഹാബിലിറ്റേഷൻ സ്കീംസിന് പ്രാധാന്യം അർഹിക്കുന്നത്. അത് മാത്രമല്ല അവിടത്തെ ക്രൂഡോയിലിന്റെ വിലയിലുണ്ടാകുന്ന ഇടിവ് നമുക്ക് ജോലിയുടെ അവസരങ്ങൾ നഷ്ടപ്പെടുന്നു. ഗൾഫ് മേഖലയിലെ സാമ്പത്തിക ഭദ്രത തകർക്കുക മാത്രമല്ല ക്രൂഡോയിലിന്റെ വിലയിലുണ്ടാകുന്ന ഇടിവ് നമ്മുടെ കേരളത്തിന്റെ ഏറ്റവും വലിയ സാമ്പത്തിക വാണിജ്യ മേഖലയായ റബ്ബർ മേഖലയെ ബാധിക്കാൻ പോവുകയാണ്.

കാരണം സിന്തറ്റിക് റബ്ബറിന്റെ ഏറ്റവും വലിയ റാ-മെറ്റീരിയൽ എന്നുപറയുന്നത് ഈ ക്രൂഡോയിലിൽ നിന്ന് ലഭിക്കുന്ന ഒരു വസ്തുവാണ്. അതുപയോഗിച്ചാണ് ജർമ്മനിയിലോ മറ്റോ ആദ്യമായി ഈ സിന്തറ്റിക് റബ്ബർ കണ്ടുപിടിച്ചത്. ഇന്ന് നമ്മൾ റബ്ബർ മേഖലയിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ട് റബ്ബർ ഇറക്കുമതിയാണ്. പ്രവാസി മലയാളികളുടെ സാമ്പത്തിക സഹായങ്ങളും റബ്ബർ മേഖലയിലുണ്ടാകുന്ന ഉണർവ്വുമാണ് കേരളത്തിന്റെ സാമ്പത്തിക മേഖലയെ പലപ്പോഴും താങ്ങി നിർത്തുന്നത്. സിന്തറ്റിക് റബ്ബറിന്റെ ഇറക്കുമതിയാണ് പലപ്പോഴും നമ്മുടെ നാച്വറൽ റബ്ബറുമായി പിടിച്ചുനിൽക്കാൻ പറ്റാത്തത്. ക്രൂഡോയിലിന്റെ വിലയിൽ ഇടിവുണ്ടാകുമ്പോൾ സിന്തറ്റിക് റബ്ബർ മറ്റു വിദേശ രാജ്യങ്ങളിൽ കൂടുതൽ ഉൽപ്പാദിപ്പിക്കപ്പെടാൻ പോവുകയാണ്. അങ്ങനെ ഉൽപ്പാദിപ്പിക്കപ്പെടുമ്പോൾ ഇന്ന് തരുന്നതിനേക്കാൾ വില കുറഞ്ഞ സിന്തറ്റിക് റബ്ബർ കേരളത്തിലേയ്ക്കും ഇന്ത്യയിലേയ്ക്കും ഇറക്കുമതി ചെയ്യും. അങ്ങനെ വരുമ്പോൾ നേരിടാൻ പോകുന്ന ഏറ്റവും വലിയ ഭീഷണി നമ്മുടെ സാമ്പത്തിക ശ്രോതസ്സായിരിക്കുന്ന റബ്ബർ മേഖലയെയാണ്. ഇപ്പോൾ തന്നെ നമുക്കറിയാം റബ്ബറിനു വിലയില്ല. നമ്മളെപ്പോഴും മുറവിളികൂട്ടുന്നുണ്ട്. കേരളം പോലെയുള്ള സംസ്ഥാനത്ത് റബ്ബറിന്റെ വില വർദ്ധിക്കുന്നതിനു വേണ്ടിയിട്ടുള്ള മുറവിളികൾ നമ്മൾ

കൂട്ടാറുണ്ട്. പ്രതിപക്ഷത്തും ഭരണപക്ഷത്തും ഇരിക്കുന്ന ആളുകൾ ഡൽഹിയിൽ പോകാറുണ്ട്. ഇറക്കുമതി കുറയ്ക്കണം, ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കണം എന്നതാണ് നമ്മുടെ മുദ്രാവാക്യം. അതാണ് പലപ്പോഴും നമ്മൾ ആവശ്യപ്പെടുന്നത്. അത് മുഴുവൻ കേൾക്കാൻ കേന്ദ്രഗവൺമെന്റിനു ഇന്നും സാധിച്ചിട്ടില്ല. ഒരു കേന്ദ്രഗവൺമെന്റും കേരളത്തിലെ റബ്ബർ മേഖലയിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് .......

<u>ശ്രീ. എം. ഹംസ:</u> സർ, പ്രവാസികളുടെ റീഹാബിലിറ്റേഷനെക്കുറിച്ചാണ് അങ്ങ് സംസാരിച്ചു കൊണ്ടിരിക്കുന്നത്. ഗൾഫ് രാജ്യങ്ങളിൽ ട്രാഫിക് നിയമങ്ങൾ വളരെ കർശനമായതിനെത്തുടർന്ന് ചെറിയ ചെറിയ തെറ്റുകൾക്കുപോലും ഫൈനടയ്ക്കാൻ കഴിയാതെ ജയിലിൽ കഴിയുന്ന പ്രവാസികൾ ഉണ്ടെന്ന് അങ്ങേയ്ക്കറിയാം. അത്തരം ആളുകൾക്ക് നമ്മുടെ സ്റ്റേറ്റ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഫൈനടച്ച് അവരെ മോചിപ്പിക്കാനാവശ്യമായ പദ്ധതി വേണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, ഡീസലും പെട്രോളും ഇല്ലാതെ വാഹനങ്ങളോടിക്കാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ് അമേരിക്ക. അതിൽ അവർ വിജയിച്ചിരിക്കുകയാണ്. അപ്പോൾ സാധാരണ നമുക്കിവിടെ കിട്ടുന്ന കുടിവെള്ളത്തെക്കാൾ ഡീസലിനും പെട്രോളിനും വില കുറയാനുള്ള സാധ്യതയാണ്

വരാൻ പോകുന്നത് എന്നാണ് ഇപ്പോൾ ഒരു പഠനം തെളിയിക്കപ്പെട്ടിട്ടുള്ളത്. അതുപോലെ ചൈനയിൽ നിന്ന് നേരിട്ട് ടയർ ഇങ്ങോട്ടേയ്ക്ക് ഇറക്കുമതി ചെയ്യുകയാണ്. ഇവിടെ നമുക്ക് കിട്ടുന്ന എം.ആർ.എഫ്. ഉൾപ്പെടെയുള്ള ടയറുകളെക്കാൾ വില 50% -ൽ കുറവുവരുത്തിക്കൊണ്ട് ടയർ നേരെ മാർക്കറ്റിലേയ്ക്ക് ഇറങ്ങാൻ പോകുമ്പോൾ ഈ റബ്ബർ കൃഷിക്കാരുടെ പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നതിനെക്കുറിച്ചുള്ള പഠനം കൂടെ നടത്തേണ്ടത് ആവശ്യമില്ലേ?

<u>ശ്രീ. ബെന്നി ബെഹനാൻ:</u> പെട്രോളിന്റെ വില കുറയുമ്പോൾ നമുക്ക് സന്തോഷമുണ്ട്. ഇന്നും പെട്രോളിന് 50 പൈസയും ഡീസലിന് 25 പൈസയും കുറഞ്ഞു, നല്ലകാര്യമാണ്. ഇന്റർനാഷണൽ മാർക്കറ്റിൽ ക്രൂഡോയിലിന്റെ വിലയുമായി ബന്ധപ്പെട്ടുകൊണ്ടാണ് പെട്രോളിന്റെ വില നിയന്ത്രിക്കുന്നത്. ഗൾഫ് മേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന പ്രതിസന്ധി വളരെ വലുതാണ്. അമേരിക്കയിൽ ഇന്ന് പാറക്കെട്ടുകളുടെ ഇടയിൽ നിന്നും ഗ്യാസ് ഉപയോഗിച്ച് പെട്രോൾ ഉൽപ്പാദിപ്പിക്കാം എന്ന മറ്റൊരു തലത്തിലേയ്ക്ക് മാറിയിരിക്കുന്നു. സാധാരണ പെട്രോൾ കുഴിച്ചെടുത്ത് ഉപയോഗിക്കുന്ന രീതിയിൽ നിന്ന് വ്യത്യസ്തമായി മറ്റ് മാർഗ്ഗങ്ങളിലൂടെയും പെട്രോളിയം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ നമുക്ക് പുതിയ

അറിവുകൾ തന്നുകൊണ്ട്, അമേരിക്കപോലെയുള്ള രാജ്യങ്ങളും യൂറോപ്യൻ രാജ്യങ്ങളും ആ വഴിക്ക് ചിന്തിക്കുമ്പോൾ അത് സ്വാഭാവികമായും കേരളത്തെ വലിയ പ്രതിസന്ധിയിലേയ്ക്കാക്കാൻ പോവുകയാണ്. നമ്മുടെ റബ്ബർ മേഖല വളരെയധികം പ്രതിസന്ധിയിലേയ്ക്ക് വരുമെന്ന ദീർഘവീക്ഷണമുണ്ടാകണം. അതിന് എങ്ങനെ പരിഹാരം കണ്ടെത്താൻ കഴിയും എന്നതിക്കുറിച്ച് നമ്മുടെ രാജ്യത്തിനും കഴിയണം. നമ്മുടെ രാജ്യത്ത് ക്രൂഡോയിൽ പരീക്ഷണത്തിലൂടെ എക്സ്പ്ലോഷൻ നടത്തി. പക്ഷേ മറ്റ് ചില തലങ്ങളിൽ പെട്രോളിയം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയുമോ എന്ന ശാസ്ത്ര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തത്തക്ക രീതിയിലുള്ള പരീക്ഷണങ്ങളും കണ്ടുപിടുത്തങ്ങളും നടത്തിയില്ലെങ്കിൽ നമ്മുടെ രാജ്യം വളരെയധികം ബുദ്ധിമുട്ടിലേയ്ക്ക് നീങ്ങാൻ പോകുന്നു. ഇന്ന് ഇന്ത്യയ്ക്ക് ആവശ്യമായ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വളരെ ചുരുങ്ങിയ ശതമാനം മാത്രമേ നമ്മൾ ഉപയോഗിക്കുന്നുള്ളൂ. നമ്മുടെ രാജ്യത്തിന്റെ ജനസംഖ്യ, വർദ്ധിച്ചുവരുന്ന ട്രാൻസ്പോർട്ടേഷൻ, വാഹനങ്ങളുടെ എണ്ണം മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഇവയൊക്കെ വളരെ വലുതാണ്. പ്രവാസി കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ അതിനെ ക്കുറിച്ച് വളരെ ഗൗരവത്തോടുകൂടി ആലോചിക്കണം. ശ്രീ. ഹംസ സൂചിപ്പിച്ച ഒരു പ്രശ്നമുണ്ട്. ഇന്ന് പ്രവാസികളെ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നം അവിടെ

ജയിലിൽ കിടക്കുന്ന ആളുകളാണ്. വിദേശത്തുപോകുമ്പോൾ നമുക്ക് കിട്ടുന്ന നിവേദനങ്ങളിൽ നല്ലൊരു ശതമാനവും അവിടെ ജയിലിൽ കഷ്ടതയനുഭവിക്കുന്ന ആളുകളുടെ ബുദ്ധിമുട്ടുകളാണ്. വിദേശ ജയിലുകളിൽ എത്ര പേർ ഉണ്ടെന്നതിനെക്കുറിച്ചുപോലും നമുക്ക് വ്യക്തമായൊരു കണക്കില്ല. നമ്മുടെ എംബസ്സികൾ മുഖേനയാണ് ബന്ധപ്പെടാൻ കഴിയുന്നത്. എത്ര പേർ ജയിലിൽ കിടക്കുന്നു എന്ന് എംബസ്സികൾ മുഖേന ലഭിക്കുന്ന കണക്ക് കൃത്യമായ കണക്കാണെന്ന് എനിക്ക് തോന്നുന്നില്ല. അതിന് ഒരു പരിഹാരം കാണണം. പലരും പല കേസുകൾ കൊണ്ടാണ് കിടക്കുന്നത്. ചില ആളുകൾ അവിടെ ചെന്ന് കൃത്രമം കാണിച്ച് ജയിലിൽ കിടക്കുന്നു. അവരെ സഹായിക്കാൻ പോകണമെന്നില്ല. പക്ഷേ അവിടെചെന്ന് നിസ്സാരമായ ലൈസൻസിന്റെ കേസ് പോലുമുണ്ട്. ശ്രീ. ഹംസ സൂചിപ്പിച്ചതുപോലെ വിദേശത്ത് എല്ലാ നിയമങ്ങളും വളരെ സ്ട്രിക്റ്റാണ്. അവിടെ നിയമം നടപ്പാക്കുന്നതിൽ എക്സെംഷൻ പലപ്പോഴും കിട്ടാറില്ല. കേരളത്തിൽ rules of the road ലംഘിച്ച് ഒരാൾ വാഹനമോടിച്ചാൽ ആ വാഹനമോടിക്കുന്ന ആളിന് കിട്ടാൻ പോകുന്ന ശിക്ഷയെക്കുറിച്ച് നമുക്കൊരു കാഴ്ചപ്പാടുണ്ട്. അതുമാത്രമല്ല, പൊതുപ്രവർത്തകന്മാരായ നമ്മുടെ ഇടപെടലുകൾ rules of the road ലംഘിക്കുന്ന പല ആളുകൾക്കും സംരക്ഷണം കൊടുക്കുന്നു. ഞാൻ

തുറന്ന് സമ്മതിക്കുന്നു. എം.എൽ.എ.മാരായ നമ്മുടെ വണ്ടി നിയമം ലംഘിച്ചിട്ടുണ്ടെങ്കിൽ പോലീസുകാരോ വെഹിക്കിൾ ഇൻസ്പെക്ടർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരോ പലപ്പോഴും കണ്ണടക്കുന്നു. അതിനുള്ള പ്രിവിലേജ് പലപ്പോഴും നമുക്ക് കിട്ടുന്നു. തെറ്റാണ് നമ്മൾ ചെയ്യുന്നത്. പക്ഷെ വിദേശങ്ങളിൽ അത്തരം എക്സംഷൻ ഒന്നും കിട്ടാത്തതുകൊണ്ട് ഇവിടെ നിന്ന് പോയ പലർക്കും ലൈസൻസില്ലാത്തതുകൊണ്ടും rules of the road നോക്കാതെ വണ്ടിയോടിക്കുന്നതുകൊണ്ടും അകത്ത് കിടക്കുന്നുണ്ട്. അവിടെ ജയിലിൽ പോയാൽ നമ്മുടെ ജയിലിന്റെ നടപടിക്രമങ്ങളൊന്നുമല്ല, വളരെ ബുദ്ധിമുട്ടും നരകയാതനയുമാണ് അനുഭവിക്കുന്നത്. അങ്ങനെയുള്ള ആളുകളെ കൊണ്ടുവരുന്നതിനുവേണ്ടി നമ്മുടെ ഗവൺമെന്റ് അവിടുത്തെ ഭരണകർത്താക്കളുമായി ബന്ധപ്പെടാറുണ്ട്.

<u>ശ്രീ. ജി. എസ്. ജയലാൽ:</u> സർ, അങ്ങ് ഇവിടെ പറഞ്ഞു വരുന്നത് നിയമ ലംഘനത്തിന്റെ പേരിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടക്കുന്ന ആളുകളുടെ സംരക്ഷണത്തെക്കുറിച്ചാണ്. അതുപോലെ തന്നെ ഗൗരവതരമാണ് ഇവിടുന്ന് തട്ടിപ്പിന് വിധേയമായി ഗൾഫ് രാജ്യങ്ങളിൽ എത്തുകയും വീട്ടുജോലിയുമായി ബന്ധപ്പെട്ടൊക്കെ ഗാർഹിക പീഠനം അനുഭവിച്ച തടങ്കലിൽ കിടക്കുന്ന

സത്രീകളുൾപ്പെടെയുള്ള നൂറുകണക്കിനാളുകൾ. നമ്മുടെയൊക്കെ മണ്ഡലങ്ങളിൽ നിരവധി അപേക്ഷകളുമായി ആളുകൾ സമീപിക്കുന്നുണ്ട്. എട്ടും പത്തും മാസങ്ങളായി മെഡിക്കൽ അസിസ്റ്റൻസ് പോലും അവർക്ക് കിട്ടാത്ത നിരവധി കേസ്സുകൾ നമ്മുടെ ശ്രദ്ധയിൽ വരുന്നുണ്ട്. അതിനെ സംബന്ധിച്ച് ഗൗരവമായി ഒരു ചിന്ത നമുക്ക് വേണ്ടതല്ലേ?

ശ്രീ. ബെന്നി ബെഹനാൻ: സർ, അതിനെക്കുറിച്ച് ഗൗരവമായ ചിന്ത വേണം. പക്ഷേ പൊതുപ്രവർത്തകരായ നമുക്കൊരു ഉത്തരവാദിത്വമുണ്ട്. ഇപ്പോൾ നോർക്കയും പ്രവാസി വകുപ്പും ഇത്തരം തട്ടിപ്പുകളിൽപ്പെടരുത് എന്നുപറഞ്ഞ് അഡ്വർട്ടൈസ്മെന്റ് കൊടുക്കാറുണ്ട്. ബോധവൽക്കരണവും നടത്താറുണ്ട്. ഇതെല്ലാം അവഗണിച്ചുകൊണ്ടാണ് ആളുകൾ പോകുന്നത്. ഒരു രാജ്യത്ത് നിലനിൽക്കുന്ന നിയമത്തിന്റെ പരിധിയിൽ അല്ലാതെ ഇതെല്ലാം അതിജീവിച്ചുകൊണ്ട്, ഒരുപക്ഷേ ജോലി ലഭിക്കാനുള്ള താൽപ്പര്യം കൊണ്ടായിരിക്കാം, ഞാൻ കുറ്റപ്പെടുത്തുന്നില്ല. അങ്ങനെ പോകുന്ന ആളുകളെ മുഴുവൻ സംരക്ഷിക്കണമെന്ന് പറയാൻ കഴിയില്ല. റിക്രൂട്ട്മെന്റ് ഏജൻസികളെക്കുറിച്ച് അല്ലെങ്കിൽ ഇവിടെനിന്നും ആളുകളെ കൊണ്ടുപോകുമ്പോൾ അവർക്കുണ്ടായിരിക്കേണ്ട രേഖകളെക്കുറിച്ചുമെല്ലാം ശക്തമായ ബോധവൽക്കരണം നടത്തേണ്ടത് അത്യാവശ്യമാണ്. എല്ലാ ദിവസവും

ടി.വി-യിൽ ഇന്ത്യാ ഗവൺമെന്റിന്റെ പ്രവാസി വകുപ്പിന്റേയും നോർക്കയുടേയുമൊക്കെ പരസ്യങ്ങൾ വരാറുണ്ട്. ഈ പരസ്യങ്ങൾ കണ്ടിട്ടും അറിവില്ലായ്മ കൊണ്ടുമാത്രമല്ല,

ശ്രീ. ജി. എസ്. ജയലാൽ: ............(മൈക്ക് ഓഫ്)................

ശ്രീ. ബെന്നി ബെഹനാൻ: സർ, വിസയുടെ മാത്രമല്ല, ആര് എന്തിനുവേണ്ടി കൊണ്ടുപോകുന്നു തുടങ്ങിയ എല്ലാ വിശദാംശങ്ങളും കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഒരു വിശദാംശങ്ങളും കൊടുക്കാതെയാണ് ആളുകൾ പോകുന്നത്. വിസിറ്റിംഗ് വിസയുടെ അടിസ്ഥാനത്തിൽ പോയി അവിടെ ജോലിക്ക് കയറുന്നു. മൂന്നു മാസം കഴിയുമ്പോൾ തിരിച്ചുവരണം. വിസിറ്റിംഗ് വിസയ്ക്ക് കൂടിയാൽ ലഭിക്കുന്നത് 6 മാസമാണ്. 6 മാസം കഴിഞ്ഞാലും തിരിച്ചുവരില്ല. ഇവിടെ നിന്ന് പോകുമ്പോൾ വിസയുണ്ട്. അവിടത്തെ നിയമമനുസരിച്ച് വിസയുടെ കാലാവധി കഴിഞ്ഞാൽ പിടിക്കപ്പെടും. ശ്രീ. ഡൊമിനിക് പ്രസന്റേഷന് ഇങ്ങനെ സംഭവിക്കാനുള്ളതായിരുന്നു. വിസയുടെ കാലാവധി കഴിഞ്ഞതിനുശേഷമാണ് അദ്ദേഹം ഇവിടെനിന്നും പോകാൻ പോയത്. പക്ഷേ എയർപോർട്ടിൽ ചെന്നപ്പോൾ ഇമിഗ്രേഷൻ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ പറഞ്ഞു സാറിനെ ഞങ്ങൾ ഇവിടെനിന്നും കയറ്റിവിടാം, പക്ഷേ അവിടെ ചെന്നാൽ സാറിന് തിരിച്ചുവരാൻ

കഴിയില്ല എന്ന് അതിനെക്കുറിച്ച് അറിവുള്ളതുകൊണ്ട് എയർപോർട്ടിൽ പോയിട്ട് ശ്രീ. ഡൊമിനിക് പ്രസന്റേഷന് തിരിച്ചുവരേണ്ടിവന്നു. അദ്ദേഹം പോയില്ല. ഒരാഴ്ച കഴിഞ്ഞ് തിരിച്ചുവരാം എന്ന് ഞങ്ങളോടൊക്കെ യാത്ര ചോദിച്ചിട്ടാണ് പോയത്. രാത്രി 12.00 മണി ആയപ്പോൾ വിളിച്ചുപറയുകയാണ് ഞാൻ എയർപോർട്ടിൽ പോയിട്ട് തിരിച്ചുവന്നുവെന്ന്. അതുകൊണ്ട് അദ്ദേഹത്തിന് ഒരു ശവസംസ്കാര ചടങ്ങിൽ പങ്കെടുക്കാനുള്ള സൗഭാഗ്യം ലഭിച്ചു. ഇമിഗ്രേഷൻ ഉദ്യോഗസ്ഥർ 'ഞങ്ങൾക്ക് ബുദ്ധിമുട്ടില്ല, വേണമെങ്കിൽ പോകാമെന്ന് അദ്ദേഹത്തോടുപറഞ്ഞു. പക്ഷേ അവിടെ ചെന്നിറങ്ങുന്ന ദിവസം വിസയുടെ കാലാവധി കഴിയുകയാണ്. പലപ്പോഴും അറിവില്ലാതെ പോകുന്നവരുണ്ട്. പക്ഷേ അറിഞ്ഞുപോകുന്നവരുമുണ്ട്. അറിഞ്ഞുപോകുന്നവർക്ക് exemption കൊടുക്കാൻ പാടില്ല. നേരത്തെ ശ്രീ. എം. ഹംസയും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയും സൂചിപ്പിച്ചതുപോലെ അവിടെ കിടന്ന് നരകയാതന അനുഭവിക്കുന്ന, നിസ്സാര കുറ്റങ്ങൾകൊണ്ടും അറിവില്ലായ്മകൊണ്ടുമൊക്കെ ബുദ്ധിമുട്ടനുഭവിക്കുന്ന ആളുകളെ സഹായിക്കുന്നതിനുവേണ്ടി സാമ്പത്തിക സഹായം നൽകണം. ഒരു ഗവൺമെന്റിന് എത്രമാത്രം സാമ്പത്തിക സഹായം ചെയ്യാൻ കഴിയുമെന്ന് എനിക്കറിയില്ല. കഴിയുന്ന രീതിയിലുള്ള സാമ്പത്തിക സഹായം ചെയ്തുകൊടുക്കണം.

മറ്റൊരു കാര്യംകൂടി സൂചിപ്പിക്കുന്നു- ഇവിടെ പുതിയതായി വരാൻ പോകുന്ന എൻ.ആർ.ഐ. കമ്മീഷൻ- ഇന്ന് വിദേശ മലയാളികൾ നേരിടുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട് കേസ്സുകളെ സംബന്ധിച്ചാണ്. അവർ സ്ഥലത്തില്ല. എന്നാൽ അവരുടെ പേരിൽ ഒട്ടേറെ കേസ്സുകളുണ്ടാകുന്നു. ഇന്നുള്ള നിയമം അനുസരിച്ച് കേസ്സുകൾ തീർപ്പാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നു. സിവിൽ കേസ്സുകളാണെങ്കിൽ എത്ര നാളെടുക്കും. ഒരു ക്രിമിനൽ കേസ് വന്നാൽ അത് തീർക്കുന്നതിന് എത്രനാളെടുക്കും; പ്രവാസി മലയാളികൾ അവരുടെ കേസുമായി ബന്ധപ്പെട്ട് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി കേസ് വേഗത്തിൽ തീർപ്പാക്കുന്നതിനുവേണ്ടി ഒരു ക്വാസി ജൂഡീഷ്യറിയുടെ അധികാരത്തോടുകൂടിയായിരിക്കും ഈ കമ്മീഷൻ വരുന്നത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അത് വേഗത്തിലാക്കണം. അതോടൊപ്പം മറ്റൊരു കാര്യം കൂടിയുണ്ട്. വിദേശത്ത് ജോലിചെയ്യുന്ന പുരുഷന്മാരുടെ നാട്ടിലുള്ള കുടുംബങ്ങൾക്ക് ഒട്ടേറെ പീഡനങ്ങൾ അനുഭവിക്കേണ്ടിവരുന്നുണ്ട്. അത്തരം കേസ്സുകൾകൂടി പുതിയതായി രൂപം നൽകുന്ന ക്വാസി ജൂഡീഷ്യറി കപ്പാസിറ്റിയുള്ള ഈ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരാൻ ശ്രമിക്കണം. പ്രവാസികളുടെ കുടുംബത്തെ സഹായിക്കാൻ കഴിയുന്നതരത്തിലുള്ള വ്യവസ്ഥകൾ ഉണ്ടാകണം. ഏതായാലും ഇന്ന്

പ്രവാസികളെക്കുറിച്ച് നമുക്ക് അഭിമാനത്തോടെ പറയാൻ കഴിയും. ഞാൻ ഇവിടെ ഒട്ടേറെ നിർദ്ദേശങ്ങൾ വച്ചത് പ്രവാസികൾക്കായി ഗവൺമെന്റ് ഒന്നും ചെയ്തില്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിലല്ല. പ്രവാസികൾക്കായി ഏറ്റവും കൂടുതൽ കാര്യങ്ങൾ ചെയ്യുന്ന, പ്രവാസിക്ക് ഒരു പ്രശ്നമുണ്ടായാൽ ആ സമയത്തുതന്നെ അതിലിടപെടാൻ നമ്മുടെ ഉദ്യോഗസ്ഥർ താൽപ്പര്യം കാണിക്കുന്നുണ്ട്. ഏത് കാലഘട്ടത്തിലായാലും പ്രവാസികളുടെ കാര്യത്തിൽ വളരെ താൽപ്പര്യത്തോടുകൂടി ഇടപെടുന്ന ഗവൺമെന്റുകളാണ് കേരളത്തിലേത് എന്നുള്ള വിശ്വാസം പ്രവാസികൾക്കുണ്ട്. മറ്റ് പല സംസ്ഥാനങ്ങളിലും അവിടത്തെ ഗവൺമെന്റും ഭരണാധികാരികളും പൊതുപ്രവർത്തകരും കാണിക്കുന്നതിനേക്കാൾ കൂടുതൽ താൽപ്പര്യം കേരളീയ സമൂഹവും കേരളത്തിലെ ഉദ്യോഗസ്ഥ സമൂഹവും പ്രവാസികളോട് കാണിക്കുന്നുണ്ട്. അത് നല്ലതാണ്. കേരളീയരില്ലാത്ത സ്ഥലമില്ലായെന്നുള്ളത് നമുക്കറിയാം. നീൽ ആംസ്ട്രോങ് ചന്ദ്രനിൽ ഇറങ്ങിയപ്പോൾ അവിടെ രണ്ട് വ്യക്തികളെ കണ്ടാൽ അതിലൊന്ന് മലയാളിയായിരിക്കും എന്ന് പറഞ്ഞതുപോലെ എവിടെച്ചെന്നാലും മലയാളിയെ കാണാൻ കഴിയും. മലയാളിയെ കാണാൻ കഴിയാത്ത ഒരു സ്ഥലവുമില്ലായെന്നുള്ളത് വിദേശയാത്ര നടത്തിയിട്ടുള്ള നമുക്കെല്ലാവർക്കും അറിയാം. ഞാൻ നേരത്തെ

സൂചിപ്പിച്ചതുപോലെ നമ്മുടെ സാമ്പത്തിക മേഖലയിലെ ഏറ്റവും വലിയ ചാലകശക്തിയായി പ്രവർത്തിക്കുന്ന പ്രവാസി മലയാളികൾക്ക് കൊടുക്കേണ്ട പരിഗണന...... അവരുടെ ദൈനംദിന പ്രശ്നങ്ങളിൽ സാമൂഹ്യ സുരക്ഷയും സാമ്പത്തിക സംരക്ഷണവും റീഹാബിലിറ്റേഷനും ഉൾപ്പെടെ വിദേശത്ത് വരാൻ പോകുന്ന നിയമനിർമ്മാണത്തിന്റെ അടിസ്ഥാനത്തിൽ കേരളം അഭിമുഖീകരിക്കാൻ പോകുന്ന സാമ്പത്തിക-സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണത്തക്കവിധത്തിലുള്ള ദീർഘവീക്ഷണത്തോടുകൂടിയുള്ള നിയമ നിർമ്മാണങ്ങളെക്കുറിച്ച് ആലോചിക്കണം. ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി കെ. സി. ജോസഫിനെ ഞാൻ അഭിനന്ദിക്കുന്നു. വിദേശത്തുമാത്രമല്ല കേരളത്തിന് പുറത്ത് അന്യസംസ്ഥാനങ്ങളിൽ പണിയെടുക്കുന്നവർക്കും വളരെയധികം ഭീഷണി വരുന്നുണ്ട്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.- കേന്ദ്രത്തിൽ അധികാരത്തിൽ ഇരിക്കുന്ന ബി.ജെ.പി. ഗവൺമെന്റ് കാണിക്കുന്ന സമീപനങ്ങൾ കാരണം മറ്റ് സംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികളുടെ സുരക്ഷിതത്വബോധവും സംരക്ഷണബോധവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. മറ്റ് പല സംസ്ഥാനങ്ങളിലും അധികാരത്തിൽ വന്നിരിക്കുന്ന ബി.ജെ.പി. ഗവൺമെന്റുകൾ മലയാളികളോട്

അവഗണന മാത്രമല്ല എല്ലാ രംഗത്തും എതിർപ്പുകളും കാണിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തുനിന്നും പോയിരിക്കുന്നവരിൽ മിഷനറിമാരും സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്നവരും ജോലി തേടി പോയവരുമുണ്ട്. അവർ അവിടെ സ്ഥിരതാമസമാക്കിയിരിക്കുകയാണ്. അവർക്ക് അവരുടേതായ ആരാധനാക്രമങ്ങളും ഭക്ഷണ രീതികളുമുണ്ട്. ബീഫിന്റെ നിരോധനം മലയാളിക്ക് ഭീഷണിയുണ്ടായിട്ടുണ്ട്. ഓരോരുത്തർക്കും ഓരോ ഭക്ഷണ രീതിയാണ്. പച്ചക്കറി മാത്രം കഴിക്കുന്ന സമൂഹങ്ങളും നോൺവെജ് കഴിക്കുന്ന സമൂഹങ്ങളുമുണ്ട്. കേരളത്തിൽനിന്നും മറ്റ് സംസ്ഥാനങ്ങളിൽ കുടിയേറിപ്പാർത്തിരിക്കുന്ന പലർക്കും പല രീതിയിലുള്ള ഭക്ഷണ രീതിയാണുള്ളത്. ഭക്ഷണം കഴിക്കാനുള്ള നമ്മുടെ സ്വാതന്ത്ര്യത്തെപ്പോലും വെല്ലുവിളിക്കുന്ന നിയമനിർമ്മാണങ്ങളും ധിക്കാരപരമായ സമീപനങ്ങളും നടത്തുന്ന കേന്ദ്രഗവൺമെന്റും ആ കേന്ദ്രഗവൺമെന്റിന് ഒത്താശ ചെയ്യുന്ന ചില സംസ്ഥാന ഭരണകൂടങ്ങളും ആർ.എസ്.എസ്.-നേയും വിശ്വഹിന്ദു പരിഷത്തിനേയുംപോലെയുള്ള, കുടിവെള്ളത്തിൽപ്പോലും വർഗ്ഗീയത കാണുന്ന, ഭക്ഷണത്തിൽപ്പോലും വർഗ്ഗീയത കാണുന്ന വർഗ്ഗീയശക്തികൾ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളുടെ പ്രാന്തപ്രദേശങ്ങളിൽ ശക്തമായി സ്വാധീനം ചെലുത്തുമ്പോൾ........ വിദേശത്ത് പോയിരിക്കുന്ന മലയാളികൾ മാത്രമല്ല ഇന്ന്

ഇന്ത്യയിൽനിന്നും വിദേശത്ത് പോയിരിക്കുന്ന മലയാളികൾ കുറച്ചുകൂടി സുരക്ഷിതരാണ്. എന്നാൽ കേരളത്തിൽനിന്നും അന്യസംസ്ഥാനങ്ങളിൽ പോയിരിക്കുന്ന മലയാളികൾ അത്രയും സുരക്ഷിതരല്ല. അവർക്ക് ഒട്ടേറെ ഭീഷണി നേരിടേണ്ടിവരുന്നു. അവരുടെ ഭക്ഷണകാര്യങ്ങളിലും മതകാര്യങ്ങളിലും ഇടപെടുന്നു. അവരുടെ ദൈനംദിന ജീവിതത്തിലും വസ്ത്രരീതികളിലും ഭാഷയിൽപ്പോലും ഇടപെടുന്നു. വളരെ ഗൗരവത്തോടുകൂടി പ്രവാസികാര്യ വകുപ്പുമന്ത്രി ഇക്കാര്യം ഏറ്റെടുക്കണം. നമുക്കൊരു ആശയവിനിമയം നടത്തണം. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷത്തോടും പറയുന്നു. ഇക്കാര്യങ്ങളിൽ നാം ഒരുമിച്ച് നിൽക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ബീഫ് നിരോധനം പോലെയുള്ള നിയമ നിർമ്മാണങ്ങളുണ്ടാകുമ്പോൾ പരസ്പരം കുറ്റപ്പെടുത്തുകയല്ല വേണ്ടത്. ആര് ഏത് ഭക്ഷണം കഴിക്കണമെന്നതിനെക്കുറിച്ചുള്ള ധിക്കാരപരമായ സമീപനം നമ്മുടെ രാജ്യത്ത് വളർന്നുവരുമ്പോൾ ............. അസഹിഷ്ണുതയെക്കുറിച്ചുള്ള ചർച്ചകൂടി കടന്നുവരുന്നുണ്ട്. അതിൽ ഇത്തരം കാര്യങ്ങൾ നമുക്ക് പരാമർശിക്കാൻ കഴിയും. നമ്മുടെ രാജ്യത്തിന്റെ മൗലികമായ അവകാശങ്ങൾ, നമ്മുടെ രാജ്യം ഒരു മതേതരത്വ-ജനാധിപത്യ രാജ്യമാണ്. എന്തെല്ലാം കുറ്റങ്ങളും കുറവുകളുമുണ്ടെങ്കിലും സ്വതന്ത്രഭാരതത്തിൽ ജനിച്ചുവളർന്ന നമ്മളെപ്പോലെയുള്ള ആളുകൾക്ക് ഏറ്റവും

കൂടുതൽ അഭിമാനത്തോടെ, ഇന്ത്യയുടെ ഏറ്റവും വലിയ നേട്ടമെന്ന് പറയാൻ കഴിയുന്നത് ഇന്ത്യ ഇന്നും ഒരു മതേതരത്വ-ജനാധിപത്യ രാജ്യമായി നിലനിൽക്കുന്നു എന്നുള്ളതാണ്. വ്യത്യസ്തങ്ങളായ ആചാരങ്ങളും വിശ്വാസപ്രമാണങ്ങളുമുള്ള വൈവിദ്ധ്യത്തിൽ ഏകത്വമുള്ള സാംസ്കാരിക പൈതൃകത്തിൽ ആത്മാഭിമാനംകൊള്ളുന്ന ഇന്ത്യയുടെ പരമാത്മാവ് എന്നുപറയുന്നത് ഇന്ത്യയുടെ ഏറ്റവും വലിയ ശക്തിയെന്നുപറയുന്നത് ആ മതേതരത്വ കാഴ്ചപ്പാടും അതുമൂലം ലഭിക്കുന്ന സംരക്ഷണവുമാണ്. നമ്മുടെ വിശ്വാസ പ്രമാണങ്ങളിൽ മാത്രമല്ല നമ്മുടെ ഭക്ഷണരീതികളിലും വസ്ത്രരീതികളിലും ആചാരങ്ങളിലും ഭാഷകളിലുമെല്ലാം ആ സംരക്ഷണം കിട്ടുന്നു. അതിനെ വെല്ലുവിളിക്കുന്ന രീതിയിലുള്ള ശക്തമായ ഇടപെടലുകൾ ഇവിടത്തെ മതതീവ്രവാദികൾ നടത്തുന്നു. ആ മതതീവ്രവാദികൾക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന രീതിയിലുള്ള ചില പ്രചരണങ്ങളും പരിപാടികളും ഇന്ന് കേരളത്തിലും ആരംഭിച്ചിരിക്കുന്നു. ശ്രീ. വെള്ളാപ്പള്ളി നടേശന്റെ ജാഥയിൽ കേൾക്കുന്ന ധിക്കാരപരമായ സമീപനം ഉത്തരേന്ത്യയുടെ പ്രാന്തപ്രദേശങ്ങളിൽ നമ്മൾ കേൾക്കുന്നതാണ്. ഒരു മാൻഹോളിൽ അകപ്പെട്ടുപോയ രണ്ടു വ്യക്തികളെ രക്ഷിക്കുന്നതിനുവേണ്ടി ഇറങ്ങിയ ഒരു ഓട്ടോറിക്ഷ ഡ്രൈവറെപ്പോലും മതം നോക്കി, ജാതി നോക്കി അതിനപ്പുറം

അപഹാസ്യമായ രീതിയിൽ ഒരു ഗവൺമെന്റിനേയും ഒരു സമൂഹത്തേയും കുറ്റപ്പെടുത്താൻ വന്നിരിക്കുന്ന ശ്രീ. വെള്ളാപ്പള്ളി നടേശനെപ്പോലുള്ള ആളുകൾ നടത്തുന്ന ധിക്കാരപരമായ വെല്ലുവിളികൾ ഉണ്ട്. അത് അഭിപ്രായമല്ല, നമ്മുടെ സമൂഹത്തിനെതിരെ നടത്തുന്ന വെല്ലുവിളിയാണ്. ആ വെല്ലുവിളിയെ എങ്ങനെ നേരിടാൻ കഴിയുമെന്നതിനെക്കുറിച്ച് നമ്മൾ ആലോചിക്കണം. അതുപോലെതന്നെ ശ്രീ. റ്റി. എൻ. പ്രതാപൻ ഇവിടെ ഉന്നയിച്ചു. ഇടുക്കി പോലുള്ള പ്രദേശത്തെ മലയിടുക്കുകൾ മുഴുവൻ ഒരു സമുദായം അതിന്റെ കുരിശടികളാക്കി മാറ്റിയിരിക്കുന്നു എന്ന്. കേസെടുക്കുകയല്ല വേണ്ടത്. അദ്ദേഹത്തെപ്പോലെയുള്ള ആളുകളെ അറസ്റ്റുചെയ്ത് ഈ ജാഥ അവസാനിപ്പിക്കത്തക്ക രീതിയിലുള്ള ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകണമെന്ന വ്യക്തിപരമായ അഭിപ്രായമാണ് എനിക്കുള്ളത്. നമ്മുടെ സമൂഹത്തിനെതിരെയും ഉത്തരേന്ത്യയിലും വളർന്നു വരുന്ന, ഇന്നിപ്പോൾ ജാതിയുടെ പേരിൽ, മതത്തിന്റെ പേരിൽ മാത്രമല്ല സംസ്ഥാനങ്ങളുടെ പേരിൽ അതിർവരമ്പുകൾ ഉണ്ടാക്കി ഓരോ സംസ്ഥാനത്തേയും മാറ്റി നിർത്തി, ഓരോ ആചാരങ്ങളേയും മാറ്റി നിർത്തി മുന്നോട്ടു പോകുന്ന വർഗ്ഗീയശക്തികൾ ഇന്ത്യാ രാജ്യം ഭരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മൾ നേരിടുന്ന ഇത്തരം പ്രശ്നങ്ങൾ നോർക്ക ഡിപ്പാർട്ടുമെന്റും പ്രവാസികാര്യ മന്ത്രിയുമൊക്കെ വലിയ ഗൗരവത്തോടുകൂടി

എടുക്കണം. മലയാളികൾ വർഷങ്ങളോളമായി നാടുവിട്ടുപോയി അവിടെ സ്ഥിരതാമസക്കാരായി കഴിയുന്ന ആളുകളെപ്പോലും, ഇന്നും അവരുടെ സംരക്ഷണത്തെ ചോദ്യം ചെയ്യത്തക്ക രീതിയിലുള്ള സാഹചര്യങ്ങൾ ഇന്ത്യാ രാജ്യത്ത് വളർന്നു വരുമ്പോൾ അതിനേയും എങ്ങനെ നേരിടാം അതിനെതിരായി എങ്ങനെ നിയമനിർമ്മാണങ്ങൾ ഉണ്ടാക്കണം അതിനെതിരെ നമുക്ക് എങ്ങനെ ശക്തമായി മുന്നോട്ടു പോകണം അതിനെതിരെ ഏതെല്ലാം തലങ്ങളിൽ യോജിച്ചുള്ള പ്രവർത്തനങ്ങൾ നടത്തണം എന്നുള്ള കാര്യത്തിൽ ഭരണ/പ്രതിപക്ഷ ഭേദമെന്യേ ഏതെല്ലാം വേദികളിൽ ഒരുമിച്ച് നിന്നുകൊണ്ട് ഈ ധിക്കാരത്തേയും ഈ സമീപനത്തേയും എതിർക്കാൻ കഴിയും, അതിനുള്ള തുടക്കവും നേതൃത്വവും കൊടുക്കാൻ പ്രവാസികാര്യ വകുപ്പിന് കഴിയണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ നിയമത്തിൽ എന്റെ ഭേദഗതി ഒരിക്കൽക്കൂടി അവതരിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട കെ. വി. അബ്ദുൾഖാദർ, ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾഖാദർ: സർ, 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ

(ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പ്രവാസികളുടെ ക്ഷേമത്തിനുവേണ്ടി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന നിയമത്തിൽ കാലാനുസൃതമായിട്ടുള്ള ഒരു ഭേദഗതിയാണ് ഇവിടെ നിർദ്ദേശിക്കുന്നത്. പ്രവാസത്തിന്റെ നോവും നൊമ്പരങ്ങളും അനുഭവിച്ച ആളുകളാണ് പ്രവാസികളായി ഇന്ന് നമ്മുടെ സമൂഹത്തിലേറെ ബുദ്ധിമുട്ടുകൾ നേരിടുന്നത്. കണ്ണീരും സ്വപ്നങ്ങളും വിൽക്കാൻ വിദേശരാജ്യങ്ങളിൽ പോയി അദ്ധ്വാനിക്കുന്ന അവരുടെ പ്രശ്നങ്ങൾ ഏറ്റവും ആദ്യം കണ്ടത് ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞതുപോലെയല്ല, ഇ.കെ. നായനാരുടെ ഗവൺമെന്റാണ് ആദ്യമായി പ്രവാസികൾക്കുവേണ്ടി ഒരു വകുപ്പ് ഈ സംസ്ഥാനത്ത് ഉണ്ടാക്കിയത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ഈ പ്രവാസി ക്ഷേമനിധി നിയമത്തിൽ ചില മാറ്റങ്ങൾ വേണമെന്ന് ഞങ്ങൾ ഉൾപ്പെടെ എല്ലാവരും ആവശ്യപ്പെട്ട ഒരു കാര്യമാണ്. ഇവിടെ ഈ ക്ഷേമനിധി നിയമത്തിൽ ഇപ്പോൾ വരുത്തുന്ന ഭേദഗതി അൻപത്തിയഞ്ച് വയസ്സ് എന്നുള്ളത് അറുപത് വയസ്സാക്കി മാറ്റുക എന്നതാണ്. തീർച്ചയായിട്ടും അത് സ്വാഗതാർഹമായിട്ടുള്ള കാര്യമാണ്. പക്ഷെ അതുകൊണ്ടുമാത്രം പ്രവാസികൾക്ക് പൂർണ്ണമായി പ്രയോജനം ലഭിക്കുമെന്ന്

ഞങ്ങൾക്ക് അഭിപ്രായമില്ല. ഈ നിയമത്തിൽ കുറെയേറെ മാറ്റങ്ങൾ പ്രവാസികൾക്ക് അനുകൂലമായി ഇനിയും വരുത്തേണ്ടതുണ്ട്. മന്ത്രി ചൂണ്ടിക്കാണിച്ചൊരു കാര്യം 1,43,000 ആളുകളാണ് ഈ കാലമത്രയുമായിട്ട് ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. സത്യത്തിൽ പ്രവാസികളായി നമ്മുടെ നാട്ടിൽ ഉള്ളത് മുപ്പതോ മുപ്പത്തിയഞ്ചോ ലക്ഷം ആളുകളാണ്. അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന ആളുകളുടെ എണ്ണം കൂടി എടുത്താൽ അതിനേക്കാളേറെ വരും. ഡൽഹിയിലും ബോംബെയിലും കൽക്കട്ടയിലും ചെന്നൈയിലും ഭോപ്പാലിലുമുള്ള മലയാളികളുടെ എണ്ണം എടുത്താൽ അതിനേക്കാളേറെ വരുന്നതാണ്. അത്രയും പ്രവാസികൾ ഉണ്ടായിട്ടും അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മറുനാടൻ മലയാളികൾ ഉണ്ടായിട്ടും 1,43,000 ആളുകൾ മാത്രം എന്തുകൊണ്ടാണ് ഈ ക്ഷേമിധിയിൽ അംഗങ്ങളായത് എന്നത് ഇതിന്റെ നിയമത്തിലുള്ള ഒരു പരിമിതിയായിട്ടാണ് എനിക്ക് തോന്നുന്നത്.

മി. ചെയർമാൻ : ക്ഷേമനിധി ആകർഷകമായി തോന്നാത്തതുകൂടി കൊണ്ടാണ്.

ശ്രീ. കെ. വി. അബ്ദുൾഖാദർ: ക്ഷേമനിധിയുടെ ഒരു പരിമിതിയായിട്ട് തോന്നുകയാണ്. അത് മാറ്റം വരുത്തേണ്ട ഒരു കാര്യമാണ്. കഴിഞ്ഞ

നിയമസഭയുടെ കാലത്ത് ആരംഭിച്ച പ്രവാസികളുടെ ക്ഷേമത്തിനുവേണ്ടിയുള്ള സംസ്ഥാന നിയമസഭ കമ്മിറ്റി അതിന്റെ ആദ്യത്തെ റിപ്പോർട്ടിൽ ഗവൺമെന്റിനോട് ആവശ്യപ്പെട്ടൊരു കാര്യം അതായിരുന്നു. ഇതിന് മാറ്റം വരുത്തണം. ഉദാഹരണത്തിന് ഇതിൽ മറ്റെല്ലാ ക്ഷേമനിധിയിലും അടയ്ക്കുന്ന അംശദായം ക്ഷേമനിധി കാലാവധി പൂർത്തിയാക്കുന്ന സന്ദർഭത്തിൽ അവർക്ക് കൊടുക്കുന്നുണ്ട്. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായ കർഷകത്തൊഴിലാളിക്ക് ക്ഷേമനിധിയുടെ കാലാവധി എത്തുന്ന സമയത്ത് അവർക്ക് അടച്ച സംഖ്യ കൊടുക്കുന്നുണ്ട്. പക്ഷേ, പ്രവാസി ക്ഷേമനിധിയിൽ കൊടുക്കുന്നില്ല. പരിമിതമായ പെൻഷൻ 500 മുതൽ 2000 വരെ എന്നതാണ് നിയമത്തിൽ ഉണ്ടായിരുന്നത്. അതിപ്പോൾ വർദ്ധിപ്പിച്ചുയെന്നു പറയുന്നു. യഥാർത്ഥത്തിൽ ഇത് ആകർഷകമല്ല. പ്രവാസി ക്ഷേമനിധിപോലെ ഒരു പ്രധാനപ്പെട്ട ക്ഷേമനിധിയിൽ അംശദായം അടയ്ക്കുന്ന ആളുകൾക്ക് അവർ പെൻഷൻ ആകുന്ന സമയത്ത് ഈ അടച്ച സംഖ്യയും അതിന്റെ പലിശയും കൊടുത്താൽ മാത്രമേ ഇതിൽ കൂടുതൽ പ്രവാസികൾ അംഗങ്ങളായി ചേരുകയുള്ളൂ.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. സി. ജോസഫ്</u>): പെൻഷന് പുറമെ അംശദായം അടച്ചതും

കൊടുക്കണമെന്നാണോ?

<u>ശ്രീ. കെ. വി. അബ്ദുൾഖാദർ:</u> യഥാർത്ഥത്തിൽ എന്തുകൊണ്ടാണ് ഈ ക്ഷേമനിധി കൂടുതൽ അട്രാക്റ്റീവ് ആകാത്തത് എന്നത് ഒരു പ്രശ്നമാണ് 40 വയസ്സുള്ള അല്ലെങ്കിൽ 35 വയസ്സുള്ള ഒരു പ്രവാസി ഇതിൽ അംഗമായിട്ട് അയാൾ 60 വയസ്സുവരെ - നിലവിലുള്ള നിയമത്തിൽ 55 വയസ്സുവരെ - അംശദായം അടച്ചാൽ അയാൾ കാലാവധി എത്തി നാട്ടിൽ തിരിച്ച് വരുമ്പോൾ നിങ്ങൾ കൊടുക്കുന്നത് 500 രൂപ അല്ലെങ്കിൽ 1000 രൂപ പെൻഷനാണ്. അത് ഒട്ടും ആകർഷകമല്ല. അംശദായം അടയ്ക്കുന്ന സംഖ്യ കാലാവധി എത്തുന്ന സമയത്ത് ഇവർക്ക് തിരിച്ചുകൊടുക്കാം എന്നൊരു ഭേദഗതി കൊണ്ടുവരികയാണെങ്കിൽ വിദേശരാജ്യങ്ങളിൽ മാത്രമല്ല മറ്റു സംസ്ഥാനങ്ങളിൽ താമസിക്കുന്ന ആളുകൾ ഉൾപ്പെടെ ധാരാളമായി ഇതിൽ അംഗങ്ങളായി ചേരും.

<u>ശ്രീ. കെ. സി. ജോസഫ്:</u> ക്ഷേമനിധിക്കുള്ള കോർപ്പസ് എന്നുപറയുന്നത് ലഭിക്കുന്ന അംശദായവും അതിന്റെ 2% സംസ്ഥാനങ്ങളുടെ ഷെയറുമാണ്. അല്ലാതെ മറ്റ് യാതൊരു സോഴ്സും നമുക്കില്ല. അങ്ങ് പറഞ്ഞതുപോലെ അംശദായം അടച്ചത് മടക്കികൊടുത്താൽ പെൻഷൻ കൊടുക്കാൻ കഴിയില്ല. രണ്ടാമത്തെ കാര്യം മിനിമം പെൻഷൻ വിദേശമലയാളികൾക്ക് 1000 രൂപയും 5 കൊല്ലത്തിൽ കൂടുതൽ

അടയ്ക്കുകയാണെങ്കിൽ ഓരോ കൊല്ലവും 3% അഡീഷണലായി കൊടുക്കും. അങ്ങനെയാണ് നിശ്ചയിച്ചിരിക്കുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: അങ്ങ് പറഞ്ഞത് ശരിയാണ്. ഈ കാര്യത്തിലൊരു നിർദ്ദേശം കൂടിയുണ്ട്. പ്രവാസിരംഗത്ത് പ്രവർത്തിക്കുന്ന ഒരു സംഘടനയുടെ പ്രതിനിധി എന്നുള്ള നിലയിൽ ഞങ്ങൾ മുന്നോട്ടു വച്ച നിർദ്ദേശം, കഴിഞ്ഞ ഒരു വർഷം മുൻപ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പത്രസമ്മേളനത്തിൽ തത്വത്തിൽ അംഗീകരിച്ചതാണ്. അങ്ങ് ഇവിടെ അത് അംഗീകരിച്ചതായി തോന്നുന്നു. പ്രവാസികൾ നമ്മുടെ രാജ്യത്തിന് നൽകുന്ന വലിയ സംഭാവനകളെ സംബന്ധിച്ച് ശ്രീ. ബെന്നി ബെഹനാൻ ഇവിടെ സംസാരിക്കുകയുണ്ടായി. എല്ലാവരും പറയുന്ന കാര്യമാണ്. ഈ സഭയ്ക്കകത്തും പുറത്തുമുള്ളവരും സാമ്പത്തിക വിദഗ്ദ്ധരും സമ്മതിക്കുന്ന കാര്യം കേരളത്തിന്റെയും ഇന്ത്യയുടേയും സമ്പദ്ഘടനയെ ശക്തമായി നിർത്തുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നത് പ്രവാസികളാണ്. പ്രവാസികൾക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റേതായി നൽകുന്ന സംഭാവന എന്താണ്? കേന്ദ്ര ഗവൺമെന്റിന്റെതായ എന്തെങ്കിലും പദ്ധതികൾ ഇതുവരെ കൊണ്ടുവന്നിട്ടില്ല. ഇന്ത്യയ്ക്കാകെ മാതൃകയായ ഒരു പ്രവാസി ക്ഷേമ നിയമം സംസ്ഥാനത്ത് കൊണ്ടുവന്നിരിക്കുകയാണ്. കഴിഞ്ഞ

കേന്ദ്ര ധനകാര്യ കമ്മീഷന് മുൻപാകെ സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ച നിർദ്ദേശങ്ങളിന്മേൽ പ്രഖ്യാപിക്കുമെന്ന് പറഞ്ഞ കാര്യങ്ങളിൽ ഒന്ന് പ്രവാസി പുനരധിവാസ പദ്ധതികൾക്ക് കേന്ദ്ര സഹായം തേടും എന്നതായിരുന്നു. നിയമസഭയിൽ ഞാനൊരു ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചുകൊണ്ട് ഈ കാര്യം ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. നമുക്ക് കേന്ദ്ര ഗവൺമെന്റിനു മുൻപാകെ വയ്ക്കാവുന്ന ഏറ്റവും നല്ല പ്രോജക്ട് പ്രവാസി ക്ഷേമനിധിക്കുള്ള കേന്ദ്രസഹായം ആവശ്യപ്പെടലാണ്. ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചത് ശരിയാണെന്ന് ഞാൻ നേരത്തേ പറഞ്ഞു. കാരണം, ഇതിനകത്ത് പ്രവാസികളുടെ അംശദായവും സംസ്ഥാന ഗവൺമെന്റിന്റെ വിഹിതവും മാത്രമേയുള്ളൂ. മറ്റു ക്ഷേമനിധികളെപ്പോലെ ഉടമയുടെ വിഹിതമില്ല. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ആകർഷിക്കാൻ കഴിയുകയാണെങ്കിൽ നമുക്ക് ഇതൊരു വലിയ സ്കീമായി മാറ്റാൻ കഴിയും. കേന്ദ്ര ഗവൺമെന്റ് പണം കണ്ടെത്തിയില്ലെങ്കിൽ, നമ്മുടെ ചർച്ചയിൽ വന്നിട്ടുള്ള ഒരു കാര്യമാണ്. എമിഗ്രേഷൻ ഫീസ് ഇനത്തിൽ കേന്ദ്ര ഗവൺമെന്റ് വാങ്ങിവച്ചിട്ടുള്ള വലിയൊരു സംഖ്യയുണ്ട്. ആദ്യഘട്ടത്തിൽ 500 രൂപയായിരുന്നു. പിന്നെ 1000 രൂപയും, 1500 രൂപയുമാക്കി. ഈ എമിഗ്രേഷൻ ക്ലിയറൻസ് സംഖ്യ ആയിരക്കണക്കിന് കോടി രൂപ വരും. ഇത് പലരും തിരിച്ച് വാങ്ങിയിട്ടില്ല. കേന്ദ്ര

ഗവൺമെന്റിന്റെ പക്കലുള്ള ഈ സംഖ്യയിൽ നിന്നും ഒരു വിഹിതം, 1970 മുതൽ 50 വർഷക്കാലം മലയാളികൾ അടച്ച ഈ സംഖ്യയിൽ നിന്നും ഒരു വിഹിതം നമുക്കാവശ്യപ്പെട്ടാൽ, കേന്ദ്ര ഗവൺമെന്റ് ആ സംഖ്യയിൽ ഒരു വിഹിതം നൽകുകയാണെങ്കിൽ ഈ പദ്ധതി ഏറ്റവും കൂടുതൽ ആകർഷകമാക്കാൻ സാധിക്കും. അതല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ചെറിയ പങ്കെങ്കിലും സംസ്ഥാനത്തിന് നൽകുകയാണെങ്കിൽ ചരിത്രത്തിലെ ഏറ്റവും മനോഹരമായ ഒരു ക്ഷേമ പദ്ധതിയായി ഇത് മാറ്റാൻ കഴിയും. സംസ്ഥാന ഗവൺമെന്റ് ഇതിന് നൽകിയിട്ടുള്ളത് 2% ആണ്. സംസ്ഥാന ഗവൺമെന്റ് തന്നെ നൽകുന്ന സംഖ്യ അപര്യാപ്തമാണെന്ന് എനിക്ക് തോന്നുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 10 കോടിരൂപ നൽകി. ഈ ഗവൺമെന്റ് വേണ്ടത്ര തുക നൽകിയില്ലെന്നാണ് എന്റെ ധാരണ. ക്ഷേമനിധിയുടെ അംശദായം അല്ലാതെ മറ്റു തുക നമുക്ക് കാര്യമായി നൽകാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഇവിടെ അങ്ങ് കൊണ്ടുവരുന്ന ഈ ഭേദഗതിയെ പിന്തുണയ്ക്കുന്നതോടൊപ്പം ഇതുകൊണ്ടുമാത്രം ഈ ക്ഷേമപദ്ധതി ആകർഷകമാവുകയില്ല എന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് ആകർഷകമാകണമെങ്കിൽ അംശദായം തിരികെ കൊടുക്കാനുള്ള

തീരുമാനമുണ്ടാകണം. മറ്റൊന്ന്, ഇതിലെ പെൻഷൻ സംഖ്യ അപര്യാപ്തമാണ്. ഗൾഫിൽനിന്ന് തിരിച്ചുവരുന്ന ഒരാൾക്ക് ആയിരം രൂപ പെൻഷൻ ലഭിക്കും എന്നുപറഞ്ഞാൽ......., ഞാൻ ചോദിക്കട്ടെ പ്രവാസി ക്ഷേമനിധിക്ക് മാത്രമല്ലേ ആയിരം രൂപ വരുന്നുള്ളൂ. ഒരു രൂപ പോലും അടയ്ക്കാതെ എത്ര രൂപ നമ്മൾ പെൻഷനായി മറ്റ് ക്ഷേമപദ്ധതികൾക്ക് കൊടുക്കുന്നു; പ്രവാസികൾ വർഷങ്ങളോളം ഈ ക്ഷേമനിധിയിലേയ്ക്ക് പണമടച്ചിട്ട് ആയിരം രൂപ മാത്രമേ കൊടുക്കൂ എന്ന് പറയുന്നത് ശരിയായിട്ടുള്ള കാര്യമല്ല.

ശ്രീ. സാജു പോൾ: സർ, കേരളത്തിൽ എല്ലാ മേഖലകളിലുമുള്ള തൊഴിലാളികൾക്ക് ക്ഷേമനിധിയുണ്ട്. ആ ക്ഷേമനിധിയുടെ പ്രവർത്തനങ്ങളിൽ, അതിൽ അംഗങ്ങളെ ചേർക്കുന്നതിൽ ഏറ്റവും മുന്നിൽനിന്ന് പ്രവർത്തിച്ചിരുന്നത് ട്രേഡ് യൂണിയനുകളാണ്. പക്ഷേ പ്രവാസി മലയാളികൾക്കുവേണ്ടിയുള്ള ഈ പദ്ധതിയിൽ നമ്മുടെ രാജ്യത്തിനകത്തും പുറത്തും പ്രവർത്തിക്കുന്ന ഒരുപാട് സംഘടനകളുണ്ട്. ആ സംഘടനകളുടെ സഹായം ഇതുവരെ സ്വീകരിച്ചിട്ടില്ല. യഥാർത്ഥത്തിൽ അവർക്കൊരു അംഗീകാരം പോലും നമ്മൾ കൊടുത്തിട്ടില്ല. പ്രവാസികളുടെ വലിയ സമ്മേളനങ്ങൾ ചേരുമ്പോൾപ്പോലും വലിയ വ്യവസായ ഭീമന്മാരെയോ ഉന്നതരായ ആളുകളെയോ അതിൽ പങ്കെടുപ്പിക്കുകയും

ആദരിക്കുകയും ചെയ്യുന്നത് ഒഴിച്ചാൽ വലിയ സേവനങ്ങൾ ഉണ്ടാകുന്നില്ല. വിദേശരാജ്യങ്ങളിൽ ആരെങ്കിലും മരണമടഞ്ഞാൽ, ജയിലുകളിൽ പോയാൽ, അസുഖ ബാധിതരായാൽ നമുക്ക് ഏറ്റവും പെട്ടെന്ന് ആശ്രയിക്കാൻ കഴിയുന്നത് എംബസ്സികളെക്കാളുപരി ഈ സംഘടനകളെയാണ്. അത്തരത്തിൽ വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന, നമ്മോടൊക്കെ വളരെ ആഭിമുഖ്യവും അടുപ്പവും പുലർത്തുന്ന ആ സംഘടനകളെ ഈ ക്ഷേമനിധിയുടെ പ്രവർത്തനത്തിൽ സജീവമായി സഹകരിപ്പിക്കണമെന്നുള്ള അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, തീർച്ചയായും ഉണ്ട്. അവിടത്തെ സംഘടനകളുടെ സഹായം നമ്മൾ ആവശ്യപ്പെടുകയും സഹകരിപ്പിക്കുകയും വേണം. ഇവിടെ ഞാൻ ചൂണ്ടിക്കാണിച്ചത്, അവർ എന്തിന് ഇതിൽ ചേരണം; ഇതിൽ ചേരുന്നതുകൊണ്ട് അവർക്ക് എന്ത് പ്രയോജനം എന്ന പ്രശ്നം വരുമ്പോൾ......, ഉദാഹരണമായി 35 വയസ്സുള്ള ഒരാൾ ക്ഷേമനിധിയിൽ ചേർന്ന് രണ്ട് പതിറ്റാണ്ട് ക്ഷേമനിധി വിഹിതമടച്ചാൽ ആയിരമോ രണ്ടായിരമോ രൂപയാണ് അവർക്ക് പെൻഷൻ കിട്ടുന്നതെങ്കിൽ അവർ എന്തിന് ഇതിൽ ചേരണം; ഏകദേശം 30 ലക്ഷത്തോളം പ്രവാസികളുണ്ടായിട്ടും നിലവിലെ കണക്കനുസരിച്ച് 1,43,000 ആളുകൾ മാത്രം ചേർന്നിട്ടുള്ളത് എന്ന പരിമിതി ഈ പദ്ധതിയിൽ കാണാൻ

കഴിയണം. അതുകൊണ്ട് ഈ ഭേദഗതി നിയമസഭയിൽ കൊണ്ടുവരികയും ഇത് സ്വാഗതാർഹമാണെന്ന് പറയുമ്പോൾ ഇക്കാര്യങ്ങൾക്കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ ഇത് ആകർഷകമാകൂവെന്ന് പറയുകയാണ്. മറ്റൊരു കാര്യം, ഈ ക്ഷേമനിധിയിലെ ചില സഹായ പദ്ധതികളായ വിവാഹ ധനസഹായത്തിനുള്ള തുക 10,000/- രൂപയാണ്. അത് കാലാനുസൃതമായി വർദ്ധിപ്പിക്കാൻ കഴിയേണ്ടതുണ്ട്. ഭവന നിർമ്മാണത്തിനുള്ള തുക വളരെ പരിമിതമാണ്. അക്കാര്യവും ക്ഷേമനിധിയുടെ ഭേദഗതി സമയത്ത് വർദ്ധിപ്പിക്കണം. ഇത്തരം കാര്യങ്ങൾ വന്നാൽ മാത്രമേ ക്ഷേമനിധിയിൽ കാലോചിതമായി മാറ്റങ്ങൾ വരുത്താൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ ഇത് പേരിനുമാത്രമായിട്ടുള്ള പദ്ധതിയായി നിൽക്കുക മാത്രമേയുള്ളൂ. പ്രവാസികൾ നേരിടുന്ന ഒട്ടേറെ പ്രശ്നങ്ങൾ ഇവിടെ പല അംഗങ്ങളും ചർച്ചയിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. യഥാർത്ഥത്തിൽ വലിയ അനീതി നേരിടുന്ന ഒരു വിഭാഗമാണ് പ്രവാസികൾ എന്നതാണ് സത്യം. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുമ്പോഴും അല്ലെങ്കിൽ പല വേദികളിൽ സംസാരിക്കുമ്പോഴും അവർക്ക് അനുകൂലമായി കാര്യങ്ങൾ ചെയ്യും, പറയും എന്നൊക്കെ പറയുന്നുണ്ടെങ്കിൽപ്പോലും വളരെ വലിയ അനീതി അവർ നേരിടുകയാണ്. എന്തുകൊണ്ടാണ് യാതൊരു നിയന്ത്രണവുമില്ലാതെ വിമാനക്കൂലി വർദ്ധിപ്പിച്ചത്? എന്റെ സുഹൃത്ത് ശ്രീ. ബെന്നി

ബെഹനാൻ ഇവിടെ സംസാരിച്ചപ്പോൾ അവരോട് കാണിക്കുന്നത് അനീതിയാണെന്നാണ് പറഞ്ഞത്. അനീതി നടത്തിയതിൽ അദ്ദേഹത്തിന്റെ പാർട്ടി കേന്ദ്രം ഭരിച്ചിരുന്ന സമയത്തും അതിൽ പങ്ക് വഹിച്ചുവെന്നുള്ളത് സത്യമല്ലേ? വിമാനക്കൂലി ഇഷ്ടംപോലെ കൂട്ടാം എന്ന വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി കൊടുക്കുന്ന നിയമം യു.പി.എ. സർക്കാരിന്റെ അവസാന കാലഘട്ടത്തിലാണ് നടപ്പിലാക്കിയത്. അധികാരത്തിൽവന്ന കേന്ദ്ര ഗവൺമെന്റുകൾ പലപ്പോഴും ഈ പ്രശ്നങ്ങളിൽ കുറ്റകരമായിട്ടുള്ള നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. ശ്രീ. വി. പി. സിംഗ് പ്രധാനമന്ത്രിയായിരിക്കുന്ന ഘട്ടത്തിൽ ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് പ്രവാസികൾക്കുവേണ്ടിയുള്ള ഒരു ക്ഷേമനിധി കൊണ്ടുവരുമെന്ന ഒരു നിലപാട് അദ്ദേഹം സ്വീകരിച്ചിരുന്നു. ദൗർഭാഗ്യവശാൽ ആ ഗവൺമെന്റ് അധികകാലം നിന്നില്ല. പിന്നീട് വന്ന ഗവൺമെന്റുകളൊന്നും ഇക്കാര്യത്തിൽ യാതൊരു നിലപാടും സ്വീകരിച്ചില്ല. പ്രവാസികളെ കറവപ്പശുക്കളായി മാത്രം കാണുകയും അവർക്കുവേണ്ടി ഒരു പദ്ധതിയും ആവിഷ്കരിക്കുകയും ചെയ്തില്ല എന്നത് വിമാനക്കൂലിയുടെ കാര്യത്തിൽ ഇന്നും നമ്മെ തുറിച്ചുനോക്കുകയാണ്. നമ്മളൊക്കെ വിദേശത്തുപോകുമ്പോൾ പ്രവാസികൾ നൽകുന്ന നിവേദനങ്ങളിൽ സംഘടനാഭേദമില്ലാതെ, രാഷ്ട്രീയഭേദമില്ലാതെ എല്ലാവരും ഒരേസ്വരത്തിൽ

പറയുന്നത് കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെക്കുറിച്ചാണ്. കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിന്റെ ഭരണകാലത്ത് പ്രവാസികാര്യ വകുപ്പും വ്യോമയാന വകുപ്പും ഒരേസമയം ശ്രീ. വയലാർ രവി കൈകാര്യം ചെയ്ത സമയമുണ്ടായിരുന്നു. എന്ത് നിലപാടാണ് അദ്ദേഹം അവരോട് സ്വീകരിച്ചത്? ഇക്കാര്യത്തിൽ അദ്ദേഹത്തിന് എന്തെങ്കിലും മാറ്റം വരുത്താൻ കഴിഞ്ഞില്ലെന്നുമാത്രമല്ല, ഈ അനീതി തുടരുകയാണ് ചെയ്തത്. നിലവിലുള്ള കേന്ദ്ര ഗവൺമെന്റിന് യാതൊരു ബാദ്ധ്യതയുമില്ല. പ്രവാസികാര്യ വകുപ്പ് വിദേശകാര്യ മന്ത്രാലയത്തോട് അറ്റാച്ച് ചെയ്തിരിക്കുകയാണ്. പ്രവാസികാര്യ വകുപ്പിന് ഒരു മന്ത്രിയില്ലാത്ത അവസ്ഥ നിലവിൽ വന്നിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റുകളുടെ ഈ തെറ്റായ നിലപാടുകൾ പ്രവാസിസമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായി എനിക്ക് തോന്നുകയാണ്.

നഴ്സുമാരുടെ പ്രശ്നം ഇവിടെ പറയുകയുണ്ടായി. അവർക്ക് എമിഗ്രേഷൻ ക്ലിയറൻസ് കിട്ടുന്നില്ല. സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസി നടത്തുന്ന തട്ടിപ്പുകൾ തടയണം. ആ തട്ടിപ്പുകൾ തടയാനുള്ള സംവിധാനങ്ങൾ ആവശ്യമാണ്. പക്ഷേ വിവിധ വിദേശരാജ്യങ്ങളിൽ തൊഴിലിനായി പോകുന്ന നഴ്സുമാർക്ക് ഇപ്പോൾ ക്ലിയറൻസ് കൊടുക്കുന്നില്ല. ഇന്നലെയും മിനിഞ്ഞാന്നുമായി പത്രങ്ങളിൽ

ഇതുസംബന്ധിച്ച വലിയ വാർത്ത വന്നതാണ്. തെക്കൻ കേരളമായ കോട്ടയം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിൽ ധാരാളം നഴ്സുമാർ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. നിങ്ങൾ അന്വേഷിച്ചുനോക്കണം. നഴ്സുമാർക്ക് വിദേശത്തുപോകാനുള്ള എമിഗ്രേഷൻ ക്ലിയറൻസ് ലഭിക്കാത്ത തെറ്റുകൊണ്ടാണ്; കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നിലപാട് തിരുത്താനും അതിലിടപെടാനും സംസ്ഥാന ഗവൺമെന്റിന് കഴിയേണ്ടതുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിക്കുകയും എമിഗ്രേഷൻ ക്ലിയറൻസ് വളരെ വേഗത്തിൽ ലഭിക്കുന്നതിനാവശ്യമായ നിലപാടുകൾ സ്വീകരിക്കുകയും വേണം. വിദേശ രാജ്യങ്ങളായ സൗദി അറേബ്യയും യൂറോപ്യൻ രാജ്യങ്ങളായ യു.കെ., യു.എസ്. എന്നിവിടങ്ങളിലൊക്കെ ജോലി ചെയ്യുന്ന നഴ്സുമാരുണ്ട്. കേരളത്തിൽനിന്ന്, ഇന്ത്യയിൽനിന്ന് നഴ്സിംഗ് ജോലിക്ക് പോകാനുള്ള എമിഗ്രേഷൻ ക്ലിയറൻസ് നൽകുന്നില്ല എന്നത് ഇന്ന് അവർ നേരിടുന്ന വലിയൊരു പ്രശ്നമാണ്. ഇക്കാര്യത്തിൽ വലിയൊരു പ്രതിഷേധം നഴ്സുമാർക്കുണ്ട്. നേരത്തെ തട്ടിപ്പ് നടന്നുവെന്നാണ് എമിഗ്രേഷൻ ക്ലിയറൻസ് നൽകാതിരിക്കുന്നതിന് ന്യായമായി പറയുന്നത്. തട്ടിപ്പുനടത്തിയവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ കഴിയണം. അത്തരത്തിലുള്ള തട്ടിപ്പുകൾ

നടത്തുന്ന ആളുകളെ കൈകാര്യം ചെയ്യാനും കഴിയണം. തൊഴിലിനുവേണ്ടി അഭ്യസ്തവിദ്യരായ, പ്രത്യേക വൈദഗ്ദ്ധ്യമുള്ള ആളുകളെയാണ് അവർ ജോലിക്ക് വിളിക്കുന്നത്. ചില വ്യവസ്ഥകൾ കൊണ്ടുവന്നതിലുള്ള ആപത്ത് ഇതിലുണ്ട് എന്ന് എനിക്ക് തോന്നുന്നു. നേരത്തെ ഉണ്ടാക്കിയ ചില തൊഴിൽ കരാറുകൾ ഈ വിഷയത്തിൽ നമുക്ക് തിരിച്ചടിയായി വരികയാണ് ചെയ്യുന്നത്. അതുകൊണ്ട് ഇതിലുള്ള തടസ്സങ്ങൾ നീക്കാൻ കഴിയണം. ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ചതുപോലെ എംബസ്സികളുടെ നിലപാടുകളെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. അപൂർവ്വമായിട്ടുള്ള സ്ഥലങ്ങളിൽ ആളുകളുടെ താൽപ്പര്യാർത്ഥം നല്ല കാര്യം ചെയ്യുന്ന അംബാസിഡർമാരുടെ മെച്ചപ്പെട്ട സേവനം ലഭിക്കുന്നു. പക്ഷേ മഹാഭൂരിപക്ഷം സ്ഥലങ്ങളിലും അങ്ങനെയല്ല. ഒരു ചെറിയ കാര്യത്തിനുപോലും എംബസ്സിയിൽ പോയാൽ അനുഭാവപൂർവ്വം പെരുമാറാത്ത സ്ഥിതി ഇപ്പോൾ നിലനിൽക്കുകയാണ്. ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെ ചില എംബസ്സികളിലെ ഉദ്യോഗസ്ഥന്മാർ പ്രവാസികളോട് വളരെ ഏകാധിപത്യപരമായി പെരുമാറുകയും നിഷധാത്മകമായ നിലപാട് സ്വീകരിക്കുകയും ചെയ്യാറുണ്ട്. ഇതിനൊരു മാറ്റം ഉണ്ടാകണമെങ്കിൽ എമിഗ്രേഷൻ നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തണം. ഇത് നിരന്തരമായി ആവശ്യപ്പെട്ടുവരുന്ന കാര്യമാണ്. 1923-ലെ ബ്രിട്ടീഷ് ഇന്ത്യ

എമിഗ്രേഷൻ ആക്ട് 1983-ൽ പാർലമെന്റിൽ ഭേദഗതി വരുത്തി ഇന്ത്യൻ എമിഗ്രേഷൻ ആക്ട് എന്നാക്കി. ഇതിൽ ആ ഭേദഗതി വന്നെങ്കിലും പ്രവാസികളുടെ ക്ഷേമത്തിനുവേണ്ടി ഇടപെടാനുള്ള വ്യവസ്ഥകളൊന്നും നമ്മുടെ ആക്ടിൽ ഇല്ല. അതുകൊണ്ടുതന്നെ ശ്രീലങ്ക, ബംഗ്ലാദേശ്, ഫിലിപ്പൈൻസ് എന്നിവിടങ്ങളിൽനിന്നുള്ള കുടിയേറ്റ തൊഴിലാളികൾക്കുവേണ്ടി അവരുടെ എംബസികൾ ചെയ്യുന്നതുപോലുള്ള ഒരു ഇടപെടലും നമ്മുടെ എംബസികളിൽ നിന്നുണ്ടാകുന്നില്ല. അതിനു കഴിയാത്ത ഒരു സ്ഥിതിയാണുള്ളത്. ഇതിനായി നിയമത്തിൽതന്നെ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്. രണ്ടാമതായി, ഇതിനാവശ്യമായിട്ടുള്ള സ്റ്റെങ്ത് പല എംബസികളിലും ഇല്ല. വളരെകുറച്ച് ആളുകളെ വച്ചുകൊണ്ട് ഇക്കാര്യങ്ങൾ ചെയ്യാൻ എംബസികൾക്ക് കഴിയുന്നില്ല. നിയമപരമായ സഹായം നൽകുന്നതിന് പലപ്പോഴും സാധിക്കുന്നില്ല. ശ്രീ. എം. ഹംസ ചൂണ്ടിക്കാണിച്ച കാര്യം, നേരത്തെ സംസ്ഥാന ഗവൺമെന്റ് ഇതിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും പ്രായോഗികമായി നമുക്കത് ചെയ്യാൻ കഴിഞ്ഞില്ല. ഒരു സംസ്ഥാനത്തിനുമാത്രമായി ചെയ്യാൻ കഴിയില്ല എന്നുള്ള നിലപാടിന്റെ ഭാഗമായിട്ടായിരിക്കുമെന്നാണ് എനിക്കുതോന്നുന്നത്. ഈ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന് ബാധ്യതയുണ്ട്. ആ ബാധ്യത നിർവ്വഹിപ്പിക്കാൻ

നമുക്ക് കഴിയണം. അല്ലെങ്കിൽ ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നമുക്ക് കഴിയണം. പെറ്റി കേസുകളിൽ, ചെറിയ ട്രാഫിക് നിയമ ലംഘനത്തിന്റെ പ്രശ്നത്തിലാണെങ്കിൽപ്പോലും പിടിക്കപ്പെടുകയോ തടവിലാക്കപ്പെടുകയോ  ചെയ്താൽ അവർക്ക് നിയമ സഹായം കൊടുക്കാൻ ഇന്ന് എംബസികൾക്ക് നിയമപരമായി യാതൊരു ബാധ്യതയുമില്ല. അതുകൊണ്ട് നിയമപരമായി ഇടപെടത്തക്ക നിലയിൽ ബാധ്യതപ്പെട്ട സമഗ്രമായ കുടിയേറ്റ നിയമം കൊണ്ടുവരുന്നതിന് നമുക്ക് കഴിയണം. മറ്റൊന്ന്, നമ്മുടെ വിമാനത്താവളങ്ങളുടെ അന്തർദേശീയ പദവിയെ സംബന്ധിച്ച് നേരത്തെ ചർച്ചയിൽ ശ്രീ. ബെന്നി ബെഹനാനും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയും സൂചിപ്പിച്ചിരുന്നു. ഇന്ത്യയിലെ ആറോ ഏഴോ വിമാനത്താവളങ്ങൾക്ക് അന്തർദേശീയ പദവി നൽകിയപ്പോൾ കേരളത്തെ ഒഴിവാക്കിയത് എന്തുകൊണ്ടാണെന്ന ചോദ്യത്തിന് ഇതുവരെ കേന്ദ്ര ഗവൺമെന്റിന്റെ വക്താക്കൾ കൃത്യമായ മറുപടി നൽകിയിട്ടില്ല. ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് മാത്രമല്ല തൊട്ടുമുമ്പുണ്ടായിരുന്ന ഗവൺമെന്റിന്റെ കാലത്തും അതുതന്നെയായിരുന്നു സ്ഥിതി. അന്തർദേശീയ പദവി നൽകുന്നതുമായി ബന്ധപ്പെട്ട് ഡൽഹിയിൽ ചേർന്ന യോഗത്തിൽ കേരളത്തിൽനിന്നുള്ള പ്രതിനിധി പങ്കെടുത്തിരുന്നു. പക്ഷെ നമ്മുടെ വിമാനത്താവളങ്ങളിൽ ഒന്നിനുപോലും

അന്തർദേശീയ പദവി നൽകാൻ തയ്യാറായില്ല. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രവാസി യാത്രക്കാരുള്ള സംസ്ഥാനം കേരളമാണ്. കൊച്ചി, തിരുവനന്തപുരം, കരിപ്പൂർ വിമാനത്താവളങ്ങളിലായി ആയിരക്കണക്കിന് യാത്രക്കാരാണ് ഓരോ ദിവസവും യാത്രചെയ്യുന്നത്. പ്രവാസി കുടിയേറ്റ യാത്രക്കാരുടെ എണ്ണം പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ യാത്രക്കാരുള്ള കേരളത്തിലെ വിമാനത്താവളങ്ങളെ അന്തർദേശീയ വിമാനത്താവള പട്ടികയിൽനിന്ന് തഴഞ്ഞത് കേരളത്തോടുള്ള അവഗണനയല്ലാതെ മറ്റൊന്നുമല്ല. ഇത് ഞങ്ങൾ പറയുമ്പോൾ കേന്ദ്ര അവഗണന എന്നു പറയുന്നതിന്റെ ഒരു cliche ചിലപ്പോൾ ഫീൽ ചെയ്യുന്നുണ്ടാവാം. പക്ഷേ ഇതൊരു സത്യമാണ്. കേരളത്തോട് ഉത്തരേന്ത്യൻ ലോബിക്കുള്ള ഒരു നിഷേധാത്മകമായ നിലപാട് എന്നല്ലാതെ ഇതിന് മറ്റെന്തെങ്കിലും കാരണം പറയാനുണ്ട് എന്ന് എനിക്ക് തോന്നുന്നില്ല. അന്തർദേശീയ വിമാനത്താവള പട്ടികയിൽ ഉൾപ്പെടുത്തിയാൽ ലഭിക്കുന്ന ഗുണം എന്താണ് എന്നൊരു ചോദ്യം ഉയരുകയുണ്ടായി. ഇന്റർനാഷണൽ ഹബ് ആയി നിർണ്ണയിച്ചുകഴിഞ്ഞ വിമാനത്താവളത്തിന് വിമാനക്കൂലിയുടെ കാര്യത്തിൽ പ്രത്യേക പരിഗണനയുണ്ട്. ആ സ്റ്റേറ്റിൽ വിമാനക്കൂലിയുടെ കാര്യത്തിൽ പ്രത്യേക ആനുകൂല്യം ലഭിക്കും. ഗൾഫിൽ നിന്ന് കൊച്ചിയിലേയ്ക്കോ കോഴിക്കോട്ടേയ്ക്കോ ഉള്ള വിമാനചാർജ് അമിതമായി വർദ്ധിപ്പിച്ച അതേ

ഘട്ടത്തിൽത്തന്നെ തൊട്ടടുത്ത മംഗലാപുരം, ബാഗ്ലൂർ, ചെന്നൈ വിമാനത്താവങ്ങളിലേയ്ക്കുള്ള ചാർജ് കുറഞ്ഞുനിൽക്കുന്നതായി കാണാം. അതിന്റെ കാരണം ഇന്റർനാഷണൽ ഹബ് പട്ടികയിൽ നമ്മുടെ വിമാനത്താവളങ്ങൾ ഇല്ല എന്നതുതന്നെയാണ്. അതുകൊണ്ട് പ്രവാസി ക്ഷേമത്തെക്കുറിച്ച് നമ്മൾ സംസാരിക്കുന്ന സന്ദർഭത്തിൽ കേരളത്തിലെ വിമാനത്താവളങ്ങളെ അന്തർദേശീയ വിമാനത്താവള പട്ടികയിൽ ഉൾപ്പെടുത്തുക എന്ന വിഷയം വളരെ പ്രധാനപ്പെട്ടതാണ്. ഇത്തരം കാര്യങ്ങളിലുള്ള നമ്മുടെ നിലപാടുകളിൽ ഒരു ഏകീകൃത സ്വഭാവം ഉണ്ടാകണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുകയാണ്. അതോടൊപ്പം പുനരധിവാസ പദ്ധതികളെക്കുറിച്ച് പറഞ്ഞപ്പോൾ ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞത് നിതാഖത്തുമായി ബന്ധപ്പെട്ട് തിരിച്ചുവന്നവർക്കുള്ള കാര്യങ്ങൾ നമ്മൾ നന്നായി നിർവഹിച്ചു എന്നാണ്. എന്നാൽ യാഥാർത്ഥ്യം എന്താണ്? ചില കാര്യങ്ങൾ വരികൾക്കിടയിൽ മനസിലാകത്തക്കവിധത്തിൽ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞു. അദ്ദേഹം പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച നിയമസഭാ കമ്മിറ്റിയുടെ ചെയർമാനെന്ന നിലയിൽ കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും സിറ്റിംഗ് നടത്തുമ്പോൾ ആളുകളുടെ പരാതികളും അഭിപ്രായങ്ങളും ബോധ്യമുള്ള ആളെന്ന നിലയിലാണ് പറഞ്ഞത് എന്നാണ്

തോന്നുന്നത്. സൗദി അറേബ്യയിൽനിന്ന് നിതാഖത് മൂലം തിരിച്ചുവന്ന ഇരുപതിനായിരം ആളുകൾ നോർക്കയിൽ പേര് രജിസ്റ്റർ ചെയ്തു. ഇവർക്കുവേണ്ടി കാര്യമായി എന്തെങ്കിലും ചെയ്യാൻ നമുക്ക് കഴിഞ്ഞില്ല എന്നതാണ് വസ്തുത. അത് കേവലം ബാങ്കുകളെ പഴിചാരിക്കൊണ്ട് നമുക്ക് രക്ഷപ്പെടാൻ കഴിയുന്ന കാര്യമല്ല. ബാങ്കുകൾ ഇക്കാര്യത്തിൽ വലിയ വിവേചനം മലയാളികളോട് കാണിക്കുന്നുണ്ട്. ഈ കാര്യത്തിൽ ഏറ്റവും ശക്തമായ നിലപാട് സ്വീകരിച്ചത് ശ്രീ. വി.എസ്. അച്യുതാനന്ദനാണ്. അദ്ദേഹം ബാങ്കുകൾ മലയാളികളോട് കാണിക്കുന്ന വിവേചനത്തെ സംബന്ധിച്ച് വളരെ ശക്തമായി സംസാരിച്ചിട്ടുള്ള വ്യക്തിയാണ്. കാരണം ഇന്ത്യയിൽ വലിയ തോതിൽ നിക്ഷേപം ലഭിക്കുന്ന സംസ്ഥാനം കേരളമാണ്. പക്ഷേ ആ നിക്ഷേപത്തിനനുസൃതമായി കേരളത്തിൽ ലോൺ കൊടുക്കുന്നില്ല. ബാങ്കുകൾ കാണിക്കുന്ന വിവേചനത്തിനെതിരായി കേരളം കക്ഷിരാഷ്ട്രീയത്തിനതീതമായി പ്രതികരിക്കണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതോടൊപ്പം പ്രധാനമാണ് പ്രവാസി പുനരധിവാസത്തിന് സംസ്ഥാന ഗവൺമെന്റ് നൽകുന്ന മുൻഗണനയുമായി ബന്ധപ്പെട്ട വിഷയം. ഈ സഭ തന്നെ പല പ്രാവശ്യം ചർച്ച ചെയ്ത കാര്യമാണ്. സംസ്ഥാന ചീഫ് സെക്രട്ടറി അധ്യക്ഷനായി ഉദ്യോഗസ്ഥതല സമിതിയും പ്രവാസികാര്യ മന്ത്രി കൺവീനറായി

മന്ത്രിതല സമിതിയും രൂപീകരിച്ചു. ഇത്രയൊക്കെ ഉണ്ടായെങ്കിൽപ്പോലും എന്തെങ്കിലും കാര്യം പുനരധിവാസകാര്യത്തിൽ നടത്താനായി കഴിഞ്ഞില്ല എന്നുമാത്രമല്ല ബാങ്കുകൾ നൽകിയിട്ടുള്ള വായ്പ യഥാർത്ഥത്തിൽ അവരെ കൊള്ളയടിക്കുന്നതിന് തുല്യമായിരുന്നു. പലസ്ഥലങ്ങളിലും ശക്തമായിട്ടുള്ള വികാരം അക്കാര്യത്തിൽ ഉയർന്നുവന്നതാണ്. അതുകൊണ്ട് പുനരധിവാസ കാര്യത്തിൽ കുറച്ചുകൂടി നല്ല രീതിയിലുള്ള നിലപാടുകൾ സ്വീകരിക്കാൻ നമുക്ക് കഴിയണം. പ്രവാസികൾ അർഹിക്കുന്ന തരത്തിലുള്ള ഒരു ഇടപെടൽ സംസ്ഥാന കേന്ദ്ര ഗവൺമെന്റുകളുടെ ഭാഗത്തുനിന്നുണ്ടാകേണ്ടതുണ്ട്. പ്രവാസി ക്ഷേമനിധി നിയമത്തിലുള്ള ഈ ഭേദഗതി സ്വാഗതാർഹമാണ് എന്നു പറയുമ്പോൾ തന്നെ ഇതിൽ വരുത്തേണ്ട മാറ്റങ്ങൾ കൂടി വന്നാൽ മാത്രമെ ഇതുകൊണ്ട് എന്തെങ്കിലും പ്രയോജനം പ്രവാസികൾക്കുണ്ടാവുകയുള്ളൂ. അതുകൊണ്ട് ഞാൻ ഈ ഭേദഗതി മൂവ് ചെയ്ത് അവസാനിപ്പിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, പ്രവാസി ക്ഷേമനിധിയുടെ ഭേദഗതി അവതരിപ്പിച്ച് സംസാരിച്ച ശ്രീ. ബെന്നി ബെഹനാനും ശ്രീ. കെ. വി. അബ്ദുൾ ഖാദറും നൽകിയ നിർദ്ദേശങ്ങൾ വളരെയേറെ സ്വാഗതാർഹമാണ്. ഈ നിയമത്തിന്റെയും പ്രവാസി ക്ഷേമ കാര്യങ്ങളുടെയും പോരായ്മകളും പ്രയാസങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട് ആവശ്യമായ മാറ്റം വരുത്താനുള്ള നിർദ്ദേശങ്ങൾ തീർച്ചയായും ഗൗരവപൂർവം പരിഗണിക്കാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. ഇവിടെ ഒരു വിഷയമുള്ളത് ലോകത്ത് എവിടെ ആഭ്യന്തര പ്രശ്നമുണ്ടായാലും ആദ്യം നമ്മളാണ് അതിന്റെ പ്രയാസം നേരിടുന്നത്. ഇറാഖ്, യമൻ, ലിബിയ എന്നിവിടങ്ങളിലെല്ലാം പ്രശ്നങ്ങളുണ്ടായപ്പോൾ ഇന്ത്യയിലെ മറ്റ് സംസ്ഥാന ഗവൺമെന്റുകളേക്കാൾ താൽപ്പര്യം കാണിച്ചത് കേരള ഗവൺമെന്റാണ്. അതുകൊണ്ട് അവിടെനിന്ന് നേരിയ പോറൽ പോലുമേൽക്കാതെ എല്ലാ ആളുകളെയും മടക്കിക്കൊണ്ടുവരാൻ സാധിച്ചു എന്നത് അവഗണിക്കാൻ കഴിയുന്ന കാര്യമല്ല. അക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സഹായമുണ്ടായി. Emergency repatriates ആയി ഇറാഖിൽനിന്ന് 418 പേരെയും ലിബിയയിൽനിന്ന് 532 പേരെയും യമനിൽനിന്ന് 2444 പേരെയും

മടക്കിക്കൊണ്ടുവരാൻ സാധിച്ചു. അവിടെ യുദ്ധസമാനമായ സാഹചര്യമുണ്ടാകുമ്പോൾ നമ്മുടെ ഏറ്റവും വലിയ ഉത്കണ്ഠ അവിടെ നിന്ന് എങ്ങനെ അവരെ തിരികെക്കൊണ്ടുവരാൻ സാധിക്കും എന്നതാണ്. അക്കാര്യത്തിൽ വളരെ ഫലപ്രദമായി പ്രവർത്തിക്കാൻ കേരള ഗവൺമെന്റിന് കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ പൂർണ്ണമായ സഹകരണമുണ്ടായി. അവിടെ നിന്ന് മടങ്ങാനാഗ്രഹിച്ച എല്ലാവരെയും നാട്ടിലെത്തിക്കാൻ സാധിച്ചു. ഏകദേശം 1 കോടി 34 ലക്ഷം രൂപ അതിനുവേണ്ടി നോർക്ക ചെലവഴിക്കുകയും ചെയ്തു. പക്ഷേ ഇപ്പോൾ മടങ്ങിവന്നവരുടെ ജോലി പ്രശ്നം വീണ്ടും ഉയർന്നുവരികയാണ്. ഇവരെല്ലാം പ്രതികൂലമായ സാഹചര്യങ്ങളിലും വിദേശത്ത് ജോലിക്ക് പോകാനുള്ള കാരണം സ്വന്തം വീട് സംരക്ഷിക്കാനുള്ള അവരുടെ ഉത്തരവാദിത്തബോധമാണ്. വിദേശത്ത് രണ്ട് വർഷവും ഒരു വർഷവും ആറ് മാസവും ജോലി ചെയ്തവരുണ്ട്. അവരെല്ലാം മടങ്ങിവരുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങൾ നമ്മൾ കാണുന്നതാണ്. മടങ്ങിയെത്തിയ ആളുകളുടെ റിഹാബിലിറ്റേഷന് വേണ്ടി മുഖ്യമന്ത്രി തന്നെ മുൻകൈ എടുത്ത് വിദേശ രാജ്യങ്ങളിലെ ആശുപത്രികളിലെ മലയാളികളായ ഉടമകളെ വിളിച്ചുകൂട്ടി സംസാരിച്ചപ്പോൾ അവരെല്ലാം സഹകരിക്കാമെന്ന് പറഞ്ഞു. സഹകരണം

പൂർണ്ണമായും ഫലപ്രദമായില്ലെങ്കിലും ചെറിയ രീതിയിൽ അവരെ ജോലിക്ക് വിദേശത്തേയ്ക്ക് മടക്കിയയ്ക്കാൻ സാധിച്ചു. അതിന്റെ ഫലമായി അൽ-അഹല്യ മെഡിക്കൽ ഗ്രൂപ്പ് മുൻകൈ എടുത്ത് 152 പേരെ സെലക്ട് ചെയ്ത് കൊണ്ടുപോയിക്കഴിഞ്ഞു. അൽ-അബീർ മെഡിക്കൽ ഗ്രൂപ്പ് തെരഞ്ഞെടുത്തവർ പോകാൻ തുടങ്ങുന്നതേയുള്ളൂ. ആസ്റ്റർ മെഡിസിറ്റി ഏതാണ്ട് 100 പേരെ തെരഞ്ഞെടുത്തുകഴിഞ്ഞു. കേരളത്തിൽ ജോലി കൊടുക്കുന്നത് സാദ്ധ്യമായ കാര്യമല്ല. ഇവിടെ ജോലി ചെയ്താൽ കിട്ടുന്നത് 7,000 രൂപ മുതൽ 10,000 രൂപവരെയാണ്. ഇതിൽ വിദ്യാഭ്യാസ വായ്പയെടുത്ത് പഠിച്ചവരും ഉണ്ടാകും. നമുക്ക് ചെയ്യാൻ കഴിയുന്നത്, വിദേശ രാജ്യങ്ങളിലുള്ള മലയാളികളായവരെ ബന്ധപ്പെട്ട് ജോലി അവസരങ്ങൾ കണ്ടെത്തുകയെന്നുള്ളതാണ്. അത്തരം സാദ്ധ്യതകൾ പരിശോധിക്കുന്നു ണ്ടെങ്കിലും പൂർണ്ണമായും വിജയിക്കാൻ സാധിച്ചിട്ടില്ല. ഇവിടെ ശ്രീ. കെ. വി. അബ്ദുൾ ഖാദർ പറഞ്ഞത്, നഴ്സുമാരുടെ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട കാര്യമാണ്. അതുണ്ടാകാനുള്ള സാഹചര്യം അങ്ങ് മനസ്സിലാക്കണം. ഒരു നഴ്സിനെ വിദേശത്ത് അയയ്ക്കാൻ 15 ലക്ഷം രൂപ വരെയാണ് ചെലവായിക്കൊണ്ടിരുന്നത്. അങ്ങനെ പോയാലും രണ്ടോ മൂന്നോ വർഷം ജോലി നൽകി കോൺട്രാക്ട് തീരുമ്പോൾ മടക്കി അയയ്ക്കും. വീണ്ടും

അതേ ജോലിക്ക് മറ്റുള്ളവരെ കൊണ്ടുപോവുകയാണ്. ഇതൊരു **vicious circle** ആണ്. പ്രത്യേകിച്ചും കുവൈറ്റിലുള്ള ആളുകളുമായി ബന്ധപ്പെട്ട ഗൂഢസംഘമാണ് ഇത്തരത്തിൽ ആളുകളെ കൊണ്ടുപോകുന്നത്. അങ്ങനെ പോയാൽപ്പോലും വാഗ്ദാനം ചെയ്ത ശമ്പളം ലഭിക്കാറില്ലെന്നും ജോലി സാഹചര്യങ്ങൾ മോശമാണെന്നുമുള്ള ധാരാളം പരാതികൾ ലഭിക്കാറുണ്ട്. ജോലിക്കായി 10 മുതൽ 20 ലക്ഷം രൂപ വരെ വാങ്ങിക്കുകയും പറയുന്ന ശമ്പളം കൊടുക്കാതിരിക്കുകയും ചെയ്യുന്ന തട്ടിപ്പിന്റെ പരാതികളും ഇക്കൂട്ടത്തിലുണ്ട്. പരാതികൾ ലഭിച്ച് ഗവൺമെന്റ് ഇടപെട്ടപ്പോഴാണ് കേന്ദ്ര ഗവൺമെന്റ് നിയന്ത്രണം ഏർപ്പെടുത്തിയത്. ഇന്ന് 18 രാജ്യങ്ങളിൽ ഇ.സി.ആർ. നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ആ 18 രാജ്യങ്ങളുമായി സംസ്ഥാന ഗവൺമെന്റ് ബന്ധപ്പെട്ടു. നോർക്ക വകുപ്പ് സെക്രട്ടറി ശ്രീമതി റാണി ജോർജ്ജും ലേബർ സെക്രട്ടറി ശ്രീ. ടോം ജോസും ജി.സി.സി.യിൽ പോയി ചർച്ചകൾ നടത്തിയതിന്റെ ഫലമായി കുവൈറ്റ്, സൗദി അറേബ്യ എന്നീ രണ്ട് രാജ്യങ്ങളിൽ ഉണ്ടാകുന്ന നഴ്സുമാരുടെ ഒഴിവുകളിലേയ്ക്കും സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട് റിക്രൂട്ട്മെന്റ് നടത്താമെന്ന് സമ്മതിച്ചിട്ടുണ്ട്. കുവൈറ്റിൽ നിന്നുള്ള സംഘം ഡിസംബർ മാസം 14, 15 തീയതികളിൽ

കേരളത്തിൽ വരുന്നുണ്ട്. കുവൈറ്റുമായുള്ള കരാർ ഇന്ത്യൻ അംബാസിഡർ ഒപ്പിട്ടുകഴിഞ്ഞു. തീർച്ചയായും ഈ 18 രാജ്യങ്ങളുമായും വ്യവസ്ഥാപിതമായി കരാർ ഒപ്പിട്ടുകഴിഞ്ഞാൽ ന്യായമായ രീതിയിൽ വിദേശത്തേയ്ക്ക് തൊഴിലിന് അയയ്ക്കാൻ കഴിയും. കേരളത്തിൽ ഇതിന്റെ ചുമതല വഹിക്കുന്നത് NORKA-ഉം ODEPC -ഉം ആണ്. ഒരാളിന് ചെലവാകുന്ന തുക 20,000 രൂപയിൽ താഴെയാണ്. കുറഞ്ഞ ചെലവിൽ അയയ്ക്കാൻ സാധിക്കുമെന്ന് മാത്രമല്ല, അവർക്ക് മെച്ചപ്പെട്ട ജോലി സാഹചര്യം ഉണ്ടാക്കാനും ന്യായമായ വേതനം ലഭ്യമാക്കാനും സാധിക്കും. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ബാക്കിയുള്ള 16 രാജ്യങ്ങളിലേയ്ക്കും കൂടി റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ ശ്രമിക്കുന്നുണ്ട്. അത് പൂർത്തിയായിക്കഴിഞ്ഞാൽ കുറച്ചുകൂടി പരിഹാരം കാണാൻ സാധിക്കും. ഇപ്പോൾ ജോലിക്ക് അയയ്ക്കാൻ സാധിക്കുന്നില്ലെന്ന് പറഞ്ഞത് ശരിയാണ്. അത് അനിവാര്യമായ സാഹചര്യമാണ്. തീർച്ചയായും കുവൈറ്റിന്റെയും സൗദി അറേബ്യയുടെയും പാതയിൽ മറ്റ് ജി.സി.സി. രാജ്യങ്ങൾ വന്നുകഴിഞ്ഞാൽ ആ രാജ്യങ്ങളിലേയ്ക്കുള്ള സെലക്ഷൻ വ്യക്തമായ മാനദണ്ഡങ്ങളോടെ നടത്താൻ സാധിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇവിടെ ശ്രീ. ബെന്നി

ബെഹനാൻ ചൂണ്ടിക്കാണിച്ച വിഷയം യാത്രാപ്രശ്നമാണ്. എല്ലാക്കാലവുമുള്ളതും ഗൾഫിൽ ആര് പോയാലും കേൾക്കുന്നതുമായ പരാതിയാണ് വിമാനക്കൂലിയുടെ വർദ്ധനവ്. കേട്ടുപോകുന്നതല്ലാതെ ഒരു ഗവൺമെന്റിനും പരിഹരിക്കാൻ സാധിക്കുന്നില്ല. സീസൺ ആകുമ്പോൾ സാധാരണ ചാർജ്ജിന്റെ 10 മുതൽ 20 ഇരട്ടിവരെ ചാർജ്ജ് ഈടാക്കുന്നു. അതിനർത്ഥം ലോവർ ക്ലാസ്സിലുള്ള ആളുകൾക്ക് ആ സമയം നാട്ടിൽ വരാൻ സാധിക്കുന്നില്ല എന്നാണ്. അവധിക്ക് നാട്ടിൽ വരാൻ കാത്തിരിക്കുന്നവർക്ക് വരാൻ സാധിക്കാത്ത ഗുരുതരമായ പ്രയാസങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ നമ്മൾ നിസ്സഹായരാണ്. കാരണം ഇന്നത്തെ വിമാനായാത്രാ നയം അനുസരിച്ച് വിമാനക്കമ്പനികളെ നിയന്ത്രിക്കാൻ കേന്ദ്ര ഗവൺമെന്റിന് സാധിക്കുന്നില്ല. അതിന്റെ ഫലമായി ഈ മേഖലയിൽ വലിയ ചൂഷണമുണ്ടാകുന്നു. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പുതിയ വിമാന നയത്തിന്റെ കരട് പബ്ലിഷ് ചെയ്തിട്ടുണ്ട്. ആ കരട് സംസ്ഥാന ഗവൺമെന്റ് പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കാൻ ചീഫ് സെക്രട്ടറി കൺവീനറും സിയാൽ എം.ഡി. ശ്രീ. വി.ജെ കുര്യൻ ഐ.എ.എസ്, കണ്ണൂർ വിമാനത്താവളത്തിന്റെ എം.ഡി. ശ്രീ. ചന്ദ്രമൗലി എന്നിവർ അംഗങ്ങളുമായ

കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റി പഠിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കും. നിർദ്ദേശങ്ങളിൽ ഒന്നാമതായി, വിമാന ചാർജ്ജിൽ റെഗുലേഷൻ ഉണ്ടാകണം എന്നതാണ്. വിമാന ചാർജ്ജ് ഒരു നിയന്ത്രണവും ഇല്ലാതെ ഈടാക്കുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല. ഗൾഫ് സെക്ടർ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട മേഖലകളിൽ സീസൺ ടൈമിൽ ഈടാക്കുന്ന ചാർജ്ജിന് ഒരു ക്യാപ്പിംഗ് ഉണ്ടാകണം. അതിനായി പരമാവധി ചാർജ്ജ് ഫിക്സ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം. രണ്ടാമതായി, കൂടുതൽ ലോ കോസ്റ്റ് സർവ്വീസിന് ഗൾഫിലേയ്ക്ക് അനുവാദം കൊടുത്താൽ അവിടെ നിന്നും വരുന്ന ആളുകൾക്ക് ആ സർവ്വീസ് ഉപയോഗിക്കാൻ സാധിക്കും. മൂന്നാമതായി, എയർ കേരളയാണ്. എയർ കേരള നമ്മുടെയല്ലാം വലിയ ആഗ്രഹമായിരുന്നു. അതിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. എന്നാൽ ഇപ്പോഴത്തെ നയം അനുസരിച്ച് 20 വിമാനങ്ങളും 5 കൊല്ലത്തെ ഡൊമസ്റ്റിക് എക്സ്പീരിയൻസും ഉണ്ടെങ്കിൽ മാത്രമെ എയർ കേരളയ്ക്ക് ഇന്റർ നാഷണൽ ഫ്ലൈറ്റിന് അവസരം ലഭിക്കുകയുള്ളൂ. നമുക്ക് 20 വിമാനങ്ങൾ ഉണ്ടാക്കാൻ സാധിക്കില്ല, 5 കൊല്ലത്തെ എക്സ്പീരിയൻസുമില്ല. അതുകൊണ്ട് പുതിയ വിമാന നയത്തിൽ മാറ്റങ്ങൾ നിർദ്ദേശിക്കുമ്പോൾ എയർ കേരള പോലുള്ള

സംസ്ഥാന ഗവൺമെന്റുകളുടെ സ്ഥാപനങ്ങൾക്ക് ഈ നിയന്ത്രണം എടുത്തുകളയാനാവശ്യമായ നിർദ്ദേശങ്ങളും നൽകാൻ ഉദ്ദേശിക്കുകയാണ്. എയർ ഇന്ത്യാ എക്സ്പ്രസ്സിനെക്കുറിച്ച് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ചൂണ്ടിക്കാണിച്ചു. അത് എയർ ഇന്ത്യയുടെ സബ്സിഡിയറിയാണ്. അവർക്ക് ഈ നിയമം ബാധകമാക്കിയില്ല. അതുപോലുള്ള ആനുകൂല്യങ്ങൾ കേരള ഗവൺമെന്റ് കമ്പനിയായ എയർ കേരളയ്ക്കും ലഭിക്കണമെന്ന് ശക്തമായി ഉന്നയിക്കുന്നുണ്ട്. അത് ലഭിച്ചുകഴിഞ്ഞാൽ എയർ കേരള യാഥാർത്ഥ്യമാകും. അതുകൊണ്ട് എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടില്ലെങ്കിലും വിമാനക്കമ്പനികളുടെ ചൂഷണത്തിന് നിയന്ത്രണം വരുത്താൻ വളരെയേറെ സഹായകരമാകും. നിതാഖത് നിയമത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ലോകത്ത് എവിടെ പ്രശ്നങ്ങളുണ്ടായാലും അത് കേരളത്തെ ബാധിക്കുകയാണ്. നിതാഖത് നിയമം മൂലം മടങ്ങിവന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി ആരംഭിച്ചു. NDPREM എന്ന സമഗ്രമായ പുനരധിവാസ പാക്കേജിലേയ്ക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ 19000 പേരാണ് അപേക്ഷ സമർപ്പിച്ചത്. ബാങ്കുമായി ബന്ധപ്പെട്ട് സ്ക്രീനിംഗിന് വിളിച്ചപ്പോൾ വന്നത് 7000 പേർ മാത്രമാണ്. കാരണം വന്ന ആളുകൾക്ക് സാമ്പത്തിക ബുദ്ധിമുട്ടുകളും

കടബാധ്യതയും ഉള്ളതുകൊണ്ട് സാമ്പത്തിക സഹായമാണ് അവർക്ക് ആവശ്യം. അങ്ങനെ ചെയ്യാൻ സാധിക്കില്ല. നമ്മെ സംബന്ധിച്ചിടത്തോളം ബാങ്കുമായി ബന്ധപ്പെട്ട് ചെറുകിട വ്യവസായ സംരഭങ്ങൾ, ടാക്സി സർവ്വീസ്, ഡയറി സംരംഭങ്ങൾ തുടങ്ങിയവയ്ക്കുള്ള സ്കീം ഉണ്ടാക്കാൻ സാധിക്കും. അതുമായി ബന്ധപ്പെട്ട് കാനറാ ബാങ്ക് ഇപ്പോൾ 1072 പേർക്കും യൂണിയൻ ബാങ്ക് 1012 പേർക്കും സഹായം കൊടുത്തുകഴിഞ്ഞു. ഇപ്പോൾ സൗത്ത് ഇന്ത്യൻ ബാങ്കും സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയും കൂടി സഹായിക്കാൻ തയ്യാറായിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ കേരളത്തിലെ ബാങ്കുകളുടെയെല്ലാം അടിത്തറ പ്രവാസികളുടെ നിക്ഷേപമാണ്. പ്രവാസികളുടെ നിക്ഷേപം ബാങ്കുകളിൽ മാത്രം 1,17,000 കോടി രൂപയാണെന്ന് രാവിലെ ഇവിടെ പറയുകയുണ്ടായി. ബാങ്കുകളുടെയെല്ലാം അടിത്തറ പ്രവാസികളാണെങ്കിലും അവർക്ക് അപകടമോ പ്രയാസമോ ഉണ്ടായാൽ എല്ലാവരും മുഖംതിരിക്കുന്നു. സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റിയിൽ മുഖ്യമന്ത്രി ആവർത്തിച്ച് ആവശ്യപ്പെട്ടു. കാരണം ബാങ്കുകൾക്ക് ഒരു മോറൽ റെസ്പോൺസിബിലിറ്റിയുണ്ട്. പണ്ടൊക്കെയാണെങ്കിൽ ഒരു പ്രവാസി നാട്ടിലേയ്ക്ക് വന്നാൽ ആദ്യം വരുന്നത് ആ നാട്ടിലെ ലോക്കലായിട്ടുള്ള ബാങ്കിലെ മാനേജരാണ്. മാനേജർ ഡെപ്പോസിറ്റ് വാങ്ങാൻ വരുന്നതാണ്. പക്ഷേ, ഇന്ന്

പ്രവാസി മടങ്ങി വരുമ്പോൾ ആരും തിരിഞ്ഞുനോക്കുന്നില്ല. സംസ്ഥാന ഗവൺമെന്റ് ഒരു സ്കീം കൊണ്ടുവന്നപ്പോൾ അതുമായി സഹകരിക്കാൻ തയ്യാറായത് നാല് ബാങ്കുകൾ മാത്രമാണ്. കാനറാ ബാങ്ക്, യൂണിയൻ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ. മറ്റാരും സഹകരിക്കുന്നില്ല. ബാങ്കുകളുടെ ഇത്തരത്തിലുള്ള നയത്തിൽ മാറ്റം വരുത്തണം. ബാങ്കുകൾ ഗവൺമെന്റുമായി സഹകരിച്ച് വയബിളായ ചെറിയ ചെറിയ പദ്ധതികൾ കൊണ്ടുവന്ന് കുറഞ്ഞ പലിശയ്ക്ക് വായ്പ കൊടുക്കാൻ തയ്യാറായാൽ ഈ രംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ സാധിക്കും. ഇവിടെ ശ്രീ. ബെന്നി ബെഹനാൻ, ശ്രീ. കെ. വി. അബ്ദുൾ ഖാദർ എന്നിവർ വളരെ വിശദമായി സംസാരിച്ചു. ക്ഷേമനിധിക്ക് കേന്ദ്ര സഹായം ഏർപ്പെടുത്തുക എന്നുള്ളത് വളരെയേറെ സ്വാഗതാർഹമായ കാര്യമാണ്. ഇന്ന് എമിഗ്രേഷൻ ഫണ്ടിന്റെ പേരിൽ ആയിരക്കണക്കിന് കോടി രൂപ കേന്ദ്ര ഗവൺമെന്റിന്റെ കയ്യിലുണ്ട്. ഒരു കണക്കുപോലുമില്ല. ആ പണം കെട്ടിക്കിടക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് നേരത്തെ ആവശ്യപ്പെട്ടിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ കൈവശമുള്ള എമിഗ്രേഷൻ ഫണ്ടിന്റെ ഒരു ചെറിയ വിഹിതമെങ്കിലും, മലയാളികളടച്ച ഫണ്ടിന്റെ ഒരു ചെറിയ പങ്കെങ്കിലും നമുക്ക് ലഭിക്കാൻ അവകാശമുണ്ട്. ആ കാര്യം ഗവൺമെന്റ് ആവശ്യപ്പെടുന്നതാണ്.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : സർ, നിക്ഷേപം സ്വീകരിക്കുന്ന ബാങ്കുകൾ അടിയന്തര ഘട്ടത്തിൽ അവരെ സഹായിക്കാൻ മുന്നോട്ടുവരില്ലായെന്ന് പറഞ്ഞാൽ അത് പ്രവാസികൾക്ക് പ്രതികരണശേഷി ഇല്ലാത്തതുകൊണ്ടല്ലേ; ഡെപ്പോസിറ്റ് പിൻവലിച്ച് നമ്മുടെ നാട്ടിലുള്ള സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്നുവെന്നുവെന്ന് പറഞ്ഞാൽ ഈ ബാങ്ക് മാനേജർമാർ പ്രവാസികളുടെ പിന്നാലെ നടക്കില്ലേ; അപ്പോൾ അത്തരത്തിലുള്ള ഒരു ബോധവത്കരണം പ്രവാസികളുടെ ഇടയിൽ ആവശ്യമാണെന്ന് അങ്ങ് കരുതുന്നുണ്ടോ?

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, അങ്ങ് പറഞ്ഞതുപോലെ പ്രവാസികളുടെ ക്ഷേമകാര്യങ്ങളിൽ സഹായിക്കുവാൻ ബാങ്കുകൾ തയ്യാറായില്ലെങ്കിൽ അവരെ ബഹിഷ്ക്കരിക്കുന്നതിനെക്കുറിച്ചോ അല്ലെങ്കിൽ അങ്ങ് പറഞ്ഞതുപോലെ ഡെപ്പോസിറ്റ് പിൻവലിക്കുന്നതിനെക്കുറിച്ചോ ആലോചിക്കേണ്ടി വരും. കാരണം ഇത് നമ്മളാരുടേയും സൗജന്യം ആവശ്യപ്പെടുന്നതല്ല. സംസ്ഥാന ഗവൺമെന്റ് കൊണ്ടുവന്ന ഒരു പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വളരെ വയബിളായ സ്കീംസിന് വേണ്ടിയാണ് സഹായം ചോദിക്കുന്നത്. അതും പലിശ കുറച്ച് കൊടുത്താൽ മതി. അതിനുപോലും തയ്യാറാകാത്ത ബാങ്കുകളുണ്ടെങ്കിൽ ആ ബാങ്കുകളോടുള്ള നടപടിയോട് എതിർപ്പ് രേഖപ്പെടുത്തേണ്ടി വരും. ഏതായാലും സ്റ്റേറ്റ് ലെവൽ

ബാങ്കിംഗ് കമ്മിറ്റിയിൽ മുഖ്യമന്ത്രി പലവട്ടം ആവശ്യപ്പെട്ടതാണ്, വീണ്ടും ആവശ്യം ഉന്നയിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. ജി. സുധാകരൻ : സർ, 1969-ൽ ദന്തഗോപുരത്തിലിരുന്ന ഇന്ത്യയിലെ സ്വകാര്യ ബാങ്കുകളെ ദേശസാത്ക്കരിച്ച ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പിന്തുണയോടെ ഭരണഘടനാ ഭേദഗതി കൊണ്ടുവന്ന് അതും ദേശസാത്ക്കരിച്ച ഇന്ദിരാഗാന്ധിയുടെ കാലത്തിനുശേഷം ദന്തഗോപുരങ്ങളും ബാങ്കുകളും താഴേയ്ക്കിറങ്ങിവരുന്നതിനെ നിരുൽസാഹപ്പെടുത്തിക്കൊണ്ട് വീണ്ടും റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ ജനങ്ങളിൽ നിന്നും ബാങ്കിനെ അകറ്റിക്കൊണ്ട് പോകാൻ കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്തെടുത്ത നിലപാടിന്റെ ഫലമായിട്ടല്ലേ അത്തരം നിലപാടുകളോട് അവർ സഹകരിക്കാതിരിക്കുന്നത്. അതേപ്പറ്റി അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്; അത് തെറ്റല്ലേ എന്നാണ് ചോദ്യം?

ശ്രീ. കെ. സി. ജോസഫ് : സർ, ഇന്ത്യയിലാദ്യമായി ഏഴ് വൻകിട ബാങ്കുകളെ ദേശസാത്ക്കരിച്ചത് ഇന്ദിരാഗാന്ധിയാണ്. ഇന്ന് ഈ ബാങ്കുകളെല്ലാം പൊതുമേഖലാ ബാങ്കുകളാണ്. പൊതുമേഖലാ ബാങ്കുകളുടെ സമീപനത്തിലുണ്ടാകുന്ന മാറ്റത്തെക്കുറിച്ച് പറഞ്ഞത് ശരിയാണ്. പക്ഷേ, അവരത് തിരുത്തേണ്ടതാണ്. പൊതുമേഖലാ ബാങ്കുകൾ പൊതുമേഖലകളാണ്. അവർക്ക് സാമൂഹിക

ബാധ്യതകളുണ്ട്. കേരളത്തിലെ ബാങ്കുകളിൽ പ്രവാസികളുടെ നിക്ഷേപമെന്ന് പറയുന്നത് ഒരുലക്ഷത്തി പതിനേഴായിരം കോടിയാണ്. ആ നിക്ഷേപത്തിന്റെ ബെയ്സ് വർക്ക് ചെയ്ത് പ്രവാസികൾക്ക് ഒരു സാമൂഹ്യ പ്രശ്നമുണ്ടാകുമ്പോൾ സഹായിക്കാൻ തയ്യാറാകണം, അക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ല. നിലപാട് ഗവൺമെന്റ് ആമുഖത്തിലൂടെ അറിയിക്കുന്നുണ്ട്. അംശദായവും പലിശയും അടയ്ക്കണമെന്ന് പറഞ്ഞു. ഇവിടെ അങ്ങ് മനസ്സിലാക്കേണ്ട കാര്യം, പ്രവാസി ക്ഷേമനിധിയുടെ പെൻഷൻ കൊടുക്കുന്ന ആകെയുള്ള കോർപ്പസ് എന്ന് പറയുന്നത് ഈ അംശദായവും അംശദായത്തിന്റെ 2% കിട്ടുന്ന ഗവൺമെന്റിന്റെ സഹായവുമാണ്. അംശദായം മടക്കിക്കൊടുക്കാൻ പോയാൽ പിന്നെ നമ്മുടെ കയ്യിൽ ഫണ്ടില്ല. പലിശ കൊടുക്കാൻ സാധിക്കില്ല.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, അംശദായത്തിന്റെ 2% മാത്രമെ ഗവൺമെന്റ് കൊടുക്കാവൂ എന്ന് നിയമത്തിൽ വ്യവസ്ഥയില്ല. സംസ്ഥാന ഗവൺമെന്റിന് ഈ ക്ഷേമനിധി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഇന്ന് നല്കുന്ന സംഖ്യയേക്കാൾ കൂടുതൽ നല്കാനാകും. അത് നല്കിയിട്ടില്ലായെന്നകാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടല്ലോ?

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, നമ്മൾ ആവശ്യപ്പെടാൻ പോകുന്നത് 2%

വർദ്ധിപ്പിക്കണം എന്നാണ്. കാരണം ഈ പദ്ധതി ആകർഷകമാകുമ്പോൾ ആളുകൾ ചേരാൻ തയ്യാറായി മുന്നോട്ടുവരും. അങ്ങനെ വരുമ്പോൾ അവർക്ക് പെൻഷൻ കൊടുക്കാൻ ആവശ്യമായ ഫണ്ട് ഉണ്ടാക്കണം. അംശദായവും പലിശയും മടക്കുന്ന കാര്യം ആലോചിക്കാൻ ഇപ്പോൾ നിവൃത്തിയില്ല. പക്ഷേ, പുനരധിവാസത്തിന് വേണ്ടിയുള്ള കേന്ദ്ര സഹായം ആവശ്യപ്പെടാൻ വേണ്ടി നമുക്ക് ഒന്നായി പരിശ്രമിക്കാം. കാരണം അത് ഔദാര്യമല്ല, അവകാശമാണ്. പ്രവാസികളുടെ എമിഗ്രേഷൻ ഫണ്ടാണ് ഇവിടെ കിടക്കുന്നത്. ആ ഫണ്ടിന്റെ ഒരു ഭാഗം നമുക്ക് ലഭിക്കണം. ഇവിടെ എംബസികളുടെ കാര്യം പറഞ്ഞു. പ്രത്യേകിച്ചും ഗൾഫ് രാജ്യങ്ങളിലെ എംബസികളിലെ ഒരു ഉദ്യോഗസ്ഥനെങ്കിലും ഒരു മലയാളിയാകണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. പക്ഷെ അത് പലപ്പോഴും അംഗീകരിച്ചിട്ടില്ല. ചിലയിടത്തെങ്കിലും മലയാളികളുടെ സാന്നിധ്യം ഉണ്ട്. മലയാള ഭാഷയല്ലാതെ മറ്റൊരു ഭാഷയും അറിയാത്തവരാണ് പല പ്രവാസി മലയാളികളും. എംബസികളുടെ ഒരു പ്രശ്നം പറഞ്ഞത് ശരിയാണ്. അവിടെ ആദ്യകാലത്തെ സ്റ്റാഫ് സ്ട്രെങ്ത് ആണ് ഇപ്പോഴുള്ളത്. അവിടത്തെ ആളുകളുടെ എണ്ണം കൂടി ആവശ്യങ്ങൾ കൂടി. എംബസിയുമായി ബന്ധപ്പെടുന്ന കാര്യങ്ങൾ വർദ്ധിച്ചു. അതിനാവശ്യമായ

സ്റ്റാഫ് സ്ട്രെങ്ത് എംബസികളിൽ ഉണ്ടാകുന്നില്ല. അവിടെ ആവശ്യമായ സ്റ്റാഫ് ഇല്ലായെന്നാണ് അവർ പറയുന്നത്. നിതാഖത്ത് പ്രശ്നം ഉണ്ടായപ്പോൾ ഗൾഫിലെ മലയാളി സംഘടനകളുടെ കൂട്ടായ്മയാണ് പരിഹരിക്കാൻ വേണ്ടി സഹായിച്ചത്. എംബസികളിലെ സ്റ്റാഫിന്റെ പോരായ്മ ഒരു വലിയ പ്രയാസമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. ശ്രീ. ഹംസ ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം, ജയിലിൽ കഴിയുന്ന ആളുകളുടെ പ്രശ്നമാണ്. ജയിലിൽ കഴിയുന്ന ആളുകൾക്ക് ആവശ്യമായ നിയമസഹായം കൊടുക്കാൻ കേരളാ ഗവൺമെന്റ് തയ്യാറാണ്. അവരുടെ കുറ്റകൃത്യങ്ങൾക്കാവശ്യമായ ഫൈൻ അടയ്ക്കാൻ തയ്യാറല്ലെങ്കിലും അവർക്ക് ആവശ്യമായ നിയമസഹായം കൊടുത്ത് രക്ഷിക്കാൻ തയ്യാറാണെന്ന് ഞങ്ങൾ ഇന്ത്യൻ എംബസിയെ അറിയിച്ചു. ഞാൻ പോയ അവസരത്തിൽ രണ്ടു മൂന്നു എംബസികളിലെ അംബാസിഡർമാർ ഇക്കാര്യം പറയുകയുണ്ടായി. നിങ്ങൾ പണം നൽകിയാൽ സഹായം ആവശ്യമുള്ള ആൾ മലയാളിയാണോ മഹാരാഷ്ട്രക്കാരനാണോ എന്നൊന്നും നോക്കാതെ ആദ്യം വരുന്നയാൾക്ക് സഹായം കൊടുക്കും. കേരളീയർക്ക് മാത്രമായി കേരള ഗവൺമെന്റിന്റെ പണം കൊണ്ട്

സഹായം കൊടുക്കാൻ ഇന്ത്യൻ എംബസിക്ക് കഴിയുകയില്ല. ഇന്ത്യൻ എംബസി ഇന്ത്യയുടേതാണ്. കേരളത്തിന്റെ എംബസിയല്ല. നമ്മൾ തുച്ഛമായ പണം കൊടുത്തു കഴിഞ്ഞാൽ ലഭിക്കുന്ന സഹായം നമുക്ക് മാത്രമായിരിക്കുകയില്ല. ആ ഒരു പ്രയാസം കൊണ്ട് അക്കാര്യം മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചില്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : ലീഗൽ സെല്ലിന്റെ കാര്യം വളരെ നാളുകളായി ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. അവിടെ ഗവൺമെന്റ് അംഗീകൃതവും അല്ലാത്തതുമായ ഒട്ടേറെ സന്നദ്ധ സംഘടനകൾ ഉണ്ട്. ആ സന്നദ്ധ സംഘടനകളെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് അവരുടെ കൂടി സഹായത്തോടുകൂടിയുള്ള ഒരു കമ്മിറ്റി ഉണ്ടാക്കി ആ കമ്മിറ്റി മുഖേന അറബ് രാജ്യങ്ങളിലും മറ്റുമുള്ള നിയമ വിദഗ്ദ്ധന്മാരെ ഉപയോഗപ്പെടുത്തി ലീഗൽ സെല്ലിന്റെ സംവിധാനം എങ്ങനെ ശക്തമാക്കാൻ കഴിയുമെന്നാണ് നമ്മൾ ആലോചിച്ചത്. എംബസിയുമായി കണക്ട് ചെയ്യുമ്പോൾ എപ്പോഴും രാജ്യത്തെ ഒന്നായി കാണാൻ മാത്രമെ എംബസി അധികൃതർക്ക് കഴിയുകയുള്ളൂ. അതിനപ്പുറം കേരളത്തിൽ നിന്നുള്ള സന്നദ്ധ സംഘടനകളെ ഇതിനുവേണ്ടി വിനിയോഗിക്കുകയും ആ സന്നദ്ധ സംഘടനകൾ വഴി അഭിഭാഷകന്മാരെ കണ്ടെത്തി ഇവർക്ക് നിയമപരമായ പരിരക്ഷ നൽകുകയും

ചെയ്യുന്ന ഒരു സംവിധാനത്തെക്കുറിച്ച് കേരള സർക്കാർ ആലോചിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: അങ്ങ് പറഞ്ഞത് വളരെ സ്വാഗതാർഹമായ കാര്യമാണ്. ഇവിടെ എല്ലാവരും പറഞ്ഞ ഒരു കാര്യം, ഗൾഫ് രാജ്യങ്ങളിലെ മലയാളി സംഘടനകളുടെ പങ്ക് വളരെ വലുതാണ്. നമുക്ക് അവിടെ എംബസിയുമായി ബന്ധപ്പെടാൻ ചില ഫോർമാലിറ്റീസ് ഉണ്ട്. ഒരു ആവശ്യമുണ്ടായാൽ ബന്ധപ്പെടുന്നത് മലയാളി സംഘടനകളെയാണ്. ആ അവസരത്തിലെല്ലാം ഗൾഫിലുള്ള മലയാളി സംഘടനകളുടെ വലിയ സഹായം ലഭിക്കുന്നുണ്ട്. അവരുടെ സഹകരണമാണ് നമ്മുടെ പ്രവർത്തനത്തിന് അടിസ്ഥാനമായിട്ടുള്ളത്. ഏതായാലും അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ എത്രയും വേഗം നോർക്കയുടെ അഡ്വൈസറി കമ്മിറ്റികൾ ജി.സി.സി. രാജ്യങ്ങളിലെങ്കിലും ഉണ്ടാക്കാനും അവരുമായി ബന്ധപ്പെട്ടുകൊണ്ട് അവർ മുഖേന ആവശ്യമായ സഹായം കൊടുക്കാനും ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്. അതുമാത്രമാണ് ഒരു പരിഹാര മാർഗ്ഗമായി ചൂണ്ടിക്കാണിക്കാനുള്ളത്. നോർക്കയുടെ സഹായ പദ്ധതിയാണ് സാന്ത്വനം. സാന്ത്വന പദ്ധതിയുടെ വരുമാനപരിധി നേരത്തെ

ഇരുപത്തി അയ്യായിരമായിരുന്നത് ഒരു ലക്ഷമാക്കി. മരണാനന്തര സഹായത്തിന് വരുമാനപരിധി പതിനായിരമായിരുന്നത് ഒരു ലക്ഷമാക്കി. വിവാഹ ധനസഹായം അയ്യായിരമായിരുന്നത് പതിനയ്യായിരമാക്കി. ചികിത്സാ സഹായം പതിനായിരത്തിൽ നിന്നും അൻപതിനായിരം ആക്കി. നോർക്കയുടെ ലഭ്യമായ ഫണ്ട് പരിമിതമാണെങ്കിലും ആ ഫണ്ട് ഉപയോഗിച്ചുകൊണ്ട് സാന്ത്വനമാണെങ്കിലും കാരുണ്യ പദ്ധതിയാണെങ്കിലും അതുപോലെ ചികിത്സാ പദ്ധതി ആണെങ്കിലും പരമാവധി സഹായങ്ങൾ ചെയ്യുന്നുണ്ട്. നമ്മളെ സംബന്ധിച്ചിടത്തോളം ഗൾഫിലെ മലയാളികളുടെ ക്ഷേമ കാര്യങ്ങളിൽ കക്ഷിവ്യത്യാസമില്ലാതെ എല്ലാപേരും താൽപ്പര്യം കാണിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ പ്രവാസി ക്ഷേമനിധി കൂടുതൽ ആകർഷകമാക്കാനും ക്ഷേമനിധിയിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും സാമ്പത്തികമായ പരിമിതിയിൽ നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരമാവധി ചെയ്യുവാനും പരിശ്രമിക്കുന്നതാണ്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണന കഴിഞ്ഞാൽ കുറച്ചുകൂടി ചർച്ച ചെയ്യാൻ സാധിക്കുമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ അങ്ങയുടെ 1 (എ) ഭേദഗതി

പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 2 (ബി) ഭേദഗതി സഭ നിരാകരിച്ചു.

2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## (2) 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും

നോർക്കയും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് മുഖ്യമന്ത്രിക്കുവേണ്ടി 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് മുഖ്യമന്ത്രിക്കുവേണ്ടി 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ ധനകാര്യം സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. കെ. രാജു:</u> സർ, 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2015 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ഹിന്ദു പിൻതുടർച്ച നിയമത്തിൽ അതിന്റെ 15-ാം വകുപ്പിനോടൊപ്പം ഒരു ക്ലോസുകൂടി ചേർക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഹിന്ദുമതത്തിൽപ്പെടുന്ന സ്ത്രീകളുടെയും പുരുഷൻമാരുടെയും മരണശേഷം അവരുടെ സ്വത്തുക്കൾ അവകാശികൾക്ക് എങ്ങനെ പിൻതുടർച്ചപ്രകാരം ലഭിക്കും എന്നതിനെ സംബന്ധിച്ചൊരു ഏകീകൃത നിയമം ഹിന്ദു സക്സഷൻ ആക്ട് വഴി നമ്മുടെ രാജ്യത്ത് ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. അങ്ങനെയാണെങ്കിൽക്കൂടി ഹിന്ദുക്കൾ എന്നുപറയുന്നത് പലതരത്തിലുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളുമൊക്കെയുള്ള വിഭാഗങ്ങളാണ്. പല പ്രദേശത്തും താമസിക്കുന്ന ആളുകൾ അവിടത്തേതായ പ്രത്യേക ആചാരങ്ങളിലും അവരുടെ കുടുംബപരമായിട്ടുള്ള കാര്യങ്ങളിലും അതുപോലെതന്നെ പ്രോപ്പർട്ടിയുടെ പിൻതുടർച്ചയ്ക്കുമൊക്കെ വേണ്ടി പിൻതുടരുന്ന കാഴ്ച ഇന്ത്യയിൽ ഹിന്ദുക്കളുടെയിടയിൽ കാണാൻ കഴിയും. ഇന്ത്യൻ ഭരണഘടന രൂപം കൊണ്ടതിനുശേഷം ഡോ. അംബേദ്ക്കർ നിയമ വകുപ്പുമന്ത്രി ആയിരുന്ന

കാലഘട്ടത്തിൽ ഹിന്ദു കോഡ് ബിൽ രൂപം കൊടുക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ശ്രമം തുടങ്ങി. ഇന്ത്യയിൽ വിവിധ പ്രദേശങ്ങളിൽ താമസിക്കുന്ന ഹിന്ദുക്കളായിട്ടുള്ള ആളുകൾക്ക് ബാധകമാകുന്ന ഒരു ഹിന്ദു പിൻതുടർച്ചാ നിയമം കൊണ്ടുവരുന്നതിന്റെ ഭാഗമായി ഹിന്ദു കോഡ് കൊണ്ടുവരുന്നതിനുവേണ്ടി പരിശ്രമം നടത്തിയപ്പോൾ വലിയ എതിർപ്പ് നമ്മുടെ രാജ്യത്തുണ്ടായി. പ്രത്യേകിച്ച് യാഥാസ്ഥിതികരായിട്ടുള്ള ഹിന്ദു മതനേതാക്കന്മാരുടെ ഭാഗത്തുനിന്നും അന്നത്തെ മതതീവ്രവാദികളുടെ ഭാഗത്തുനിന്നുമെല്ലാമാണ് എതിർപ്പ് ഉണ്ടായത്. എന്നാൽ ആദ്യ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും ആദ്യത്തെ നിയമ വകുപ്പുമന്ത്രിയായ ഡോ. അംബേദ്കറും അക്കാര്യത്തിൽ ഉറച്ചുനിൽക്കുകയും മുന്നോട്ടുപോകുകയും ഒരു ഹിന്ദു കോഡ് രൂപീകരിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം നടത്തുകയും ചെയ്തു. ആ കാലഘട്ടത്തിൽ പാർലമെന്റിനകത്തും പുറത്തും ശക്തമായിട്ടുള്ള എതിർപ്പുകൾ ഉയർന്നുവന്നു. പ്രത്യേകിച്ച് അന്നത്തെ ആർ.എസ്.എസ്.-ന്റെയെല്ലാം നേതാക്കൻമാർ ഹിന്ദു കോഡിനെതിരായി വലിയ പ്രക്ഷോഭം ഉയർത്തിക്കൊണ്ടു വന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇക്കാര്യത്തിൽ ഉറച്ചുനിന്ന ആളാണെങ്കിൽക്കൂടി ഡോ. അംബേദ്കറോട് തൽക്കാലം ഈ ബിൽ

കൊണ്ടുവരേണ്ടെന്നും അത് പിൻവലിക്കണമെന്നും അവസാനം ഉപദേശിക്കുക യുണ്ടായി. അങ്ങനെ ബിൽ പിൻവലിക്കാൻ പറഞ്ഞതിൽ പ്രതിഷേധിച്ചുകൊണ്ടാണ് ഭരണഘടനാശില്പിയും ആദ്യത്തെ നിയമ വകുപ്പുമന്ത്രിയു മായ ഡോ. അംബേദ്കർ രാജിവച്ച് ആ ക്യാബിനറ്റിൽനിന്ന് പുറത്തുപോയത് എന്ന് ചരിത്രത്തിൽ പഠിച്ചിട്ടുണ്ട്. ഹിന്ദുക്കൾക്ക് മുഴുവൻ ബാധകമായിട്ടുള്ള ഒരു ഹിന്ദുകോഡ് കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ടുള്ള പരിശ്രമം ആ കാലത്തുതന്നെ ആരംഭിച്ചതാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ആവശ്യപ്പെട്ടതനുസരിച്ച് ആ ബിൽ പിൻവലിച്ച് ഡോ. അംബേദ്കർ രാജിവച്ച് പോയെങ്കിലും പിന്നീട് കോൺഗ്രസ്സിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ഗവൺമെന്റുതന്നെ ഹിന്ദുക്കളെ സംബന്ധിച്ചും ഹിന്ദുക്കളുടെ പിൻതുടർച്ചാവകാശം എങ്ങനെ എന്നതിനെ സംബന്ധിച്ചുമുള്ള നാലഞ്ച് നിയമങ്ങൾ പാസ്സാക്കുകയുണ്ടായി. 1955-ൽ ഹിന്ദു മാര്യേജ് ആക്ട്, 1956- ലെ ഹിന്ദു സക്സസഷൻ ആക്ട്, ഹിന്ദു അഡോപ്ഷൻ ആന്റ് മെയിന്റനൻസ് ആക്ട്, ഹിന്ദു ഗാഡിയൻസ് ആന്റ് വാർഡ്സ് ആക്ട് എന്നിവയെല്ലാം യഥാർത്ഥത്തിൽ ഹിന്ദുകോഡിൽത്തന്നെ പറയപ്പെട്ടിരുന്ന കാര്യങ്ങൾ തന്നെയാണ്. പിന്നീട് നാലഞ്ച് നിയമങ്ങളായി പാസ്സാക്കി അതിന്റെ അടിസ്ഥാനത്തിൽ ഈ നിയമങ്ങൾ ഏകീകരിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം ഉണ്ടായിട്ടുണ്ട് എന്നുള്ളത്

ശരിയാണ്. എങ്കിൽപ്പോലും യഥാർത്ഥത്തിൽ 1956-ൽ ഹിന്ദു സക്സഷൻ ആക്ട് പാസ്സായതിന്റെ അടിസ്ഥാനത്തിലാണ് ഹിന്ദുക്കൾക്ക് അവരുടെ പ്രോപ്പർട്ടി പിൻതുടർച്ചക്കാർക്ക് ഉതകുന്നതരത്തിലുള്ളൊരു പൊതുനിയമം നിലവിൽ വരുന്നത്. ആ നിയമ പ്രകാരം, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ഒരാൾ മരിച്ചാൽ ആ മരിച്ച ആളിന്റെ അമ്മ ജീവിച്ചിരിക്കുകയാണെങ്കിൽ അയാളുടെ വസ്തുക്കളുടെ അവകാശം അയാളുടെ അമ്മയ്ക്കും ഭാര്യയ്ക്കും മക്കൾക്കും ആയിരിക്കും. മരിച്ച ആളിന്റെ അവകാശി എന്നനിലയിൽ അമ്മയ്ക്ക് അവകാശം കിട്ടിയതിനുശേഷം പിന്നീട്  ആ അമ്മ മരിക്കുമ്പോൾ മരിച്ച മകനിൽനിന്ന് അമ്മയ്ക്ക് വന്ന അവകാശം എല്ലാ മക്കൾക്കുംകൂടി വീതംവച്ച് പോകുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. യഥാർത്ഥത്തിൽ ആ അവകാശം മരണപ്പെട്ട ആളിന്റെ ഭാര്യയ്ക്കും മക്കൾക്കും മാത്രമായി ഒതുങ്ങേണ്ടതാണ്. എന്നാൽ അങ്ങനെയല്ല വരുന്നത്. അത് തടയുന്നതിനുവേണ്ടിയാണ് ഇത്തരത്തിൽ ഒരു നിയമനിർമ്മാണം എന്നുള്ളത് ശരിയാണ്. പലപ്പോഴും നമ്മളെല്ലാം പൊതുപ്രവർത്തകർ എന്ന രീതിയിൽ ജനങ്ങളെ സമീപിക്കുകയും ജനങ്ങൾ നമ്മളെ സമീപിക്കുകയും ചെയ്യുമ്പോൾ ഈ രീതിയിലുള്ള പല പരാതികളും ഉണ്ടായിട്ടുണ്ട് എന്നുള്ളത് ശരിയാണ്. അതുകൊണ്ട് ഇത്തരം ഒരു ഭേദഗതിയെ എതിർക്കേണ്ട കാര്യമില്ല.  ആ ഭേദഗതി ആവശ്യമാണ്. എന്നാൽ ഇത്

നമ്മുടെ സമൂഹത്തിൽ വ്യാപകമായി ചർച്ച ചെയ്യണം. അങ്ങനെ ചർച്ച ചെയ്ത് സമൂഹത്തിന്റെ പൊതു അഭിപ്രായം ആരാഞ്ഞ് ഏകകണ്ഠമായ ഒരു തീരുമാനത്തിലെത്തിക്കൊണ്ടുവേണം ഈ വിഷയത്തിന് പരിഹാരം കാണേണ്ടത്. നമ്മുടെ സംസ്ഥാനത്തും രാജ്യത്തും നിയമസഭയിൽത്തന്നെയും ചർച്ച ചെയ്യാൻപോകുന്ന അസഹിഷ്ണുതയേറിയ ഒരു കാലഘട്ടം വളർന്നുവന്നുകൊണ്ടിരിക്കുന്ന സമയമാണിത്. ആ സാഹചര്യത്തിൽ ആവശ്യമായിട്ടുള്ള ചർച്ചകൾ നടത്തിക്കൊണ്ട് തീരുമാനമെടുക്കുന്നതായിരിക്കും ഉചിതം എന്ന കാര്യത്തിൽ സംശയമില്ല. അതിലേയ്ക്ക് പോകുന്നതായിരിക്കും നല്ലത് എന്ന അഭിപ്രായമാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ഇവിടെ ഇപ്പോൾത്തന്നെ കേരളത്തിൽ നടന്നുവരുന്ന ഒരു ജാഥയെ സംബന്ധിച്ച് പലപ്പോഴായി നിയമസഭയിൽത്തന്നെ പ്രതിപാദിക്കപ്പെടുക യുണ്ടായി. കേരളത്തിലാകമാനം അത് ചർച്ചചെയ്യപ്പെടുന്നുണ്ട്. നായാടി മുതൽ നമ്പൂതിരിവരെയുള്ളവർ അണിനിരക്കുന്ന ഒരു സമത്വ മുന്നേറ്റ ജാഥ എന്നൊക്കെ പറഞ്ഞുകൊണ്ട് ജാഥ നടത്തി നമ്മുടെ രാജ്യത്ത് വർഗ്ഗീയ കലാപമുണ്ടാക്കാൻ ഇടവരുന്ന തരത്തിലുള്ള സംഭവഗതികൾ വളർത്തിക്കൊണ്ടുവരുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ പോകുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. ആ സാഹചര്യത്തിൽ

ഇത്തരം കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് ആവശ്യമായിട്ടുള്ള ഭേദഗതി വരുത്തുന്നതായിരിക്കും ഉചിതം.

ശ്രീ. എം. ഉമ്മർ: സർ, സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്ട്സ് ആന്റ് റീസൺസിൽ സമൂഹത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിവിധ ആളുകളിൽ നിന്നും ലഭിച്ച പരാതിയുടെയും അപേക്ഷയുടെയും അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരുന്നതെന്ന് പറഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ കോടതിയിൽ പെൻഡിംഗുള്ള കേസുകളുണ്ടാകും. ഇതിൽപ്പറയുന്നത് ഇമ്മീഡിയറ്റ് ഇഫക്ട് എന്നാണ്. അങ്ങനെയാകുമ്പോൾ നിയമം പാസ്സാകുന്ന ഡേറ്റു മുതലുള്ള ആനുകൂല്യമല്ലേ കിട്ടുകയുള്ളൂ. നിലവിൽ കോടതിയിൽ നിലനിൽക്കുന്ന കേസ്സുകൾക്കോ അല്ലെങ്കിൽ ഇങ്ങനെ ഗ്രീവൻസുള്ള മറ്റ് കക്ഷികൾക്കോ ഇതിന്റെ ഫലം കിട്ടണമെങ്കിൽ റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുക്കുന്നത് ഉചിതമായിരിക്കും. ഇമ്മീഡിയറ്റ് ഇഫക്ടിനുപകരം റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുത്താൽ ഗ്രീവൻസുള്ള ആളുകൾക്ക് പരിഹാരമാവുകയില്ലേയെന്നുള്ളതാണ് എന്റെ അഭിപ്രായം. അക്കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ, ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. കെ. രാജു: സർ, ശ്രീ. എം. ഉമ്മർ ഉന്നയിച്ചിട്ടുള്ളത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുക്കുക എന്നു പറയുന്നത് കേരള

സംസ്ഥാനത്തിലെ ഹിന്ദു കുടുംബങ്ങളിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാനിടവരുന്ന കാര്യമാണ്. റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുക്കുമ്പോൾ സ്വാതന്ത്ര്യം കിട്ടിയ കാലം മുതൽ നടന്ന ഭാഗം വയ്ക്കൽ അല്ലെങ്കിൽ കൈമാറ്റങ്ങളെല്ലാം അംഗീകരിക്കപ്പെടണമെന്നാണോ പറയുന്നത്?

ശ്രീ. എം. ഉമ്മർ: സർ, ഇങ്ങനെയുള്ള തർക്കപ്പെട്ട ഭൂമി, അമ്മ മരിച്ചുപോയശേഷം സ്വത്ത് വിഭജിക്കപ്പെടാതിരിക്കുകയും സ്വത്ത് അമ്മയുടെ പേരിൽ നിലനിൽക്കുകയുമാണെങ്കിലും ഷെയറിന്റെ കാര്യത്തിൽ തർക്കമുണ്ടായി കോടതിയിൽ നിലനിൽക്കുന്ന കേസുകളിലെങ്കിലും കക്ഷികൾക്ക് പ്രൊട്ടക്ഷൻ കൊടുക്കുന്നതിനായി അതിന് റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുക്കുന്നതിനെ സംബന്ധിച്ച് അങ്ങ് അഭിപ്രായം പറയണം.

ശ്രീ. കെ. രാജു: അങ്ങ് പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുക യാണ്. നിയമജ്ഞൻമാരുമായുള്ള ചർച്ചയും പൊതുജനാഭിപ്രായവും അഫക്ടഡ് ഫാമിലീസുമായുള്ള ചർച്ചയും നടത്തിക്കൊണ്ടുവേണം അതിലൊരു തീരുമാനമെടുക്കാൻ. ഹിന്ദു ഫാമിലിയെ സംബന്ധിച്ച് പറയുമ്പോൾ വസ്തു ഭാഗം വയ്പുമായി ബന്ധപ്പെട്ട് ഇപ്പോൾത്തന്നെ നിരവധി കേസുകൾ പെൻഡിംഗിലാണ്. സിവിൽ കേസിൽ മുൻസിഫ് കോടതിയിൽ നിന്ന് ഒരു തീരുമാനം വന്നാൽ ഉടൻ

തന്നെ സബ്കോടതിയിൽ പോവുകയാണ്. അവിടെ നിന്നും ഹൈക്കോടതിയിലേക്കും സുപ്രീം കോടതിവരെയും പോകും. ഒരു ചെറിയ ഫാമിലിയിൽ ഉണ്ടാകുന്ന വസ്തു തർക്കം അല്ലെങ്കിൽ പിന്തുടർച്ചാ തർക്കം വർഷങ്ങളോളം പെൻഡിംഗായി കോടതികളിലുള്ള സ്ഥിതിയുണ്ട്. അതുകൊണ്ട് നിയമം പാസ്സാകുന്ന കാലഘട്ടം മുതൽ നടപ്പിലാക്കുമെന്ന് പറയാതെ റിട്രോസ്പെക്ടീവ് ഇഫക്ടിൽ നടപ്പിലാക്കുമെന്ന സ്ഥിതിയിലേക്ക് വന്നാൽ പല ഫാമിലിയിലും കലാപങ്ങളും സഹോദരങ്ങൾ തമ്മിൽ കൊലപാതകം വരെ ഉണ്ടാകാനുള്ള സാഹചര്യം വരും. അത്തരം കാര്യങ്ങളിൽ ദീർഘമായ ചർച്ച നടത്തിക്കൊണ്ട് ചെയ്യണമെന്നാണ് എനിക്ക് അഭിപ്രായമുള്ളത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ അങ്ങ് പറഞ്ഞതിന് അധീഷനായി പറയുകയാണ്. മേരി റോയ് കേസ്സിൽ ക്രിസ്ത്യൻ സ്ത്രീകൾക്ക് സ്വത്തിൽ തുല്യാവകാശമുണ്ടെന്ന സുപ്രീംകോടതി വിധി വന്നു. പക്ഷെ നമുക്കത് നടപ്പിലാക്കാൻ കഴിയാത്തതിന് കാരണം അങ്ങു പറഞ്ഞതുപോലെ വളരെ വർഷങ്ങൾക്കുമുൻപ് തന്നെ വസ്തുവകകൾ ഭാഗംവച്ച് പലരുടെയും കൈവശമാണ്. അതുപോലെ ഹിന്ദു പിന്തുടർച്ചാ നിയമത്തിലും റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുക്കുന്നത് വളരെ ആലോചിച്ചുവേണമെന്നല്ലേ അങ്ങയുടെ അഭിപ്രായം.

<u>ശ്രീ. കെ. രാജു</u>: സർ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഫാമിലിയുമായി ബന്ധപ്പെട്ട് വസ്തുക്കളിൻമേലുള്ള പിൻതുടർച്ചാവകാശം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ഇപ്പോഴും നിലനിൽക്കുന്ന പ്രശ്നങ്ങളിൽ ഇതെല്ലാം ഉൾപ്പെടും. ഇപ്പോൾ നമ്മൾ ചർച്ച ചെയ്യുന്നത് ഹിന്ദു പിൻതുടർച്ചാ നിയമത്തിന്റെ ഭേദഗതിയെ സംബന്ധിച്ചാണ്. നമ്മുടെ രാജ്യത്ത് പുരുഷൻമാരും സ്ത്രീകളും തമ്മിലുള്ള വിവേചനം നിയമങ്ങളിൽ ഇപ്പോഴും വളരെ വ്യക്തമാണ്. പണ്ടുകാലം മുതൽ ഹിന്ദുക്കളിൽ കുടുംബത്തിന്റെ തലവൻ പുരുഷനാണ്. പുരുഷന്റെ മേധാവിത്വം അംഗീകരിച്ചുകൊണ്ടുള്ള നിയമങ്ങളാണ് നമ്മുടെ രാജ്യത്ത് പ്രത്യേകിച്ച് ഹിന്ദുക്കൾക്കിടയിൽ നിലവിലുള്ളത്. പുരുഷനും സ്ത്രീയും തമ്മിലുള്ള വിവേചനത്തിന് ഒരു പരിധിവരെ പരിഹാരം കണ്ട നിയമമാണ് ഹിന്ദു സക്സഷൻ ആക്ട്. ആദ്യമായി നമ്മുടെ രാജ്യത്ത് മകനു തുല്യമായി മകൾക്കും അഗ്രികൾച്ചർ പ്രോപ്പർട്ടിയിൽ അവകാശം സിദ്ധിക്കുന്ന ഒരു നിയമ ഭേദഗതി 2014-ൽ പാർലമെന്റിൽ പാസ്സാക്കുകയുണ്ടായി. ഹിന്ദു സക്സഷൻ ആക്ടിന് 2014-ൽ ഇന്ത്യൻ പാർലമെന്റിൽ കൊണ്ടുവന്ന ഭേദഗതി അനുസരിച്ച് പെൺമക്കൾക്കും അഗ്രികൾച്ചർ ഭൂമിയിൽ അവകാശം ലഭിക്കുന്നു. സ്ത്രീകളുടെ സ്റ്റാറ്റസ് അതുവഴി ഉയരുകയാണ്. പ്രോപ്പർട്ടിയിലുള്ള ഓണർഷിപ്പ് വഴി അവരുടെ പദവി ഉയർത്താനാണ്

ഉദ്ദേശിക്കുന്നത്. ഒരു ഹിന്ദു ജോയിന്റ് ഫാമിലിയിൽ കാരണവ സ്ഥാനമുള്ള ആൾക്ക് മാത്രമായിരുന്ന അവകാശമെങ്കിൽ ക്രമേണ മകനും മകൾക്കും ഭാര്യക്കും അവകാശം കിട്ടുന്ന നിലയിൽ ഭേദഗതിയിലൂടെ എത്തിയിട്ടുണ്ട്. എന്നാൽ ഇന്ന് പ്രാവർത്തികമായി പുരുഷനു തുല്യമെന്ന പദവിയിലേക്ക് സ്ത്രീ എത്തിയിട്ടുണ്ടോയെന്ന് ചോദിച്ചാൽ ഇല്ലായെന്നാണ് പറയേണ്ടി വരുന്നത്. ഭരണഘടനയിൽ പുരുഷനും സ്ത്രീക്കും തുല്യ പദവിയാണ്. അതിന്റെ അടിസ്ഥാനത്തിൽ പല നിയമങ്ങളുമുണ്ടായിട്ടുണ്ട്. വേതനം, കൂലി എന്നിവയിൽ തുല്യത പ്രതിപാദിച്ചുകൊണ്ടുള്ള പല നിയമങ്ങളും ഉണ്ടായിട്ടുണ്ടെങ്കിൽപ്പോലും ഹിന്ദുക്കളിൽ പുരുഷൻമാർക്ക് തന്നെയാണ് മേധാവിത്വം. പുരുഷ മേധാവിത്വം ഒരു പരിധിവരെ അവസാനിപ്പിച്ച ഭേദഗതിയാണ് ഹിന്ദു സക്സഷൻ ആക്ടിൽ 2014-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ഭേദഗതി. അതിൽ നിന്നും കുറച്ചുകൂടി പ്രാധാന്യം കൊടുത്തുകൊണ്ട് സ്ത്രീക്ക് പുരുഷനുതുല്യമായ പദവി അംഗീകരിച്ചുകൊടുക്കുന്നതിന് ഉതകുന്ന ഭേദഗതി കൂടിയാണ് ഇതെന്ന അഭിപ്രായം എനിക്കുണ്ട്. എങ്കിലും ഇത് ആവശ്യമായ ചർച്ചയ്ക്കുവേണ്ടി സർക്കുലേറ്റ് ചെയ്യണം.

<u>ശ്രീമതി കെ. കെ. ലതിക</u>: സർ, കുടുംബങ്ങളിൽ പുരുഷ മേധാവിത്വം നിലനിൽക്കുന്നതുകൊണ്ടുതന്നെ ഉദ്യോഗസ്ഥകളാണെങ്കിലും കാർഷിക ഭൂമി

വാങ്ങുമ്പോൾ ഭർത്താവിന്റെ പേരിലാണ് വാങ്ങുക. ഭാര്യ ജോലി ചെയ്ത വേതനത്തിൽ നിന്ന് വാങ്ങിയ സ്വത്ത് ഭർത്താവ് മരിക്കുമ്പോൾ വിഭജിക്കപ്പെടുക യാണ്. അത്തരത്തിലുള്ള കേസ്സുകൾ ഇപ്പോൾത്തന്നെ ധാരാളമുണ്ട്. ആ സ്വത്ത് പൂർണ്ണമായും വിധവയായ ഭാര്യയ്ക്കും മക്കൾക്കും തന്നെ വരേണ്ടതല്ലേ? ഇപ്പോൾ കോടതിയിൽ കേസ് നടക്കുന്നതിനും ഈ നിയമം ബാധകമായി വരേണ്ടതല്ലേ?

ശ്രീ. കെ. രാജു: സർ, അങ്ങനെ വരേണ്ടതാണ്. ഭാര്യയുടെ അധ്വാനത്തിന്റെ ഫലമായി വാങ്ങുന്ന വസ്തു അവരുടെ പേരിലല്ലെങ്കിൽ അത് കുടുംബത്തിൽ വന്നു ചേരുമ്പോൾ അത് ഇന്നത്തെ നിലയിൽ വിഭജിക്കുമ്പോൾ അത് പുരുഷന്റെ അവകാശികൾക്ക് പോകും. അതിനെ ചോദ്യം ചെയ്യുന്ന കേസുകൾ നിലവിലുണ്ടെന്ന് പറയുന്നത് ശരിയാണ്. അതിന് പരിഹാരം ഇതുകൊണ്ടാകുന്നില്ലെങ്കിൽ കൂടി പ്രത്യേകിച്ച് ഹിന്ദുക്കളുടെയിടയിൽ നടന്നുകൊണ്ടിരിക്കുന്ന അനീതിക്ക് പരിഹാരം കാണുന്നതിന് ഈ ഭേദഗതി ഉതകുമെന്നാണ് എന്റെ അഭിപ്രായം. ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ഭേദഗതി ജനങ്ങൾ വളരെയധികം സ്വാഗതം

ചെയ്യുന്ന ഒന്നാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഇവിടെ ഈ ഭേദഗതി പ്രധാനമായും ഒരു male dying intestate – അതായത് ഒരു പുരുഷൻ അവകാശികൾക്ക് വിൽപ്പത്രമോ മറ്റെന്തെങ്കിലും എഴുതിവയ്ക്കാതെ മരിച്ചുപോകുകയാണെങ്കിൽ എങ്ങനെയാണ് ആ പുരുഷന്റെ സ്വത്ത് വീതം വയ്ക്കുന്നത് എന്നുള്ളതിനെ സംബന്ധിച്ചാണ്. അദ്ദേഹം മരിച്ചു പോകുകയാണെങ്കിൽ അദ്ദേഹത്തിന്റെ Class I heirs-ന് തുല്യമായി ലഭിക്കും. Class I heirs എന്നുപറയുന്നത് son, daughter, widow, mother, son of a pre-deceased son, daughter of a pre-deceased son എന്നുപറയുന്ന ആ കാറ്റഗറിയാണ്. അതായത് ആ പുരുഷന്റെ അനന്തരാവകാശികളായ ഭാര്യയ്ക്കും മക്കൾക്കും മരിച്ചുപോയ മക്കളുണ്ടെങ്കിൽ ആ മക്കളുടെ അവകാശികൾക്കും എന്നതുപോലെ തന്നെ ആ പുരുഷന്റെ അമ്മയ്ക്കും തുല്യമായ അവകാശമുണ്ട് എന്നതാണ് നിലവിലെ നിയമം. ആ അമ്മയ്ക്ക് ഈ മകന്റെ ഒരു അവകാശം കിട്ടുന്നു. ആ അമ്മ മരിച്ചുപോയി കഴിഞ്ഞാൽ ഈ മകനിൽനിന്ന് കിട്ടിയ സ്വത്ത് എങ്ങനെ വീതംവയ്ക്കുന്നു എന്നുള്ളതിനെ സംബന്ധിച്ചാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം. അമ്മ മരിച്ചുപോകുമ്പോൾ നിലവിലെ നിയമമനുസരിച്ച് അമ്മയുടെ Class I heirs-നാണ് അവകാശം പോകുന്നത്. അതായത് അമ്മയുടെ എല്ലാ മക്കൾക്കും അതായത് ഈ പുരുഷന്റെ

സഹോദരന്മാർ, സഹോദരിമാർ, ഈ പുരുഷൻ എല്ലാവർക്കും തുല്യ അവകാശമാണ്. അത് മാറ്റി അങ്ങനെ കിട്ടുന്ന സ്വത്ത് അമ്മയ്ക്ക് കിട്ടുകയാണെങ്കിൽ അമ്മ മരിച്ചുപോകുമ്പോൾ ആ സ്വത്ത് തിരിച്ച് ആ മരിച്ചുപോയ മകന്റെ അവകാശികൾക്ക്, അതായത് ഭാര്യയ്ക്കും കുട്ടികൾക്കും കിട്ടുക എന്നത് മാത്രമാണ് ഈ ഭേദഗതി.

ശ്രീ. മാത്യു റ്റി. തോമസ്: സർ, മകന്റെ സ്വത്തിന്മേൽ Class I heir എന്ന രീതിയിൽ അമ്മയ്ക്കു കിട്ടുന്ന വീതം, അമ്മ മരിച്ചുപോകുകയാണെങ്കിൽ അമ്മയുടെ അനന്തരാവകാശികൾക്ക് മൊത്തമായി കിട്ടാതെ മകന്റെ ഭാര്യയ്ക്കും മക്കൾക്കും കിട്ടുന്ന തരത്തിലാകണം എന്നതാണ് ഭേദഗതി എന്നാണ് പറഞ്ഞത്. എന്നാൽ അമ്മ ജീവിച്ചിരിക്കുന്ന കാലത്ത് വിൽപ്പത്രം എഴുതുകയോ കരണം ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആ വിൽപ്പത്രം അനുസരിച്ച് പോകും. ഇപ്പോൾ വച്ചിരിക്കുന്ന നിർദ്ദേശപ്രകാരം അമ്മ വിൽപ്പത്രം എഴുതാതെ മരിച്ചെങ്കിൽ മാത്രമേ ഈ മകന്റെ അനന്തരാവകാശികൾക്ക് അത് ലഭിക്കുകയുള്ളൂ. വിൽപ്പത്രം എഴുതിയോ അല്ലെങ്കിൽ അമ്മ ജീവിച്ചിരിക്കുന്ന സമയത്ത് മകനിൽനിന്നും ലഭിച്ച വസ്തുക്കൾ സംബന്ധിച്ച് അമ്മ വിൽപ്പത്രമോ മറ്റു കരണമോ ജനിപ്പിച്ചാൽ ഈ മകന്റെ ഭാര്യയ്ക്കും മക്കൾക്കും ലഭിക്കുന്നില്ല എന്ന അനീതി ഈ ബിൽ പാസ്സായാലും നിലനിൽക്കുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇതിനകത്ത് ഒരാൾ മരിച്ചുകഴിഞ്ഞാൽ

ആ ആളിന്റെ അവകാശികൾക്ക് നിയമപ്രകാരം അവകാശം ലഭിക്കുന്നത് absolute owner എന്നുള്ള നിലയ്ക്കാണ്. Class I heirs -നെല്ലാം absolute owner എന്നുള്ള നിലയ്ക്കുതന്നെയാണ് അവകാശം കിട്ടുന്നത്. അതിനകത്ത് discrimination ഇല്ല. Class I heirs -നെല്ലാം അമ്മയാണെങ്കിലും വിധവയാണെങ്കിലും മക്കളാണെങ്കിലും absolute owner എന്നുള്ള നിലയ്ക്ക് ലഭിക്കുന്നു. അമ്മയ്ക്ക് അത് എങ്ങനെ വേണമെങ്കിലും കൈകാര്യം ചെയ്യാം. ഇവിടെ succession വരുന്നത് when the person is dying intestate അങ്ങനെ വരുമ്പോൾ മാത്രമേ ഇത് ബാധകമാകുന്നുള്ളൂ. വിൽപ്പത്രം എഴുതി വച്ചതിനുശേഷമാണ് മരിക്കുന്നതെങ്കിൽ അതിനകത്ത് യാതൊരു ചോദ്യവും ഉദിക്കുന്നില്ല. ആ വിൽപ്പത്രം തന്നെ പ്രാബല്യത്തിൽ വരും. ഇവിടെ dying intestate എന്നുതന്നെയാണ് Succession Act-ലെ പ്രധാനപ്പെട്ട provisions എല്ലാം വന്നിരിക്കുന്നത്. Absolute Owner എന്നുള്ള നിലയിൽ തന്നെയാണ് Succession Act-ലെ ഈ provision-നും വന്നിരിക്കുന്നത്. അതുകൊണ്ട് അങ്ങ് പറയുന്ന ആ discrimination നമുക്കൊന്നും ചെയ്യാൻ സാധിക്കില്ല. പക്ഷേ ആ അമ്മ ജീവിച്ചിരിക്കുന്ന കാലയളവിൽ ഇത് അന്യാധീനപ്പെടുത്തുകയോ വിൽക്കുകയോ ചെയ്തുകഴിഞ്ഞാൽ അത് അസാധുവാകുന്നില്ല. അത് അസാധുവാകാനും സാധിക്കില്ല. കാരണം അവർ കരണം ചെയ്യുന്നത് absolute

ownership ഉണ്ടായിരുന്ന സമയത്താണ്, അതുകൊണ്ട് അത് അസാധുവാകുന്നില്ല. എന്നാൽ അതിനുശേഷം dying intestate ആകുമ്പോൾ മാത്രമേ വരുന്നുള്ളൂ.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞാൻ ഉന്നയിച്ച ആശങ്ക അങ്ങും പങ്കുവച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ആ ഒരു പ്രശ്നം കൂടി പരിഹരിക്കുന്ന രീതിയിലുള്ള ഒരു ഭേദഗതി സാധ്യമായിരുന്നില്ലേ; അതായത് Class I heir-ൽ നിന്ന് മാതാവ് എന്നയാളിനെ മാറ്റിയാൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി, Class I heir-ലെ മക്കളോടും ഭാര്യയോടുമൊപ്പം മാതാവിനും കിട്ടുന്ന ഷെയറിനെ സംബന്ധിച്ച് മാതാവിന്റെ അവകാശം മാതാവിന്റെ കാലശേഷം വിൽപ്പത്രം എഴുതാതെ മരിച്ചാൽ അത് തിരിച്ച് മക്കളുടെ ഭാര്യയ്ക്ക് കിട്ടണമെന്നാണ്. ഈ ആശങ്ക അവിടെ നിലനിൽക്കുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇതിനകത്തുള്ള കാര്യം, മകനുള്ളപ്പോൾ അമ്മയെ സംരക്ഷിക്കും. അമ്മയ്ക്ക് ഒരു പ്രോബ്ലവുമില്ല. എന്നാൽ മകൻ മരിച്ചുകഴിയുമ്പോൾ യഥാർത്ഥത്തിൽ മകന്റെ സ്വത്തൊന്നും അമ്മയ്ക്ക് കിട്ടാതെയാണിരിക്കുന്നതെങ്കിൽ അമ്മയെ സംരക്ഷിക്കാൻപോലും ആരും കാണില്ല. Class I heir എന്നു പറയുന്നത് ഈ ഒരു വകുപ്പിനുവേണ്ടി മാത്രമുള്ളതല്ല, അങ്ങേയ്ക്കറിയാം. അത് Succession Act-ന്റെ ഒരു ജനറൽ പ്രൊവിഷൻ

അനുസരിച്ചുള്ള Class I heirs, Class II heirs എന്നു വരുന്നതാണ്. അതിനകത്തുനിന്ന് അമ്മയെ മാറ്റിനിർത്താൻ സാധിക്കില്ല. അമ്മയെ മാറ്റി നിർത്തുന്നത് ശരിയുമല്ല. അതുകൊണ്ട് അത്തരത്തിലുള്ള ഒരു ആശങ്കയ്ക്ക് യഥാർത്ഥത്തിൽ അടിസ്ഥാനമില്ല എന്നാണ് എനിക്ക് വിനയപുരസരം പറയാനുള്ളത്. ഈ വകുപ്പ് കൊണ്ടുവരുന്നതിന് ഒരു പ്രധാനപ്പെട്ട കാര്യം കൂടിയുണ്ട്. അതായത് മകന്റെ സ്വയാർജ്ജിത സ്വത്തുക്കളുടെ പോലും ഒരു അവകാശം അമ്മയ്ക്ക് പോകുകയാണ്. അമ്മ മരിച്ചുപോകുകയാണെങ്കിൽ ഈ മരിച്ച മകന്റെ സ്വയാർജ്ജിത സ്വത്തിന്റെകൂടി ഒരു ഷെയർ മറ്റ് അവകാശികൾക്ക് പോകുന്നുവെന്ന ഒരു അനീതിയാണ് ഈ ഭേദഗതി വരുന്നതോടുകൂടി ഇല്ലാതാകുന്നത്. അതുകൊണ്ട് ഈ ഭേദഗതി തീർച്ചയായും നല്ലൊരു കാര്യമാണ്. ഇവിടെ സൂചിപ്പിച്ച retrospective effect-നെ സംബന്ധിച്ചുള്ള ഒരു പ്രധാനപ്പെട്ട പ്രശ്നമുണ്ട്. 2005-ൽ കേന്ദ്രത്തിന്റെ തന്നെ ഒരു ഭേദഗതി നിയമംവന്നിട്ടുണ്ട്. യഥാർത്ഥത്തിൽ ഹിന്ദു നിയമങ്ങൾ എന്നുപറയുമ്പോൾ customary ആയിട്ടുള്ള ധാരാളം നിയമങ്ങളുണ്ടായിരുന്നു, അത് എഴുതപ്പെട്ട നിയമങ്ങളൊന്നുമല്ല. ഹിന്ദുക്കളിലെ ഓരോ അവാന്തര വിഭാഗത്തിനും പ്രത്യേകം പ്രത്യേകം succession customary ആയിട്ട് തന്നെ ആ സമൂഹത്തിന്റെയിടയിൽ നിലനിന്നിരുന്നു. അതിന്റെയടിസ്ഥാനത്തിൽ ധാരാളം

കേസുകളും വന്നിരുന്നു. കേരളത്തിൽ നായർ സമുദായം ഉൾപ്പെടെയുള്ള സമുദായങ്ങളിൽ മരുമക്കത്തായമുണ്ടായിരുന്നു. അതുപോലെ ഇവിടത്തെ വിശ്വകർമ്മജരായിട്ടുള്ള ആളുകൾ അവിടെ പെൺകുട്ടി ചെന്നുകഴിഞ്ഞാൽ കുടിവയ്ക്കുക എന്നുള്ളതുണ്ടായിരുന്നു. വിവിധ വിഭാഗങ്ങളുടെ യിടയിൽ വിവിധ തരത്തിൽ ഓരോ മേഖലയുടെ അടിസ്ഥാനത്തിൽ customary ആയിട്ടുള്ള succession നിലനിന്നിരുന്നു. ഇതൊക്കെ ഒരുപാട് കേസുകൾക്ക് ഇടവരും. ഈ കേസുകളുടെയെല്ലാം ഫലം, ഒരുമാതിരിപ്പെട്ട ഹിന്ദുക്കളുടെയെല്ലാം സ്വത്തുക്കൾ അന്യാധീനപ്പെടാൻ ഈ കേസുകളൊക്കെ കാരണമായി എന്നുള്ളതാണ് സത്യം. പിന്നീട് 1956-ലെ ഹിന്ദു പിൻതുടർച്ച നിയമം വന്നതോടു കൂടിയാണ് ഇതിനൊരു ഐക്യരൂപമുണ്ടായത്. അതുകൊണ്ട് കേസുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവെന്നുള്ളതു തന്നെയാണ് സത്യം. എന്നിരുന്നാൽപ്പോലും ധാരാളം കേസുകൾ ഇപ്പോഴും സ്വത്ത് സംബന്ധമായി നിലനിൽക്കുന്നുണ്ടെന്ന യാഥാർത്ഥ്യം നമുക്ക് മറച്ചുവയ്ക്കാൻ കഴിയില്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, Settled ആയ issues എല്ലാം open ചെയ്യാൻ സാധിക്കുമോ?

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, ഇതിനെ സംബന്ധിച്ച് സുപ്രീംകോടതിയിൽ ചില കേസ്സുകൾ വന്നു. 1956-ലെ നിയമം വന്നപ്പോഴും കുടുംബ സ്വത്തിൽ പെൺകുട്ടികൾക്ക് തുല്യാവകാശം ഉണ്ടായിരുന്നില്ല. കുടുംബ സ്വത്തിൽ പുരുഷന്മാർക്കുള്ളതുപോലെ തുല്യാവകാശമില്ലാത്ത സാഹചര്യത്തിൽ 2005-ൽ ഒരു ഭേദഗതി വന്നു. 2005-ലെ ഭേദഗതിയിൽ on and from the commencement of the Act എന്നാണ് അത് നടപ്പിലായ ദിവസത്തെ സംബന്ധിച്ച് പറഞ്ഞത്. അതായത് സ്ത്രീക്ക് കുടുംബ സ്വത്തിൽ  പുരുഷനോടൊപ്പം അവകാശം ലഭിക്കുന്നത് ആ ആക്ട് നിലവിൽ വന്ന 9th September 2005, ആ ദിവസമാണ് വരുന്നത്. അങ്ങനെ അവകാശം ലഭിക്കണമെങ്കിൽ ആ കുടുംബ സ്വത്തിന്റെ കുടുംബനാഥൻ 9th September 2005 ൽ ജീവിച്ചിരിക്കണം. അതിനുമുമ്പ് മരിച്ചാൽ കിട്ടില്ല. ഇതിനെ സംബന്ധിച്ചാണ് കേസ്സുണ്ടായത്. കേസ്സുണ്ടായപ്പോൾ, The Supreme Court has said that a daughter's right of ancestral property does not arise if the father died before the amendment to Hindu Law came into force in 2005. അതിനെ സംബന്ധിച്ച് പറഞ്ഞു ഇത് ഒരു ജെണ്ടർ ഇഷ്യൂവായതുകൊണ്ടും ഇത്തരം നിയമങ്ങൾ വരുമ്പോഴും......

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, നല്ല ഉദ്ദേശത്തോടുകൂടിയുള്ള

ഭേദഗതിയാണെങ്കിൽപ്പോലും എന്റെ ഒരു ആശങ്ക ഞാൻ പങ്കുവയ്ക്കുകയാണ്. നേരത്തെ അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ മകൻ മരിച്ച്, മകന്റെ സ്വത്തിന്റെ വിഹിതം class A share holder ആയിട്ടുള്ള അമ്മയിലേയ്ക്ക് വന്നു. അപ്പോൾ അമ്മ absolute owner ആയിക്കഴിഞ്ഞാൽ പിന്നീട് നിലവിലുള്ള Succession നിയമമാണ് അമ്മയുടെ സ്വത്ത് അമ്മ intestate ആയി മരിക്കുമ്പോൾ വിതരണം ചെയ്യുമ്പോൾ ബാധകമാക്കേണ്ടത്. Hindu Succession Act എന്ന് പറയുന്നത് സെൻട്രൽ enactment ആണ്. നമ്മുടെ സ്റ്റേറ്റിൽ മാത്രം ഇങ്ങനെയൊരു ഭേദഗതി വച്ചാൽ, absolute owner ആയ അമ്മയുടെ സ്വത്തിൽ എല്ലാവർക്കും അവകാശമുണ്ട്. മകന്റെ ഒരു വിഹിതം അമ്മയിലേയ്ക്ക് വന്നുകഴിഞ്ഞാൽ അമ്മയുടെ കോമൺ സ്വത്തിന്റെ ഭാഗമായി അത് മാറി. ഈ ഒരു ഷെയർ മാത്രം തിരിച്ച് മരിച്ചുപോയ മകന്റെ അനന്തരാവകാശികൾക്ക് തിരിച്ചുകൊടുക്കുകായെന്നുള്ളത് പ്രായോഗികമല്ല, തന്നെയുമല്ല അതുസംബന്ധിച്ച് വലിയ കൺഫ്യൂഷനുമുണ്ടാകും. അതിനപ്പുറം ഇത് നിയമപരമായി നിലനിൽക്കുമോ? ഒരു absolute owner ലേയ്ക്ക് അമ്മ വന്നു. അമ്മയുടെ പൊതു സ്വത്തിലേയ്ക്ക് വന്ന ഒരു സംഗതി......... ഈ പറയുന്ന ഭേദഗതി നല്ലതാണ്. ഈ പറയുന്ന ഒരു ഭേദഗതികൊണ്ട് അത് നിലനിൽക്കുമോ; അതിന് നിയമപരമായ സാധ്യതയുണ്ടാകുമോയെന്ന ഒരു ആശങ്ക ഞാൻ

പ്രകടിപ്പിക്കുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഒരിക്കൽ ഒരു absolute owner ആയ ഒരാളിന്റെ absolute ownership നിയമംമൂലം ഇല്ലാതാക്കാൻ കഴിയുമോയെന്നുള്ള കാര്യമാണ് അങ്ങ് ചോദിച്ചത്. പക്ഷേ ഇത് യഥാർത്ഥത്തിൽ immovable property യെ സംബന്ധിച്ചാണ്. Immovable property transfer ചെയ്തുകഴിഞ്ഞാൽ അതിന് വ്യക്തതയുണ്ട്, മറ്റ് പ്രോപ്പർട്ടിയുമായി ഇത് മെർജ് ചെയ്യുന്നില്ല. ഈ വകുപ്പ് പ്രകാരം കിട്ടിയ വസ്തുവെന്ന് പറയുമ്പോൾ അത് separate ആണ്, identifiable ആണ്, അത് തിരിച്ചുപോകുന്നതിന് മറ്റ് നിയമത്തിന്റെ പ്രശ്നങ്ങളൊന്നുമില്ല.

ശ്രീ. വി. റ്റി. ബൽറാം: സർ, ഇങ്ങനെ അമ്മയിലേയ്ക്ക് വന്നുചേർന്ന സ്വത്ത് അമ്മ കൈമാറ്റം ചെയ്തോ അല്ലെങ്കിൽ വിൽപ്പന നടത്തിയോ അമ്മയുടെ പൊതു സ്വത്തിലേയ്ക്ക് കൂട്ടതലാക്കി കൂട്ടിച്ചേർത്താൽ അത് പിന്നീടുള്ള വിഭജനത്തിൽ ബുദ്ധിമുട്ടാകില്ലേ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ആ സ്വത്ത് വിറ്റ് കഴിഞ്ഞാൽ സംഗതി പോയി. പിന്നെ തിരിച്ച് വേറെ പ്രോപ്പർട്ടി വാങ്ങിയാലും എന്ത് വാങ്ങിച്ചുകഴിഞ്ഞാലും ഇത് വിറ്റാൽ വിറ്റു. അതിനകത്ത് വേറെ കാര്യമൊന്നുമില്ല. അല്ലെങ്കിൽ ഇത് വിറ്റ പണം കൊണ്ടാണ് വാങ്ങിക്കുന്നതെന്ന് ആധാരത്തിൽ

പറഞ്ഞുകഴിഞ്ഞാൽ പ്രശ്നമില്ല. ഇതിനകത്ത് retrospective effect-നെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്.

ശ്രീ. ജി. സുധാകരൻ: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഈ നിയമം പാസ്സാക്കിയാലും self defeating ആയിരിക്കും. ആ വീട്ടിൽ കുശാഗ്ര ബുദ്ധികളുണ്ടെങ്കിൽ അമ്മയെക്കൊണ്ട് വിൽപ്പിച്ചിട്ട് വേറെ സ്വത്ത് വാങ്ങിക്കും. ഇത് ഇങ്ങനെ സംഭവിക്കാൻ പോവുകയാണ്. Self defeating ആണ്. ഒന്നുംകൂടി കോംപ്ലിക്കേറ്റഡ് ആവുകയാണ്. അങ്ങ് പറഞ്ഞ കാര്യം ശരിയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇതിനകത്ത് നമ്മൾ ഏത് നിയമം വന്നുകഴിഞ്ഞാലും ആ നിയമത്തിന്റെ പഴുതുപയോഗിച്ച് പലതും ചെയ്യാനായി അങ്ങ് പറഞ്ഞ കുശാഗ്രബുദ്ധികൾ പലപ്പോഴും പലതും ചെയ്യും. നമ്മൾ ഒരു നിയമം ഉണ്ടാക്കുമ്പോൾ ആ നിയമത്തെ വളരെ പോസിറ്റീവായി കണ്ടുകൊണ്ട് യഥാർത്ഥത്തിൽ ഇപ്പോഴുള്ള discrimination ഉം injustice ഉം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നിയമമായിട്ടേ ഇതിനെ കാണാൻ കഴിയൂ.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഒരു മകൻ intestate ആയി മരിച്ചാൽ അദ്ദേഹത്തിന്റെ സ്വയാർജ്ജിതമായാലും കുടുംബ പ്രോപ്പർട്ടിയിൽനിന്ന് കിട്ടിയ ഓഹരി ആയാലും അതിലെല്ലാം ഒരു ഓഹരി ഭാര്യയ്ക്കും മക്കൾക്കും അമ്മയ്ക്കും കൂടി

കിട്ടും. അമ്മയ്ക്ക് കിട്ടുന്നത് intestate ആയി മരിച്ചാൽ തിരിച്ച് ഇവർക്ക് പോകണമെന്നുള്ളതാണ്. അതിനകത്ത് ഒരു clause വച്ചാൽ കുറച്ചുകൂടി വ്യക്തതയുണ്ടാകില്ലേ? മരണംവരെ കൈവശംവയ്ക്കാനും മരണശേഷം ഈ കുട്ടികൾക്ക് തന്നെ പോകത്തക്ക വിധത്തിലുള്ള clause വച്ചാൽ കുറച്ചുകൂടി വ്യക്തത വരില്ലേ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, നമുക്ക് reasonable restriction മാത്രമേ transferable property ക്കകത്ത് ചെയ്യാൻ കഴിയൂ. ആ reasonable അല്ലാത്ത restriction വച്ചുകഴിഞ്ഞാൽ ആ റെസ്ട്രിക്ഷൻ നിയമത്തിന്റെ മുമ്പിൽ നിൽക്കില്ല. Clause 1 heirs-നകത്ത് ഒരു പ്രോപ്പർട്ടി കൊടുക്കുകയും കൊടുക്കുന്നതിൽനിന്ന് വ്യത്യസ്തമായി അതിനകത്ത് അനുഭവിക്കുന്നതിന് ഒരു നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുന്നത് unreasonable restriction ആണ്. ആ unreasonable restriction നമുക്ക് ചെയ്യാൻ കഴിയില്ല. Retrospective effect-നെ സംബന്ധിച്ച് 2005-ലെ അമെന്റ്മെന്റുമായി ബന്ധപ്പെട്ട കാര്യമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. ഇതിനെ സംബന്ധിച്ച് വിവിധ ഹൈക്കോടതികളിൽ കേസ്സുണ്ടായി. ഹൈക്കോടതികളിലെ പല കേസിനകത്തും ഇതിന് retrospective effect ഉണ്ടെന്ന് വിധിക്കുകയുണ്ടായി. ഈ കേസുകളുടെയെല്ലാം തീരുമാനമാണ് സുപ്രീംകോടതിയിൽ

ഡിവിഷൻ ബെഞ്ചിന്റെ മുമ്പാകെ വന്നത്. ഡിവിഷൻ ബെഞ്ചിൽ, The apex court ruling overrules some High court judgements which say that the amendment being in the form of a gender legislation should apply retrospectively for the sake of removing discrimination. Even a social legislation cannot be given retrospective effect unless so provided for or so indented by the legislation. അതായത് ആ retrospective effect എന്ന് പറയാത്തിടത്തോളം കാലം അത് retrospective ആയി പോകാൻ കഴിയില്ല. ഇവിടെ Then and there on the commencement of the Act എന്നാണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. എം. ഉമ്മർ: സർ, Legislature intention ഇല്ലെങ്കിൽ എന്നല്ല പറയുന്നത്. Legislatur-ൽനിന്ന് ഒരു intention ഉണ്ടായിക്കൂടെ; Retrospective effect കൊടുക്കണമോയെന്നുള്ള കാര്യത്തിൽ നേരത്തെ പറഞ്ഞതുപോലെ നിരുപദ്രവമായ, set apart ചെയ്യാത്ത പ്രോപ്പർട്ടി ഒരു അമ്മ മരിച്ചുപോയി, മറ്റ് അവകാശികൾക്ക് പോയിട്ടില്ല, ഒരു bonafide purchaser വാങ്ങിയിട്ടില്ല, അങ്ങനെ കിടക്കുന്ന അമ്മയുടെ പേരിലുള്ള ഭൂമിയാണെങ്കിൽ അമ്മയുടെ മരണ തീയതി ഈ commencement വരുന്നതിന് മുമ്പാണ് മരണപ്പെട്ടതെങ്കിലും property set apart ചെയ്തിട്ടില്ലെങ്കിൽ ഒരു proviso വച്ചാൽ അതിന്റെ ആനുകൂല്യം ഇങ്ങനത്തെ

കുടുംബത്തിന് ലഭിക്കില്ലേ? Provided എന്നുപറഞ്ഞുകൊണ്ട് മറ്റുള്ളവർക്ക് effect ചെയ്യാത്ത വിധത്തിൽ ഒരു വ്യക്തത clause-ൽ കൊടുത്തുകൊണ്ട് ഒരു proviso വച്ച്, partition നടത്താത്ത പ്രോപ്പർട്ടിയെങ്കിലും നിലവിലുള്ള ആളുകൾക്ക് ലഭിക്കത്തക്ക വിധത്തിൽ ഒരു ഭേദഗതി വരുത്തിയാൽ അതിന് ഗുണം ഉണ്ടാകും. ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. കെ. ശിവദാസൻ നായർ: സർ, എന്റെ അഭിപ്രായത്തിൽ ഇതിനെ സംബന്ധിച്ച് ഹൈക്കോടതിയിലും സുപ്രീംകോടതിയിലുമായി ഇപ്പോൾ പെന്റിംഗായ കുറേ കേസുകളുണ്ടാകും. യഥാർത്ഥത്തിൽ ഈ നിയമം കൊണ്ട് ആ പെന്റിംഗ് കേസുകൾക്കകത്തൊന്നും അതിന്റെ ആനുകൂല്യങ്ങൾ ആ കക്ഷികൾക്ക് ലഭിക്കുന്നില്ല. യഥാർത്ഥത്തിൽ നമ്മുടെ intention clear ആണെങ്കിൽ ആ പെന്റിംഗ് കേസുകൾക്കകത്തുള്ള clients നും ഇതിന്റെ ആനുകൂല്യം ലഭിക്കുന്നതിന് വേണമെങ്കിൽ proviso ചേർക്കുന്നതിൽ തകാരാറുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അതുപോലെ അതിനകത്ത് നേരത്തെ intestate ആയി നിലവിലുള്ള നിയമം അനുസരിച്ച് absolute owner, mothers -ന്റെ class I heirs -ൽ പോയി അന്യാധീനപ്പെട്ടുപോയി അല്ലെങ്കിൽ വിറ്റു അല്ലെങ്കിൽ വേറെ കാരണങ്ങളുണ്ടാക്കി പല തരത്തിൽ പോയി ഇതൊക്കെ റീ ഓപ്പൺ ചെയ്യാൻ പോയി കഴിഞ്ഞാൽ we

are opening a flood gate. നമുക്ക് ഒരു കാരണവശാലും അനുവദിക്കാൻ പറ്റില്ല. എന്നാൽ നമുക്ക് വേണമെന്നുണ്ടെങ്കിൽ ഇപ്പോൾ നിലവിലുള്ള litigations അവസാനിപ്പിക്കുന്നതിന്.....നിലവിലുള്ള litigations എന്നുപറഞ്ഞാൽ, വർഷങ്ങളോളമുള്ള litigations ഇപ്പോഴും നിലനിൽക്കുന്നുണ്ടെങ്കിൽ, ഇന്ത്യയിലെ ഏതെങ്കിലും നീതിന്യായ കോടതികളിൽ ഇപ്പോൾ നിലനിൽക്കുന്ന പെന്റിംഗ് ലിറ്റിഗേഷൻസിനകത്ത് ഈ proviso യോടുകൂടി ഈ സെക്ഷനിലെ ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന ഒരു വാക്ക് ചേർക്കുന്നത് നല്ലതായിരിക്കും എന്നാണ് എന്റെ അഭിപ്രായം. ആ നിലയിൽ കൂടി ആലോചിക്കുന്നത് നല്ലതായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഈ പ്രമേയം മൂവ് ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ നിയമത്തിന് പൊതുവെ സഭയുടെ എല്ലാ ഭാഗത്തുനിന്നും പ്രസംഗിച്ചവർ ചുരുക്കമാണെങ്കിലും ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ചോദ്യങ്ങളും സംശയങ്ങളും ഉന്നയിച്ചവർ പലരുമുണ്ട്. അതിൽനിന്നും സഭയുടെ എല്ലാ ഭാഗത്തുനിന്നും യോജിക്കുന്ന ഒരു നിയമമാണ് ഇതെന്ന് വ്യക്തമായി. തെറ്റായ ഒരു കാര്യം പൂർണ്ണമായും പരിഹരിക്കുന്നതിനുവേണ്ടിയുള്ള അമെന്റ്മെന്റാണിത്. ഇവിടെ പറഞ്ഞതുപോലെ ഈ നിയമം പാസ്സായാലും ഇതിനെ ഡിഫീറ്റ് ചെയ്യാനുള്ള എന്തെങ്കിലും

ഉണ്ടാകുമോയെന്ന് പ്രകടിപ്പിച്ച സംശയത്തെ ഞാൻ തള്ളിക്കളയുന്നില്ല. നിയമപരമായി നിലനില്ക്കുന്ന ഒരു തെറ്റ് ഇതിലൂടെ പരിഹരിക്കാൻ സാധിക്കും. ഇവിടെ പറഞ്ഞ പല കാര്യങ്ങളിലും.... ഇവിടെ അമ്മയ്ക്ക് കിട്ടുന്ന ഈ അവകാശം പൂർണ്ണമായ അവകാശമാണ്. ആ അവകാശം അനുഭവിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ അവർക്ക് ഏതു കാര്യത്തിലും തീരുമാനം എടുക്കാം. അതിനൊരു നിയന്ത്രണം കൊണ്ടുവരുന്നത് ശരിയല്ല. അങ്ങനെയുള്ള സാഹചര്യത്തിൽ ഈ നിയമത്തെ മറികടക്കാൻ എന്തെങ്കിലും ചെയ്യുമോയെന്ന് ചോദിച്ചാൽ അതിനുള്ള സാധ്യതകളുണ്ട്. നിയമപരമായി ഇന്നുള്ള ഒരു തെറ്റ് തിരുത്താൻ സാധിക്കുന്നു എന്ന് നമുക്ക് ആശ്വസിക്കാം. അതുപോലെ മുൻകാലപ്രാബല്യം, ഇങ്ങനെ നഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളവരുണ്ട്. മുൻകാലപ്രാബല്യം എന്നുള്ളതിന് നിയമപരമായ തടസ്സവും പ്രായോഗികമായിട്ടുള്ള ബുദ്ധിമുട്ടുകളും നിലനില്ക്കുന്നതുകൊണ്ട് മുൻകാലപ്രാബല്യം ഇതിന് സാധ്യമാകുമെന്ന് തോന്നുന്നില്ല. ഇപ്പോഴെങ്കിലും ഒരു നീതി ലഭിക്കത്തക്കവിധത്തിൽ ആ കുടുംബത്തിന് ആവശ്യമായിട്ടുള്ള ഭേദഗതി കൊണ്ടുവന്നുവെന്ന് ആശ്വസിക്കാം. ഈ ബില്ല് സബ്ജക്ട് കമ്മിറ്റിക്ക് വിടാനുള്ള പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. കെ.രാജു, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ്

ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാജു: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ശിവദാസൻ നായർ, അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. രാജു അവതരിപ്പിച്ച 1 (എ) ഭേദഗതിയും ശ്രീ. കെ. ശിവദാസൻ നായർ, അവതരിപ്പിച്ച 2 (ബി) ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2015-ലെ ഹിന്ദു പിന്തുടർച്ച (കേരള ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ...ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന്

വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ഡിസംബർ മാസം 2-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 3.24-ന് പിരിഞ്ഞു.)

**************